# حقيقة الوحي

## سيدنا مرزا غلام أحمد القادياني

## المسيح الموعود والإمام المهدي عليه السلام

*(MALAYALAM TRANSLATION)*

*Translated from Arabic by*

**R. JAMALUDIN RAOTHER**

*(A Humble Disciple of Hazrat Munir Ahmad Azim (as) Khalifathullah & Mujaddid of the 15th Century Hijra, Holy founder of Jamaat-ul-sahih-al-islam. International)*

---

# Haqiqat-ul-Wahy

## (PART-1)

*By: Hadrat Mirza Ghulam Ahmad (Peace be on him), the Promised Messiah and Mahdi, Founder of the Ahmadiyyah Muslim Jama'-at.*

---

# ദിവ്യവെളിപാടുകളുടെ യാഥാർത്ഥ്യം

## (ഭാഗം-1)

ഹസ്രത് മിർസാഗുലാം അഹ്മദ് (അ)

**മലയാള പരിഭാഷ**

**ആർ. ജമാലുദ്ദീൻ റാവുത്തർ**

(അന്തർദേശീയ, ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിന്റെ സ്ഥാപകരും, ഹിജ്റ 15-ാം നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്‌യും മുജദ്ദിദുമായ ഹസ്രത്ത് മുനീർ അഹ്മദ് അസീം(അ)ന്റെ നിർദ്ദേശാനുസരണം വിനീത ശിഷ്യൻ)

*In the name of Allah, Most Gracious Ever Merciful*

# INTRODUCTION

"Haqiqat-ul-Wahy" is one of the most remarkable works of the Promised Massih and Mahdi Hazrat Mirza Ghulam Ahmad (as) of Qadian (1835-1908 CE). Written in May 1907 in Urdu and Arabic; the Book in many ways consolidates the saintly author's life time of engagement with, and profound study of, the spirtiual phenonmenon of Divine revelations. In the social and religious context (of India and elsewhere) where dreams and other psychic phenomenon that the humans experience often confuse common people about the true nature of spiritual illumination and mislead them into giving credence to psychic illusions and there is a crying need for clear guidance on how to distinguish between false claimants and the Divinely-imbued souls in the path of the Exalted Being; the Promised Massih (as) makes this important contribution to our collective understanding on mystical realities surrounding dreams, visions and revelations.

Expalining the rationale for writing the Book, the Promised Massih (as) states: *"I felt the need to write this book because during this age a grave evil has arisen—in the very same manner that hundreds of other kinds of evils and innovations have arisen—and it is that most people are unaware of the stage and condition in which a dream or revelation can be worthy and reliable, and the circumstances in which there lies the danger that those may be the words of Satan, not God—or the speaking of the self, not the speaking of the Lord. It ought to be remembered that Satan is a staunch enemy of man. He wants to destroy man through diverse means. It is entirely possible that a dream be true and yet emanate from Satan, and it is possible that a revelation be true and yet originate from Satan, because although Satan is the greatest liar, he sometimes deceives by saying something true in order to snatch one's faith....it is a pity that there are many people who are still seized in the clutches of Satan, and yet, trusting their dreams and revelations, seek to give glory to their false doctrines and corrupted religions through those dreams and revelations....Therefore, I thought it proper to pen this treatise to distinguish truth from falsehood."* (pp.5-6; emphasis added)

The present work, entitled *"Haqiqat-ul-Wahy- Part I"* is a Malayalam Translation of the first three Chapters of the Book. In the words of the writer himself:

"*Chapter I relates to those people who occasionally experience true dreams or revelations, but do not enjoy a relationship with God in the least. Chapter II relates to those people who occasionally experience true dreams or revelations and have some relationship with God—though not to a great extent. Chapter III relates to those people who receive revelation from God Almighty in its purest and most perfect form and who are honoured with divine communion and discourse in all its perfection. Such people experience dreams that are as clear as daybreak. Like God's chosen Prophets and Messengers, they have a most perfect,consummate, and pure relationship with God Almighty."*(p.9)

The Malayalam Translation of the present book from the Arabic is accomplished by Mukarram Amir Jamaluddin Raother Saheb of the Jamaat Ul Sahih Al Islam, South Kerala. The spiritual and intellectual inspiration to accomplish this work came from our Holy Imam- Jamaat Ul Sahih Al Islam, Hazrat Muhyi-ud-Din Al Khalifatullah Munir Ahmad Azim Saheb (atba) of Mauritius. Hazrat Saheb (atba) gave a far-sighted instruction to the Kerala Jamaat to initiate the Translation of this important work of the Promised Massih (as) into Malayalam at a moment in history when the Jamaat-e-Ahmadiyya (Qadian), despite its vast resources and networks of scholars within the Nizam-e-Jamaat and also in Kerala, is yet to execute the publication of all books of the Promised Massih (as) in the language. *Alhamdulillah,* the Jamaat Ul Sahih Al Islam in Kerala has the pleasure and privilege of accomplishing this unfinished task, albeit not fully but in an important way now. Indeed, the translation of the remaining parts of the work is in progress and in the meanwhile, we are pleased to present the first installment of this spiritually-elevating Book before the Malayalam-reading public, *Summa Alhamdulillah.*

Safar 1440 AH/
October 2018

Hazrat Mukarram Fazil Jamal
Jamaat Ul Sahih Al Islam International

# ما هو تأثير هذا الكتاب؟

## What is the importance of this book ?

## ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം എന്ത് ?

വാഗ്ദത്ത മസീഹായ ഈ വിനീതദാസൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വ്യക്തമായ തെളിവുകളാൽ സ്ഥാപിക്കപ്പെട്ട അമൂല്യഗ്രന്ഥമാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന **ഹഖീഖത്തുൽ വഹ്‌യ് അഥവാ ദിവ്യവെളിപാടുകളുടെ യാഥാർത്ഥ്യം.** ഏതെങ്കിലും ഒരു പോയിന്റിൽ മാത്രം തൃപ്തനാകാതെ സമ്പൂർണ്ണമായ തെളിവുകളാലും, സത്യങ്ങളാലും, സമഗ്രമാക്കപ്പെട്ട ഗ്രന്ഥമാണിത്. ഇത് തന്നെയാണ് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയും. ഈ ഗ്രന്ഥത്തിന്റെ മറ്റൊരു പ്രത്യേകത ഇസ്‌ലാം ദീൻ ജീവിച്ചിരിക്കുന്ന മതമാണെന്ന്, ഇതിലൂടെ തെളിയിക്കപ്പെട്ടിരിക്കുന്നു; ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്ന് വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്ന എല്ലാ ജനങ്ങൾക്കും; പ്രത്യേകിച്ച് ആര്യ സമാജക്കാർ, ബ്രഹ്മസമാജക്കാർ അവർ, ഏകത്വത്തിൽ ദൃഢമായി വിശ്വസിക്കുന്നവരാണ്. ഓരോ പരമാണുവിലും ദൈവ സാന്നിദ്ധ്യവും നിത്യതയും ഉണ്ടെന്നു കരുതുന്നവർ. ജീവിച്ചിരിക്കുന്ന അല്ലാഹു ഉണ്ട് എന്ന് തെളിയിക്കുവാൻ, വ്യക്തമായ തെളിവുകൾ മുന്നോട്ടു വെയ്ക്കുവാൻ ഈ ജനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അല്ലാഹു ഉണ്ട് എന്ന് പറയുന്നതുകൊണ്ട് അവരുടെ ഹൃദയങ്ങൾക്ക് ശാന്തി ലഭിക്കുകയില്ല. പങ്കുകാരില്ലാത്ത ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന അവരുടെ വാദം, അർത്ഥ ശൂന്യമായ ഒരു വാദം മാത്രമാണ്. അത്രമാത്രം. അവരുടെ ഹൃദയങ്ങളിൽ, യഥാർത്ഥമായ ഏക ദൈവത്തിന്റെ ചായം മതിയാവോളം വർഷിക്കുവാൻ അവരുടെ ഈ അംഗീകാരം കൊണ്ട് മതിയാവുകയില്ല. സത്യാധിഷ്ഠിതമായി അല്ലാഹു ഉണ്ട് എന്ന് വിശ്വസിക്കുവാൻ അവർക്ക് ഭാഗ്യമില്ലാതെ പോയി. പരിശുദ്ധനും പരമോന്നതനുമായവൻ എന്ന് വിശ്വസിക്കുവാൻ അവർക്ക് ഭാഗ്യമില്ലാതെ പോയി. പരിശുദ്ധനും പരമോന്നതനുമായവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ് എന്ന അവരുടെ വിശ്വാസത്തെ അവഗണിക്കുക. അവരുടെ ഹൃദയങ്ങൾ അന്ധകാരത്തിൽ വഴിതെറ്റി അലയുകയാണ്.

നിങ്ങൾ ചിന്തിക്കുക! അദൃശ്യങ്ങളിൽ അദൃശ്യനായ അല്ലാഹുവിനെ പറ്റി അറിയുവാൻ മനുഷ്യനു സാദ്ധ്യമല്ല. അല്ലാഹു തന്റെ സത്ത പ്രഭാവത്തിന്റെ ആധിക്യത്താൽ തന്റെ ദൃഷ്ടാന്തങ്ങളിലൂടെ മാത്രമല്ലാതെ അവനെ സംബന്ധിച്ച് അറിയുവാൻ കഴിയുകയില്ല. ഒരു പ്രത്യേക രീതിയിൽ പരിശുദ്ധനും പരമോന്നതനുമായ അല്ലാഹുവിനോട് ബന്ധം സ്ഥാപിച്ചാലല്ലാതെ അല്ലാഹുമായി സത്യസന്ധമായി ബന്ധം വളർത്തുവാൻ കഴിയുകയുമില്ല. കഴിവുറ്റവനായ അല്ലാഹുവിൽ നിന്നുള്ള പ്രകാശം മനുഷ്യ ഹൃദയങ്ങളിൽ ഇറങ്ങിയാലല്ലാതെ ന്യൂനതകളിൽ നിന്നും മനുഷ്യനു മോചനമുണ്ടാവുകയില്ല.

നിങ്ങൾ പര്യാലോചിക്കുക! വിശുദ്ധ ഖുർ ആനെ പിന്തുടരുന്നതിലൂടെ മാത്രമെ ആ പരിശുദ്ധ ബന്ധം വളർത്തി എടുക്കുവാൻ സാധിക്കുകയുള്ളൂവെന്ന് ഞാൻ, ഞാനെന്ന, ദൃക്സാക്ഷിയെ നിങ്ങളുടെ മുമ്പാകെ നിർത്തുകയാണ്. മറ്റൊരു ഗ്രന്ഥത്തിലും, ജീവന്റെ ആത്മാവിനെ നിങ്ങൾ കണ്ടെത്തുകയില്ല. ആദരണീയമായ ഒരേ ഒരു ഗ്രന്ഥമായ വിശുദ്ധ ഖുർആനിലല്ലാതെ വാനലോകത്തിൻ കീഴെയുള്ള മറ്റൊരു ഗ്രന്ഥത്തിലും യഥാർത്ഥമായ സ്നേഹഭാജനത്തിന്റെ ആ തിരുമുഖം നിങ്ങൾ ദർശിക്കുകയില്ല.

എന്റെ ജനത എനിക്കെതിരിൽ തിരിച്ചു വിട്ട വിവിധങ്ങളായ എതിർപ്പുകളെ ഞാൻ മുഖവിലക്കെടുക്കുന്നില്ല. ഭീതിമൂലം അവരിൽ നിന്നും ഉണ്ടായ കൊടും വഞ്ചനകളെ ഞാൻ സത്യപാതയിൽ ഉപേക്ഷിക്കുകയാണ്. അവർ ചിന്തിക്കേണ്ടതാണ്, അല്ലാഹു(ത) ഒരു വ്യക്തിക്ക് അവന്റെ പക്കൽ നിന്നുള്ള ഉൾക്കാഴ്ച ഔദാര്യ പൂർവ്വം അവൻ നല്കുന്നു.

അവൻ തന്നെ അവന് നേർമാർഗ്ഗം കാണിച്ചു കൊടുക്കുന്നു. സംസാരത്തിലൂടെയും സംഭാഷണത്തിലൂടെയും അവൻ തന്നെ അവനെ ആദരിക്കുന്നു. ആയിരക്കണക്കിനു ദൃഷ്ടാന്തങ്ങളാൽ അവന്റെ സത്യതയെ അവൻ സാധൂകരിക്കുന്നു. ഈ സത്യസൂര്യനെ കാണിച്ചു കൊടുക്കാതിരിക്കുന്നതെങ്ങനെയാണ്? അല്പവും ചിന്തിക്കാതെ, വാശിയോടെ എതിർക്കുന്ന ഭാവനാ വിലാസക്കാരെ സത്യത്തെക്കുറിച്ച് പര്യാലോചിപ്പിക്കുവാൻ ശ്രമിപ്പിക്കേണ്ടതല്ലേ? ഞാനിവരെ ആരെയും വിലക്കെടുക്കുന്നില്ല. കാരണം എതിർക്കുന്നവർ ബാഹ്യവും ആന്തരികവുമായി എന്റെ ന്യൂനതകളെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ കറാമത്ത് (അത്ഭുത സിദ്ധി) വർദ്ധിക്കുന്നതല്ലാതെ അവർക്ക് മറ്റൊന്നും ചെയ്യാനുമാവുന്നുമില്ല. ഞാനെന്ന വ്യക്തിയിൽ അവർ കണ്ടെത്തിയ ന്യൂനതകളെ അവരുടെ വാക്കുകളിൽ ഇങ്ങനെ സ്വാംശീകരിക്കാം. കരാർ ലംഘകൻ, പെരുങ്കള്ളൻ, ഭജ്ജാൽ, കള്ളം കെട്ടിച്ചമയ്ക്കുന്നവൻ, വഞ്ചകൻ, നിഷിദ്ധഭോജി, ജനങ്ങളെ ഭിന്നിപ്പിക്കുന്നവൻ, കുഴപ്പമുണ്ടാക്കുന്നവൻ, തെമ്മാടി, ദുർവൃത്തൻ. ഏകദേശം 30 വർഷമായി അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുന്നവനാണ്, സജ്ജ്നങ്ങളെയും സത്യസന്ധന്മാരെയും ചീത്ത പറയുന്നവനാണ്; എന്റെ ജീവിതത്തിൽ, ഉപദ്രവങ്ങളും, തെറ്റുകളും, മോശമായതിലേക്ക് തിരിച്ചുവിടലും, ഞാനെന്ന ഭാവവും അല്ലാതെ മറ്റൊന്നും ഉണ്ടായിട്ടില്ല. ഞാനീ വ്യാപാര കേന്ദ്രം തുടങ്ങിയത് ജനങ്ങളെ വഞ്ചിക്കുവാൻ വേണ്ടിമാത്രമാണ്. അവർ കരുതുന്നതുപോലെ ഞാൻ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല (ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു) ഭൂമുഖത്ത് ഒരു ന്യൂനത കാണുന്നുണ്ടെങ്കിൽ അത് എന്നിലൂടെയല്ലാതെ മറ്റൊന്നിലും അവർ കാണുന്നില്ല. ഭൂമുഖത്തുണ്ടായിരിക്കുന്ന എല്ലാ ന്യൂനതകളും ഞാനെന്ന വ്യക്തിയിലൂടെയാണ്. ഞാനെന്ന വ്യക്തിയുടെ ആവിർഭാവത്തോടെയാണ് ഭൂമുഖത്ത് എല്ലാവിധ അന്ധകാരങ്ങളും നിറയപ്പെട്ടിരിക്കുന്നത് മാത്രമല്ല. അധർമ്മവഴിയിലൂടെ അനേകം ആളുകളുടെ ധനം അന്യായമായി ഞാൻ ഭക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അനേകം ആളുകളെ ഞാൻ തെറി പറഞ്ഞു കൊണ്ടിരിക്കുന്നു; അവരോ മലക്കുകളെപോലെ പരിശുദ്ധരും! എല്ലാ തെറ്റിന്റെയും, വഞ്ചനയുടെയും ഏറ്റവും കൂടിയ ഷെയർ എടുത്തിരിക്കുന്നത് ഞാനാണ്! ഞാനുമായി ഏറ്റുമുട്ടിയ മലക്കുകളെ പോലെ പരിശുദ്ധരായവരൊക്കെ എന്തേ നശിച്ചൊടുങ്ങിയത്? എന്താണാ രഹസ്യം? ഞാനോ കുറ്റക്കാരൻ, മോശക്കാരൻ, ചതിയൻ, പെരുങ്കള്ളൻ! ദൈവശാപത്തിനായി പരസ്പരം ഞാനുമായി പ്രാർത്ഥിച്ചവരൊക്കെ തകർത്തെറിയപ്പെട്ടു! എനിക്കെതിരായി പ്രാർത്ഥിച്ചവരുടെ പ്രാർത്ഥനകളൊക്കെ അവരുടെ മേൽ തന്നെ മടക്കപ്പെട്ടു! കോടതിയിൽ എനിക്കെതിരായി ഉയർത്തിയ പരാതികളൊക്കെ പരാജയപ്പെട്ടതെന്തേ? ഈ കാര്യങ്ങളുടെയെല്ലാം സ്ഥിരീകരണം ഉദാഹരണ സഹിതം ഈ ഗ്രന്ഥത്തിൽ, നിങ്ങൾക്കു തീർച്ചയായും കണ്ടെത്താം.

ആരാണോ എന്നെ നേരിട്ടത് അവരുടെ മുമ്പിൽ ഞാൻ നശിച്ചൊടുങ്ങേണ്ടത് അനിവാര്യമായിരുന്നില്ലേ? എന്റെ മേൽ ശിക്ഷയുടെ ഇടിനാദം ഇറങ്ങേണ്ടതായിരുന്നില്ലേ? എന്നാൽ യഥാർത്ഥത്തിൽ അതിന്റെ ആവശ്യം ഉണ്ടായില്ല. എന്നോട് നേരിട്ട ഓരോരുത്തരുടെയും നേരെ, അല്ലാഹു താൻ തന്നെ, കുറ്റവാളികളുടെ ശത്രുവായി തീരുകയാണുണ്ടായത്. ഞാൻ അല്ലാഹുവിന്റെ പേരിൽ താക്കീതു ചെയ്യുകയാണ്. നിങ്ങൾ ജാഗ്രതയുള്ളവരാവുക. എനിക്കെതിരിൽ നിങ്ങൾ തിരിഞ്ഞപ്പോൾ നിങ്ങൾക്ക് എന്തു ഫലമാണ് ഉണ്ടായതെന്ന് ചിന്തിക്കുക. എന്റെ മുമ്പിൽ പുണ്യവാളന്മാർ എന്ന് കരുതിയവർ നശിച്ചൊടുങ്ങിയതെന്തെന്നു ചിന്തിക്കുക. ഓരോ ഏറ്റുമുട്ടലിലും അല്ലാഹു എന്നെ രക്ഷിച്ചതെന്തെ? എന്നും ചിന്തിക്കുക. എന്റെ കറാമത്ത്/ആദരവ്/അത്ഭുത സിദ്ധി എന്തെന്ന് നിങ്ങൾക്ക് മനസ്സിലായില്ലേ? പരമോന്നതനായ അല്ലാഹുവിന് സ്തുതികളർപ്പിക്കുന്നു. എന്റെ മേൽചാർത്തിയ എല്ലാ തെറ്റുകുറ്റങ്ങളും എന്റെ കറാമത്തായി മാറിയതും നിങ്ങൾ കാണുന്നില്ലേ?

**Written by : Hazrat Mirza Gulam Ahmad (A)**

بسم الله الرحمن الرحيم

الحمد لله رب العالمين. والصلاة والسلام على خير رسله محمد وآله وأصحابه أجمعين.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ സർവ്വലോക രക്ഷിതാവായ അല്ലാഹുവിനു മാത്രമാണ് സർവ്വസ്തുതിയും പ്രവചകശ്രേഷ്ഠനായ മുഹമ്മദ്(സ) ന്റെയും അദ്ദേഹത്തിന്റെ കുടുബത്തിന്റെയും അനുചരന്മാരുടെയും മേൽ അല്ലാഹുവിന്റെ അനുഗ്രഹവും രക്ഷയും സദാ ഉണ്ടാകട്ടെ .ആമീൻ

ഈ ഗ്രന്ഥരചനയുടെ ആവശ്യകതയെക്കുറിച്ച് വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ കാലഘട്ടത്തിൽ ആയിരക്കണക്കിനു ഫിത്നകളും മറ്റു നൂതന കടന്നുകയറ്റങ്ങളും ഇസ്ലമിനെ ആവരണം ചെയ്തിരിക്കുകയാണ്. ജനങ്ങളിൽ ബഹുഭുരി ഭാഗവും അവർക്കുണ്ടാകുന്ന സ്വപ്നങ്ങളെയും, ബോധനങ്ങളെയുംക്കുറിച്ച് അജ്ഞരാണ്. അതിന്റെ അവസ്ഥ, സ്ഥാനം, വിശ്വാസയോഗ്യമാണോ, അതോ അല്ലേ, എന്നിവയെക്കുറിച്ചെല്ലാം ശരിയായ നിലയിൽ ബോധവാന്മാരും ബോധവതികളുമല്ല. ഗോപ്യമായ ഈ അവസ്ഥകളിലൂടെ ഉണ്ടാകുന്ന അപകടം വളരെ വലുതാണ്. ഗോപ്യമായി ലഭിക്കുന്ന ഈ വചനങ്ങൾ, പൈശാചിക വചനങ്ങളാണോ? ദൈവികവചനങ്ങളാണോ? അതോ നഫ്സിന്റെ സംഭാഷണമാണോ? അതല്ല രക്ഷിതാവിന്റെ സംഭാഷണമാണോ? ഈ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് നാം ഒരു കാര്യം അറിഞ്ഞിരിക്കണം. അതായത് പിശാച് മനുഷ്യന്റെ പ്രത്യക്ഷശത്രുവാണ്. ഭിന്നമാർഗ്ഗങ്ങളിലൂടെ അവനെ നശിപ്പിക്കുവാൻ പിശാച് തന്ത്രപ്രയോഗം നടത്തുന്നതാണ്. നല്ല സ്വപ്നങ്ങൾ ഒരാൾക്ക് ഉണ്ടാകാം. എന്നാൽ അത് പിശാചിൽ നിന്നുമാകാം. നല്ല ബോധനങ്ങൾ ഉണ്ടാകാം, അത് പൈശാചികമാകാം. പിശാച് അവൻ ചിലപ്പോൾ പെരുങ്കള്ളനായിതീരുന്നതാണ്. എന്നാൽ മറ്റുചിലപ്പോൾ സത്യം അറിയിച്ചുകൊണ്ട് അവനെ ചതിക്കുന്നതുമാണ്. അങ്ങനെ അവനിലെ ഈമാൻ നഷ്ടപ്പെടുത്തി കളയുന്നതാണ്. ഇനി സത്യമാർഗ്ഗത്തിൽ ചരിക്കുന്നവരും, കരാറുകൾ പൂർത്തിയാക്കുന്നവരും പരമോന്നതനായ അല്ലാഹുവിനോടുള്ള സ്നേഹത്താൽ കഴിയുന്നവരും, അവർ സമ്പൂർണ്ണതയുടെ പദിവിയിലെത്തുകയും അങ്ങനെയുള്ളവരുടെ മേൽ പിശാചിന് യാതൊരു സ്വാധീനവും ചെലുത്തുവാൻ സാധിക്കുകയുമില്ല. കാരണം അല്ലാഹു(ത) പറയുന്നു എന്റെ ദാസൻന്മാരുടെ മേൽ നിനക്ക് യാതൊരു അധികാരവും ഉണ്ടായിരിക്കുകയില്ല. അവരുടെ മേൽ പരമോന്നതനായ അല്ലാഹുവിന്റെ അനുഗ്രഹവർഷം പെയ്തിറങ്ങുന്നതാണ് എന്നതാണതിന്റെ അടയാളം. അല്ലാഹുവിന്റെ പക്കൽ അവരുടെ ആയിരക്കണക്കിന് പ്രാർത്ഥനകൾ സ്വീകരിച്ചതായി നിനക്ക് കണ്ടെ ത്തുവാൻ കഴിയുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ഗ്രന്ഥത്തിൽ ഞാൻ അതെല്ലാം ചേർക്കുന്നതാണ്.

ഖേദകരമെന്നു പറയട്ടെ! ജനങ്ങളിൽ ബഹുഭൂരിഭാഗവും പിശാചിന്റെ പിടിയിലമർന്നിരിക്കുകയാണ്, അതോടൊപ്പം അവർ തങ്ങളുടെ സ്വപ്നങ്ങളെയും ബോധനങ്ങളെയും ആശ്രയിച്ചിരിക്കുകയാണ്. അവരുടെ പിഴച്ച മാർഗ്ഗങ്ങളെയും തെറ്റായ വിശ്വാസങ്ങളെയും, സ്വപ്നബോധന മാധ്യമങ്ങളിലൂടെ അവ്യക്തമാക്കുകയാണ് ചെയ്യുന്നത്. എന്നാൽ അവർ സ്വപ്നബോധന മാധ്യമങ്ങളെ ഒരു തെളിവായി സമർപ്പിക്കുകയാണ്. അഥവാ ഈ സ്വപ്ന ബോധനങ്ങളെ ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നതിലൂടെ

യഥാർത്ഥ ദീനിനെ മറച്ചുവയ്ക്കുവാനാണ് അവർ ഉദ്ദേശിക്കുന്നത്. അല്ലെങ്കിൽ പരിശുദ്ധരായ അല്ലാഹുവിന്റെ പ്രവാചകന്മാരെ ജനങ്ങളുടെ മുമ്പാകെ സാധാരണ ആളുകളായി ചിത്രീകരിക്കുകയാണ് ചെയ്യുന്നത്. സ്വപ്നങ്ങളുടെയും ബോധനങ്ങളുടെയും സഹായത്താൽ യഥർത്ഥ ദീനാണ് എന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുകയാണവർ. സത്യദീനാണെങ്കിൽ അത് പരിശോധനാവിധേയമാക്കേണ്ടതാണ്. എന്നാൽ അതിനുപകരം അവർ ദുർബലമായ വിശദീകരണങ്ങളാണ് നിരത്തുന്ന്. ഒരു വ്യക്തിയുടെ സത്യസന്ധത അഥവാ ദീനിന്റെ സത്യത അളക്കുവാനുള്ള പിടിവള്ളിയല്ല സ്വപ്നങ്ങളും ബോധനങ്ങളും. അതിലൂടെ അത് സ്ഥാപിക്കാവതുമല്ല. തങ്ങളുടെ നഫ്സുകളെ മഹത്വവൽക്കരിക്കുവാനും, സ്വയം വലിയവനാണ് എന്നു കാണിക്കുവാനും തങ്ങളുടെ സ്വപ്നങ്ങളെ എടുത്തുപയുന്നവരും അവരിലുണ്ട്. അവർ കണ്ട സ്വപ്നങ്ങളും, ബോധനങ്ങളും അവയിൽ ചിലത് സത്യമായി പുലർന്നാൽ, അത് മതി അവർക്ക്. അതിന്റെ മേൽ അവർ നേതാക്കന്മാരും ദൂതന്മാരുമായി മാറുന്നു. അവർ സ്വയം അതു പ്രഖ്യാപിക്കുന്നു. നാടുകളിൽ വ്യാപിച്ച ഭയാനകമായ കുഴപ്പങ്ങൾക്ക് ഇവയിൽ ചിലത് കാരണമായിട്ടുണ്ട്. സത്യസന്ധതയ്ക്കും, സത്യവിശ്വാസത്തിനും പകരം വഞ്ചനയും പൊങ്ങച്ചവും നടമാടി. ഈ സാഹചര്യത്തിൽ സത്യവും അസത്യവും എന്തെന്ന് തിരിച്ചറിയുവാൻ ഇത്തരത്തിലൊരു ഗ്രന്ഥത്തിന്റെ ആവശ്യകത മനസ്സിലാക്കുകയും അതേ തുടർന്ന് ഈ ഗ്രന്ഥം രചിക്കുകയുമാണ് ഉണ്ടായത്. ചിന്താശക്തി കുറഞ്ഞ ആളുകൾ ഇവരുടെ വലയിൽ വീഴുന്നതായി ഞാൻ കണ്ടു. പ്രത്യേകിച്ചും അവർ **സൈദിനെ** കണ്ടപ്പോൾ, അവന്റെ സ്വപ്നത്തിന്റെയും ബോധനത്തിന്റെയും വെളിച്ചത്തിൽ ചിലതു പറഞ്ഞപ്പോൾ, **ബക്കറിനു**ണ്ടായ ബോധനത്തിന്റെ വെളിച്ചത്തിൽ ബക്കർ ചിലതുപറഞ്ഞപ്പോൾ, സൈദ് ബക്കറിനെ നിഷേധിച്ചു. മൂന്നാമതൊരു വ്യക്തി ഇവർ രണ്ടുപേരേയും നിരാകരിച്ചു. അപരിചിതനായ ഒരാൾ ഈ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ചാൽ ഈ മൂന്നുപേരും അവർകണ്ട ബോധനങ്ങളുടെ സത്യത്തെക്കുറിച്ച് വാദിക്കുന്നവരാണ്. അദൃശ്യമായ നിലയിൽ അവർക്ക് ലഭിച്ച ചില വാർത്തകൾ സത്യമായി പുലർന്നതിന് തെളിവുകളും സമർപ്പിക്കുന്നു. പരസ്പരം കള്ളം ആരോപിക്കുകയും, അന്യോന്യം തള്ളിപ്പറയുകയും, പരസ്പര വിരുദ്ധമായ ഈ കാര്യങ്ങൾ കാണുമ്പോൾ ചിന്താശൂന്യരായ ജനം ഇടറിവീഴുന്നു. അവർ ചിന്തിക്കുവാൻ തുടങ്ങുന്നു ആരാധനയ്ക്കർഹൻ ഒരുവൻ മാത്രമാണെങ്കിൽ, സൈദിന് ഒരു രീതിയിൽ ഇൽഹാം ലഭിക്കുന്നു. പിന്നീട് ബക്കറിന് അതിന് എതിരായ ഇൽഹാം ലഭിക്കുന്നു. **ഖാലിദി**നോട് മറ്റൊരുരീതിയിലും പറയുന്നു. പരമോന്നതനായ അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ച് സംശയം ഉളവാക്കുന്നതിലേക്കായിരിക്കും ഈ സംഭവങ്ങൾ ഒരജ്ഞനെ കൊണ്ടെത്തിക്കുന്നത്.

ചുരുക്കിപ്പറഞ്ഞാൽ ഈ സംഭവങ്ങൾ പൊതുജനത്തിനെ ഉത്ക്കണ്ഠയിലാഴ്ത്തുന്നതാണ്. അവരുടെ ചിന്തയിൽ നുബുവ്വത്തിന്റെ ശൃംഖല സംശയത്തിന്റെ നിഴലിലാകുന്നതാണ്. പൊതുജനത്തിനെ കുഴയ്ക്കുന്ന മറ്റൊരും പ്രശ്നവും ഇവിടെയുണ്ട് അതായത് ചില ദുർവൃത്തർ, ചില തെമ്മാടികൾ, ചില വ്യഭിചാരികൾ,ചില അക്രമികൾ, ദീനുമായി ബന്ധമില്ലാത്തവർ, കള്ളന്മാർ, നിഷിദ്ധമായത് ഭക്ഷിക്കുന്നവർ, പരമോന്നതനായ അല്ലാഹുവിന്റെ കല്പനകൾക്കെതിരിൽ പ്രവർത്തിക്കുന്നവർ ഇവരൊക്കെ ചിലപ്പോൾ സത്യമായ സ്വപ്നങ്ങൾ കാണുന്നവരായിട്ടുണ്ട്. എനിക്ക് നേരിട്ട് വ്യക്തമായിട്ടുള്ള ചില കാര്യങ്ങൾ കൂടി ചേർക്കുകയാണ്. അതായത് ഇഹലോകസംഘത്തിൽപ്പെട്ട ചില സ്ത്രീകൾ, അവർ ശവം ഭക്ഷിക്കുകയും, തെറ്റുകളിൽ കഴിഞ്ഞുകൂടുകും ചെയ്യുന്നവരാണ്. അവർ എന്റെ മുമ്പിൽ അവർ കണ്ട സ്വപ്നങ്ങൾ പൊടിപ്പും തൊങ്ങലും ചേർത്ത് അവതരിപ്പിക്കുകയും, അതിൽ ചിലത് സത്യമായിപുലർന്നിട്ടുണ്ട് എന്ന് താത്പര്യത്തോടെ പറയുകയും ചെയ്തിട്ടുണ്ട്. അതിനേക്കാൾ അത്ഭുതം വ്യഭിചാരവൃത്തിയി

ലേർപ്പെട്ടിരിക്കുന്ന സംഘത്തിലെ സ്ത്രീപുരുഷന്മാർ അവർ അസാന്മാർഗ്ഗികത്വത്തിനായി കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അവർ രാവും പകലും വ്യഭിചാരത്തിന്റെ പടുകുഴിയിലേക്കറിയപ്പെട്ടവരാണ്. അവരിൽ ചിലർ റിപ്പോർട്ട് ചെയ്യുകയുണ്ടായി അവർ കണ്ട സ്വപ്നങ്ങളിൽ പലതും സത്യമായി പുലർന്നിട്ടുണ്ട് എന്ന് അവരും പറഞ്ഞിരിക്കുന്നു. അതു പോലെ ഹിന്ദുസഹോദരരിൽ ചിലരെയും ഞാൻ മനസ്സിലാക്കിയിട്ടുണ്ട് ശിർക്കിന്റെ മാലിന്യത്തിലകപ്പെട്ടവർ, ഇസ്‌ലാമിന്റെ കഠിന വിരോധികളുമാണവർ. അവർ കണ്ട പല സ്വപ്നങ്ങളും യാഥാർത്ഥ്യമായി പുലർന്നിട്ടുണ്ട് എന്ന് അവരും പറഞ്ഞിരിക്കുന്നു. ഞാനീഗ്രന്ഥരചന നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ കഹ്തരീ സംഘത്തിൽപ്പെട്ട ഒരു ഹിന്ദു സഹോദരൻ എന്റെ അടുത്തുവരികയുണ്ടായി. (കഹ്തരീ, ഹിന്ദു ജാതികളിലെ ഉന്നതകുല ജാതൻ) എന്നിട്ടദ്ദേഹം പറഞ്ഞു. പോസ്റ്റാഫീസിലെ അസിസ്റ്റന്റ് മാനേജർ നീക്കം ചെയ്ത ഇന്നആളിന്റെ രേഖ മടങ്ങി വന്നതായി ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. ഈ രേഖ അയാൾ നീക്കം ചെയ്തിരുന്നു. തുടർന്നുള്ള പോലീസ് അന്വേഷണത്തിൽ ലഭിച്ച രേഖയാണിത്. ഈ ഹിന്ദു സഹോദരൻ എന്നോട് തുടർന്നു പറയുകയുണ്ടായി. വിവിധങ്ങളായ പല സ്വപ്നങ്ങളും ഞാൻ ദർശിക്കുകയുണ്ടായി അതിൽ ബഹുഭൂരിഭാഗവും സത്യമായി പുലരുകയുണ്ടായി. അദ്ദേഹം വെളിവാക്കിയതിലെ ദുർബലമായതേതാണ് എന്ന് എനിക്കറിയില്ല. ആവർത്തന രൂപത്തിൽ തന്റെ സ്വപ്നങ്ങൾ എന്നോട് പൊടിപ്പും തൊങ്ങലും വെച്ച് പറഞ്ഞതെന്തിനുവേണ്ടിയാണ്? സ്വപ്നങ്ങളുടെയും ബോധനങ്ങളുടെയും ശൃംഖല അഹങ്കാരതോതനുസരിച്ച് മുറിഞ്ഞുപോകുന്നതാണ്. വ്യഭിചാരം നിത്യശീലമാക്കിയിരുന്ന, ചീത്തകൂട്ടുകെട്ടുള്ള, ഒരു ഹിന്ദു സഹോദരൻ ജയിലിലടയ്ക്കപ്പെട്ടു. ജയിൽ മോചിതനായശേഷം യദൃച്ഛയാ എന്നെ കണ്ടുമുട്ടാനിടയായി. മോഷണക്കുറ്റത്തിനും മറ്റു പലതിനുമായി എത്രയോ വർഷം കൽതുറുങ്കിലായിരുന്നു എന്നത് ഞാൻ ഓർക്കുന്നു. അയാൾ പറഞ്ഞു കോടതി എന്നെ ജയിലിലടയ്ക്കുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്ന് തലേരാത്രിയിൽ എനിക്ക് ദർശനം ലഭിക്കുകയുണ്ടായി. അതുപ്രകാരം സംഭവിക്കുകയും ഞാൻ ജയിലിലടക്കപ്പെടുകയുമുണ്ടായി. പോലീസിൽ നിന്ന് എനിക്ക് ആ ഉത്തരവ് ലഭിക്കുകയും അതേ ദിവസം എന്നെ ജയിലിലടക്കുകയും ചെയ്തു. ഇപ്രകാരം ഇതാ അമേരിക്കയിലുള്ള ഒരാൾ അദ്ദേഹത്തിന്റെ പേര് **ദൂയി** എന്നാണ്. അദ്ദേഹം ഒരു പത്രം പ്രസിദ്ധീകരിക്കുന്നുണ്ട്. അദ്ദേഹം ഈസ (അ) യെ ദൈവമായി അംഗീകരിക്കുന്നു. ഏലിയാ പ്രവാചകന്റെ ഖലീഫയാണ് താനെന്ന് അദ്ദേഹം വാദിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ബോധനങ്ങളും, സ്വപ്നങ്ങളും ജനങ്ങൾക്കിടയിൽ പൊടിപ്പും തൊങ്ങലും വെച്ച് പ്രചരിപ്പിക്കുന്നു. പറയുന്നതൊക്കെ സത്യമാണെന്നാണ് അവരുടെ വാദം. ഇവയൊക്കെ പ്രപഞ്ച രക്ഷിതാവിനെപറ്റിയുള്ള മാനവ വിശ്വാസത്തിന് ഇളക്കംതട്ടുന്നതാണ്. കാരണം മാനവൻ ദുർബലനാണ്. അവന്റെ സ്വഭാവത്തെക്കുറിച്ചറിയുവാൻ ഈ വാക്കുകൾ മതിയായതാണ്.അവന്റെ മാതാവ് വ്യഭിചാരിണിയായ സ്ത്രീ ആയിരുന്നു. അവനെ അറിയപ്പെടുന്നത് വ്യഭിചാരപുത്രൻ എന്നുമാണ്. ഇസ്ക്കാഫീൻ കുടുംബത്തിൽ നിന്നും പുറത്താക്കപ്പെട്ടവനാണവൻ. അവന്റെ ഒരു സഹോദരൻ ആസ്ട്രേലിയായിലെ ഇസ്ക്കാഫിയായിൽ ജോലിചെയ്യുന്നു. ഈ കാര്യങ്ങളൊന്നും തെളിവില്ലാതെ പറയുന്നതല്ല. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ അവസ്ഥ ഈ നിലയിലാണ് എന്ന തെളിവുകൾ പത്രങ്ങളിൽ നിന്നും എഴുത്തുകളിൽ നിന്നും ശേഖരിച്ചിട്ടുളളാതാകുന്നു. ചുരുക്കിപ്പറഞ്ഞൽ വിവിധങ്ങളായ ബോധനങ്ങളും സ്വപ്നങ്ങളും പലപ്പോഴും ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ ചില സമയങ്ങളിൽ അത് സത്യമായി പുലരുകയും ചെയ്യുന്നു. ഈ പട്ടണത്തിൽ വഹ്‌യുകളും ഇൽഹാമുകളും ഉണ്ടെന്നു വാദിക്കുന്നവരുടെ എണ്ണം അൻപതിൽക്കുടുതലായിരിക്കുന്നു. അവരുടെ വൃത്തം വളരെ വലുതായിക്കൊണ്ടിരിക്കുകയാണ്. അവർക്കിതു ലഭ്യമാകുന്നത് യഥാർത്ഥ ദീനിന്റെ നിബ

ന്ധന പ്രകാരവുമല്ല. അവരുടെ സത് സ്വഭാവങ്ങളുടെ അടിസ്ഥാനത്തിലുമല്ല. ദുർഗ്രാഹ്യമായി ഇറങ്ങുന്ന ഈ കാര്യത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുന്ന ബുദ്ധി ജീവികളെ സംബന്ധിച്ചിടത്തോളം ഇവ തിരിച്ചറിയുവാനുള്ള അടയാളം ഉണ്ടായിരിക്കൽ അനിവാര്യമാണ്. (സ്വപ്നങ്ങളും ബോധനങ്ങളും തരം തിരിച്ചറിയുക) പ്രത്യേകിച്ച്, എല്ലാ വിഭാഗം ജനങ്ങളിലും ഇതു ഉണ്ടാകുന്നു എന്നറിയിക്കുന്ന പശ്ചാത്തലത്തിൽ; അവരൊക്കെ ഭിന്ന മതക്കാരാണ്; ഭിന്ന വിശ്വാസികളാണ്. അവരെല്ലാം സ്വപ്നങ്ങൾ കാണുന്നു; ബോധനങ്ങളെ അഭിമുഖീകരിക്കുന്നു. സ്വപ്നങ്ങളുടെയും ബോധനങ്ങളുടെയും അടിസ്ഥാനത്തിൽ ചിലർ മറ്റു ചിലരെ കളവാക്കുന്നു. ചില സ്വപ്നത്തെ എല്ലാ വിഭാഗം ആളുകളും സ്ഥിരീകരിക്കുന്നു. ഈ വിഷയം സത്യാന്വേഷകരുടെ പാതയിൽ ഒരു വലിയ വിഘ്നം സൃഷ്ടിച്ചിരിക്കുകയാണ്. ഒരു വലിയ അപകടം അവരുടെ മുമ്പിൽ അവ്യക്തമായി നിലകൊള്ളുന്നു. നിശ്ചയം ഇത് കൊല്ലുന്ന വിഷം തന്നെയാണ്. പ്രത്യേകിച്ച് അല്ലാഹുവിൽ നിന്ന് ബോധനം ലഭിച്ചിരിക്കുന്നു എന്ന് വാദിക്കുന്നവരെ സംബന്ധിച്ചടത്തോളം. യഥാർഥത്തിൽ പരിശുദ്ധനും പരമോന്നതനുമായ അല്ലാഹുവുമായി ഈ സ്വപ്ന ദർശനങ്ങൾക്ക് യാതൊരു ബന്ധവുമില്ല. ഒരു പ്രാവശ്യം സത്യമായി പുലർന്നതിന്റെ  പേരിൽ അവർ കണ്ട സ്വപ്നങ്ങളിൽ വഞ്ചിതരായി അവരുടെ നഫ്സുകൾ എന്തൊക്കെയോ പറയുകയാണ്. ഇതുസംബന്ധമായി ഒരന്വേഷണം നടത്തി സത്യം കണ്ടെത്തുവാൻ തയ്യാറാകുന്നതുമില്ല. അന്വേഷണത്തെ നിന്ദ്യതയോടെയും അവഗണനയോടെയും അവർ നോക്കിക്കാണുന്നു. ഈ സാഹചര്യത്തിലാണ് സത്യാന്വേഷകർക്കു വേണ്ടി പ്രകടമായ നിലയിൽ ഇവയുടെ വ്യത്യാസം വിശദമാക്കുവാൻ ഞാൻ തീരുമാനിച്ചത്. ഈ പുസ്തകത്തെ നാല് അദ്ധ്യായമായി തിരിച്ചിരിക്കുന്നു.

ഒന്നാം അധ്യായത്തിൽ അല്ലാഹു(ത)മായി യാതൊരു ബന്ധവുമില്ലാത്ത ചില സത്യബോധനങ്ങളെയും  സത്യ സ്വപ്നങ്ങളെയും പറ്റി പ്രതിപാദിക്കുന്നു.

രണ്ടാം അദ്ധ്യായത്തിൽ ശക്തമല്ലാത്താതും, എന്നാൽ ഒരുപരിധിവരെ,അല്ലാഹു (ത) മായി  ബന്ധമുള്ളതുമായ ചില സത്യബോധനങ്ങളെയും, സത്യസ്വപ്നങ്ങളെയും പറ്റി പ്രതിപാദിക്കുന്നു.

മൂന്നാം അധ്യായത്തിൽ അല്ലാഹുവി(ത)ൽ നിന്നും പൂർണ്ണവും സംശുദ്ധവുമായ വെളിപാട് ലഭിക്കുകയും പരിപൂർണ്ണനായ ആരാധ്യനുമായി സംസാരവും, സംഭാഷണവും നടത്തി ബഹുമാനിതരാകുന്ന ഭാഗ്യവാന്മാർ. അവർ കാണുന്ന സ്വപ്നങ്ങൾ പ്രഭാതോദയം പോലെ ആയിരിക്കും. പരിശുദ്ധനും പരമോന്നതനുമായ അല്ലാഹുമായി സമ്പൂർണ്ണബന്ധം അവർക്ക് ഉണ്ടായിരിക്കും. അവർ സംശുദ്ധരായ അല്ലാഹുവിന്റെ നബിമാരെ പോലെയായിരിക്കും തുടങ്ങിയവ വിശദീകരിക്കുന്നു.

നാലാം അദ്ധ്യായത്തിൽ എനിക്കു സ്വയം നേരിടേണ്ടി വന്ന അവസ്ഥകൾ വിവരിക്കുന്നു. പരമോന്നതനായ അല്ലാഹു ഈ മൂന്നു വിഭാഗങ്ങളിലും അവന്റെ അനുഗ്രഹത്താലും ഔദാര്യത്താലും എന്നെ ബഹുനാനിച്ചിരിക്കുന്നതിനെ സംബന്ധിച്ച് വിശദീരിക്കുന്നു.

അങ്ങനെ ഈ വിഷയത്തെ ഞാൻ നാല് അധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. ഇത് പൂർത്തീയാക്കുവാൻ അല്ലാഹുവല്ലാതെ എനിക്കു മറ്റാരുമില്ല. ഞങ്ങളുടെ നാഥാ! നിന്റെ നേർപാതയിൽ ഞങ്ങളെ നയിക്കേണമെ!നിലനില്ക്കുന്ന ദീൻ ഗ്രഹിക്കുവാനുള്ള അറിവ് നിന്റെ പക്കൽ നിന്നും ഔദാര്യമായി നല്കിയാലും! നിന്റെ പക്കലുള്ള അറിവിനെ നീ തന്നെ ഞങ്ങൾക്കു പഠിപ്പിച്ചു തരേണമെ! പ്രാർത്ഥന സ്വീകരിച്ചാലും!

*********************

# الباب الأول

**في بيان الذين يرون بعض الرؤى الصالحة**
**ويتلقون بعض الإلهامات الصادقة**
**ولكن ليس لهم مع الله تعالى صلة قط،**
**ولا نصيب لهم من النور الذي هو أدنى ما يحظى به أهل العلاقة،**
**ويبعدُ وجودهم المادي عن النور آلاف الأميال**

# Truth about Dreams and Visions : A Clarification

***" Some people make dreams and visions that turn out to be true and correct. But the fact is that truthful as they are, these dreams and visions do not contain the clarity and certainty of Divine Light, Emanating from the lofty presence of Allah, The Most High. And they stand and remain thousands of miles away from the illuminating presence of the Divine Light"***

**"ചിലർകാണുന്ന നല്ല സ്വപ്നങ്ങൾ, സത്യ ബോധനങ്ങൾ ഇവയ്ക്ക് പരമോന്നതനായ അല്ലാഹുവായി യാതൊരു ബന്ധവുമില്ല. ഈ ബോധനങ്ങളിലൂടെ, സ്വപ്നങ്ങളിലൂടെ ലഭ്യമാകേണ്ട പ്രകാശത്തിൽ നിന്നുള്ള ഒരു പങ്കും അവർക്കു ലഭ്യമായിട്ടില്ല. അവർക്കു ലഭിക്കേണ്ട യഥാർത്ഥ പ്രകാശത്തിൽ നിന്നും ആയിരക്കണക്കിനു മൈലുകൾ വിദൂരതയിലാണവർ."**

## Chapter I / അദ്ധ്യായം 1

മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്, തന്റെ സൃഷ്ടാവിനെ അറിയാൻ വേണ്ടിയാണ് എന്നത് എത്രയും വ്യക്തമായകാര്യമാണ്. അല്ലാഹുവിന്റെ സത്തയിലുള്ള അവന്റേതായ ഗുണവിശേഷങ്ങളിലൂടെയും വിശ്വാസത്തിന്റെ സഹായത്തോടെയും ദൃഢമായ പദവിയിലേക്കെത്തിച്ചേരുക എന്നതാണ് കരണീയമായിട്ടുള്ളത്. പരമോന്നതനായ അല്ലാഹു മനുഷ്യന് ഹൃദയത്തെ സൃഷ്ടിച്ച് നല്കിയിട്ടുണ്ട്; അവന് ബുദ്ധിപരമായ കഴിവും നല്കിയിട്ടുണ്ട്, പരമോന്നതനായ അല്ലാഹുവിന്റെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിച്ചുനോക്കിയാൽ, ആ കഴിവുകളെ അവലംബമാക്കി ചിന്തിച്ചാൽ, അല്ലാഹുവിന്റെ കഴിവിന്റെ യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചേരുവാൻ കഴിയുന്നതാണ്. അവന്റെ നാമം പ്രതാപത്തിന്റേതാണ്; സമ്പൂർണ്ണമായതുമാണ്. ഭൂമുഖത്തെ എത്ര അടുക്കും ചിട്ടയോടുമാണ് ക്രമീകരിച്ചിരിക്കുന്നത്. അതിലെ ഓരോ അണുവും സമ്പൂർണ്ണ സംയോജനത്തിന്റെ ബൗദ്ധിക മാതൃകയാണ്. ചിന്താ ശക്തിയുള്ള ഏതൊരാളും, ആകാശ ഭൂമികളുടെ അത്ഭുതാവഹമായ ഈ രൂപം കണ്ട് ഈ വിശാല പ്രപഞ്ചം, ഒരു സൃഷ്ടാവിനെ കൂടാതെ ഉണ്ടാവുകയില്ല എന്ന നിഗമനത്തിൽ എത്തിച്ചേരാതെ നിർവ്വാഹമില്ല. അതെ! നിശ്ചയമായും അതിന് ഒരു സൃഷ്ടാവ് ഉണ്ടായേ തീരൂ. മറ്റൊരു വശം ആത്മീയ കഴിവുകളാണ്, അത് തൊട്ടറിയുവാനുള്ള ശക്തി നല്കിയി

രിക്കുന്നു; ബുദ്ധിക്ക് എത്തിപ്പെടാൻ കഴിയാത്ത കുറവുകൾ, വിടവുകൾ പരിഹരിക്കുന്നതിന്, അങ്ങനെ അവന് അല്ലാഹുവിനെ കുറിച്ചുള്ള അറിവ് നേടാൻ കഴിയുന്നു. ബുദ്ധിയുടെ സഹായത്താൽ മാത്രം അല്ലാഹുവിനെ കുറിച്ചുള്ള പൂർണ്ണമായ അറിവ് നേടാൻ കഴിയുകയില്ല. അതിന്റെ കാരണം മനുഷ്യനു നല്കപ്പെട്ട ബുദ്ധിയുടെ പ്രവർത്തനം ഹ്രസ്വമാണ്. ഈ ലോകത്തിലുള്ള എല്ലാ യാഥാർത്ഥ്യങ്ങളും, സൃഷ്ടിയുടെ തത്വങ്ങളും ഗ്രഹിക്കുവാൻ കഴിയുകയില്ല, ആകാശങ്ങളിലും, ഭൂമിയിലും അവക്കിടയിലുമുള്ള കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചാൽ, ബുദ്ധിപൂർവ്വവും മികവുറ്റതുമായ അതിന്റെ ക്രമീകരണം ഗ്രഹിക്കുവാൻ പൂർണ്ണമായും സാധിക്കുകയില്ല. യഥാർത്ഥത്തിൽ ദൃശ്യമായ ആ സൃഷ്ടിയുടെ രഹസ്യങ്ങളുടെ മേൽ വിധിപറയുവാൻ അവൻ പര്യാപ്തനല്ല. പുറമെ ദൃശ്യമായതിനെക്കുറിച്ചു വീണ്ടും, ചിന്തിച്ചാൽ, നിർമ്മാതാവ് നിർബന്ധമായും നിർമ്മിച്ചതിനെ തൊട്ടറിയേണ്ടതാണ്. ദൃഢജ്ഞാനം ലഭിക്കാതെ പൂർണ്ണമായ അറിവ് കണക്കാക്കാവതല്ല. അപ്പോൾ ആ നിർമ്മാതാവ് നിർബന്ധമായും അതിനെ തൊട്ടറിയേണ്ടതാണ്. ദൃഢജ്ഞാനം ലഭിക്കാതെ പൂർണ്ണമായ അറിവ് കണക്കാക്കാവതല്ല. അപ്പോൾ ആ നിർമ്മാതാവ് യഥാർത്ഥത്തിൽ ഉണ്ടായിരിക്കണം. ഈ വസ്തുക്കളുടെ സൃഷ്ടാവ് ഉണ്ടായിരിക്കൽ നിർബന്ധമാണ് എന്ന വാക്ക് മാത്രം പോരാ, പിന്നയോ, നാം മനസ്സിലാക്കുന്ന ഈ സൃഷ്ടാവ് ജീവിച്ചിരിക്കൽ നിർബന്ധമാണ്: അപ്പോൾ സത്യാന്വേഷകർ പൂർണ്ണമായും തികഞ്ഞ അറിവിന്റെ സഹായത്തോടെ അവരുടെ പ്രകൃതിയിൽ അടിയുറച്ചു നിന്നുകൊണ്ട് സൃഷ്ടിപ്പിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെടേണ്ടതാണ്. അവന്റെ കഴിവ് പ്രകടിപ്പിക്കുന്നതിന് ബൗദ്ധിക ശക്തിയുടെ മേൽ ആത്മീയശക്തി ഉയർത്തി നിർത്തേണ്ടതാണ്. ആത്മീയ ശക്തിയെ, ആവശ്യമായ നിലയിൽ പ്രയോജനപ്പെടുത്തിയാൽ അവന് ഒരു മറയും ഉണ്ടാകുന്നതല്ല. യഥാർത്ഥ സുഹൃത്തിന്റെ മുഖം ദൃശ്യമാകുന്നതുപോലെ വ്യക്തമാകുന്നതാണ്. ബൗദ്ധിക കഴിവ് ആ ദർശനത്തിൽ സ്വാധീനം ചെലുത്തുന്നതല്ല. അപ്പോൾ കരുണാവാരിധിയും, ബഹുമാന്യനുമായ ആരാധ്യൻ, മനുഷ്യ സൃഷ്ടിപ്പിൽ, അവൻ തന്റെ വിശപ്പറിയുന്നതുപോലെ, അവൻ തന്റെ ദാഹം അറിയുന്നതുപോലെ അവന്റെ പൂർണ്ണജ്ഞാനത്തിലൂടെ അവൻ സൃഷ്ടാവിനെപ്പറ്റി ഗ്രഹിക്കുന്നതാണ്. മനുഷ്യപ്രകൃതിയെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ആ പൂർണ്ണ ജ്ഞാനം അത് എത്തിപ്പിടിക്കുവാനുള്ള ആഗ്രഹം, അതവന്റെ കഴിവിൽപ്പെട്ടകാര്യമാണ്. അതിലൊന്ന് അവന്റെ ബുദ്ധിപരമായ കഴിവുകളാണ്. അതിന്റെ ഉത്ഭവം ഹൃദയത്തിൽ നിന്നാകുന്നു. അത് അവലംബമാക്കുന്നത് ഹൃദയവിശുദ്ധിയാണ്. ബുദ്ധിയുടെ കഴിവുകൾ ഉപയോഗിച്ച് പൂർണ്ണരൂപം കണ്ടെത്തുവാൻ കഴിയാത്ത കാര്യങ്ങൾ ആത്മീയ കഴിവുകളുപയോഗിച്ച് അതിന്റെ യാഥാർത്ഥ്യത്തിലെത്തിച്ചേരുവാൻ സാധിക്കുന്നതാണ്. ആത്മീയ സിദ്ധികൾ അനുഭവ സിദ്ധികളിലൂടെ ആർജിക്കേണ്ടതാണ്. അപ്പോൾ അത് അവന് മതിയാകുന്നതാണ്. ശുദ്ധവും തെളിഞ്ഞതുമായ ഹൃദയ ചെപ്പിൽ അത് പ്രതിബിംബിക്കും. ആരംഭം മുതൽ തന്നെ അത് ഒഴുകുവാൻ തുടങ്ങും. ആ ഒഴുക്കിനെ ആകർഷിച്ചെടുക്കുവാൻ തയ്യാറായിരിക്കൽ അതിന്റെ നിബന്ധനയാണ്. അങ്ങനെ ആ ഒഴുക്ക് അല്ലാഹുവിന്റെ പൂർണ്ണ ജ്ഞാനത്തിൽ നിന്നും നേടിയെടുക്കു

ന്നതുവരെ തുടരുന്നു. എന്നാൽ തന്ത്രശാലികൾ തന്ത്രം പ്രയോഗിക്കുന്നതാണ്. അഥവാ തടസ്സം സൃഷ്ടിക്കുന്നവർ തടസ്സം സൃഷ്ടിക്കുന്നതാണ്. തത്വാധിഷ്ഠിതമായാണ് ഈ ലോകം മുഴുവൻ സൃഷ്ടാവ് സൃഷ്ടിച്ചിരിക്കുന്നത്. സൃഷ്ടാവിനെ മാറ്റി നിർത്തിയാൽ ഈ ലോകത്തിന്റെ അറിവ് പരിമിതങ്ങളാകുന്നതാണ്. ഈ സൃഷ്ടാവുമായി പൂർണ്ണ സംഭാഷണവും, സംസാരവും നടത്തുവാൻ കഴിയുന്നവർ ഭാഗ്യവാന്മാർ തന്നെയാണ്. അവന്റെ മഹത്തായ ദൃഷ്ടാന്തങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ കഴിയുന്നു. അവന്റെ തിരുമുഖം ദർശിക്കുവാൻ കഴിയുന്നു. ദൃഢ ജ്ഞാനത്താൽ അതവൻ കാണുന്നു. നിശ്ചയമായും ഈ സൃഷ്ടാവ് യഥാർത്ഥത്തിൽ ജീവിച്ചിരിക്കുന്നുവെന്ന്. ഭൂരിഭാഗം ജനങ്ങളുടെയും പ്രകൃതി അനുസരിച്ച്, അവർ തിരശ്ശീലയിൽ നിന്നും, ഒഴിവായിരിക്കുകയില്ല അതിന്റെ കാരണം ഭൗതിക ലോകത്തോടുള്ള ആർത്തിയും, സ്നേഹവും, അഹംഭാവവും, വിനോദവും, വലിയവനാണെന്ന ഭാവവും, പൊങ്ങച്ച പ്രകടനവും, ഞാനെന്ന ഭാവവും തുടങ്ങിയ താണ നിലവാരത്തിലുള്ള ദുർഗുണ സ്വഭാവങ്ങളാണ്. അലസതയാൽ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള ഉത്തരവാദിത്വ നിർവ്വഹണത്തിൽ നിന്നും മാറിനിൽക്കുക. സത്യത്തിൽ ഉറച്ച് നിൽക്കുന്നതിൽ നിന്നും അതിന്റെ നിബന്ധനകളിൽ നിന്നും മനപൂർവ്വം തിരിഞ്ഞുകളയുക, നിഷ്കളങ്കമായ സ്നേഹത്തിൽ നിന്നും കരാർ പൂർത്തീകരണത്തിൽ നിന്നും തിരിഞ്ഞു കളയുക, മനഃപൂർവ്വം പരമോന്നതനായ അല്ലാഹുമായുള്ള ബന്ധം വിച്ഛേദിക്കുക. ബഹുഭൂരിഭാഗം ജനങ്ങളിലും മുകളിൽ പറയപ്പെട്ട കാര്യങ്ങളൊക്കെ നിരീക്ഷിക്കുമ്പോൾ, വിവിധങ്ങളായ തിരശ്ശീലകൾക്ക് കാരണമായി തീരുന്നു. വിവിധ മറകൾ, വിവിധ തടസ്സങ്ങൾ, നഫ്സിന്റെ ഇച്ഛകളും, ഇച്ഛകളാകുന്ന തടസ്സങ്ങൾ, അത്യാർത്തികളാകുന്ന തടസ്സങ്ങൾ! ദൈവീക സഹവാസത്തിലുള്ള സംഭാഷണവും സംസാരവും, ഒഴുകി വരുവാനുള്ള കഴിവ് മുകളിൽ സൂചിതമായ മനുഷ്യ പ്രകൃതിയിൽ സാധ്യമല്ല. സ്വീകാര്യമായ പ്രകാശങ്ങളിൽ നിന്നുള്ള ഒരു പങ്കും ലഭ്യമല്ല. അതേ! നിത്യനായ അല്ലാഹുവിന്റെ കാരുണ്യം, മനുഷ്യപ്രകൃതിയിൽ നിന്നും നഷ്ടപ്പെടുത്തുവാൻ ശ്രമിക്കരുത്. വളരെയധികം ആളുകളും, താൻ ധാന്യം വിതയ്ക്കുന്നതുപോലെയാണ് അതിന്റെ വഴിയെന്ന് ധരിച്ചിരിക്കുന്നു. അവർ ചിലപ്പോൾ നല്ല സ്വപ്നങ്ങൾ, സത്യമായ ദർശനങ്ങൾ കാണുന്നു. അവർ മനസ്സിലാക്കുന്നു മുന്നോട്ട് പോകേണ്ട സ്ഥലം അവരുടെ മുമ്പിൽ തുറന്നിട്ടിരിക്കുകയാണെന്ന്. എന്നാൽ അവരുടെ സ്വപ്നങ്ങളും അവരുടെ ദർശനങ്ങളും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായതിന്റെ അടയാളങ്ങൾ അതിൽ കാണുകയില്ല. അതായത് അല്ലാഹുവിന്റെ സ്നേഹവും, ഔദാര്യവും അവയിൽ കാണുകയില്ല. സ്വീകർത്താക്കൾ നഫ്സിന്റെ മാലിന്യങ്ങളിൽ നിന്നും മുക്തരല്ല എന്നതു തന്നെ. പരിശുദ്ധരായ അല്ലാഹുവിന്റെ നബിമാർ വിശ്വസിക്കുന്നതുപോലെയുള്ള തെളിവുകൾ അവർ കാണുന്ന സ്വപ്നങ്ങൾക്ക് ഉണ്ടായിരിക്കുകയില്ല. നല്ല സ്വപ്നങ്ങളുടെയും സത്യ ദർശനങ്ങളുടെയും സത്യാവസ്ഥ ഗ്രഹിക്കുന്നതിൽ നിന്നും അവർ തടയപ്പെട്ടിരിക്കുന്നു. ദൃഢ ജ്ഞാനത്തിലൂടെ അവർക്ക് അത് കരസ്ഥമാക്കുവാൻ കഴിയുന്നില്ല. അതിനാൽ അല്ലാഹുവിന്റെ പക്കൽ അതിനുള്ള ഒഴുവ് കഴിവുകളുണ്ട്. കാരണം അവർക്ക് നുബുവ്വത്തിന്റെ യാഥാർത്ഥ്യം

ഗ്രഹിക്കുവാൻ കഴിയുകയില്ല. കാരണം ആ വിഷയത്തിൽ അവർ പൂർണ്ണമായും അജ്ഞരാണ്. അവർക്ക് പറയാവുന്നത് ഇത്രമാത്രമാണ്. പ്രവാചകത്വത്തിന്റെ യാഥാർത്ഥ്യത്തെ സംബന്ധിച്ച് ഞങ്ങൾ പൂർണ്ണമായും അജ്ഞരാണ്. അത് ഗ്രഹിക്കുവാൻ ഒരു മാതൃക നമ്മുടെ സൃഷ്ടിപ്പിൽ/പ്രകൃതിയിൽ നല്കപ്പെട്ടില്ലെങ്കിൽ ! ഈ മറഞ്ഞ യാഥാർത്ഥ്യത്തെ എങ്ങനെയാണ് ഞങ്ങൾക്ക് കണ്ടെത്തുവാൻ കഴിയുന്നത്. സൃഷ്ടിയുടെ ആരംഭം മുതൽ നിലനിൽക്കുന്നതും, പണ്ട് മുതലുള്ളതുമായ അല്ലാഹുവിന്റെ നടപടി ക്രമത്തെ (സുന്നത്തിനെ). അതായത് ജനങ്ങൾ പൊതുവിൽ നല്ല സ്വപ്നങ്ങൾ കാണുന്നവരാണ്, സത്യമായ ദർശനങ്ങളെയും അവർ അഭിമുഖീകരിക്കുന്നുണ്ട്. അതിനൊരു പ്രത്യേക മാതൃകയൊന്നും അതിർവരമ്പായി നിശ്ചയിച്ചിട്ടില്ല. ഈ ദർശനങ്ങൾ ഉണ്ടാകുന്നതിനെക്കുറിച്ച് ഒന്ന് ആഴത്തിൽ കണ്ണോടിച്ചാൽ നമുക്ക് മനസ്സിലാകും, ഈ ദർശനങ്ങൾ, സത്‌വൃത്തർക്കും, ദുർവൃത്തർക്കും, പുണ്യാവാൻമാർക്കും, തെമ്മാടികൾക്കും ഉണ്ടാകാറുണ്ട് എന്ന്. അവർ സത്യദീനിന്റെ ആൾക്കാരായാലും ശരി, അസത്യ ദീനിന്റെ ആൾക്കാരായാലും ശരി. അവരുടെ നിർമ്മിത ഭാവനകളെയും,ചിന്തകളെയും, തങ്ങളുടെ ദർശനങ്ങളിൽ മാത്രം കണ്ടതും കേട്ടതുമായ കാര്യങ്ങളുടെ യഥാർത്ഥ ജ്ഞാനം (ഇൽമുൽ യഖീൻ) എത്തിപ്പിടിക്കുവാനുള്ള പ്രാരംഭഘട്ടം മാത്രമാണിത്. ആത്മീയ ഗമനത്തിന്റെ ഒരു മാതൃക അവർക്ക് ലഭ്യമാകുന്നതിനു വേണ്ടിയുള്ള തുടക്കമാണ്. ഈ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഒരു നിശ്ചിത രൂപത്തിൽ മനുഷ്യന്റെ മസ്തിഷ്ക്കത്തെ ഒരു ഉപാധിയുമില്ലാതെ, വിധികർത്താവായ അല്ലാഹു സൃഷ്ടിച്ചിരിക്കുകയാണ്. എന്നിട്ട് അവൻ അവന് ആത്മീയശക്തികളും പ്രദാനം ചെയ്തിരിക്കുന്നു. ചില നല്ല സ്വപ്നങ്ങൾ കാണാനും, ചില സത്യമായ ദർശനങ്ങൾ അഭിമുഖീകരിക്കുവാനുമുള്ള കഴിവ് നല്കിയിരിക്കുന്നു. എന്നാൽ ഈ സ്വപ്നങ്ങളും ദർശനങ്ങളും അവരിൽ മഹത്വമുള്ളതായിട്ടോ അല്ലെങ്കിൽ ധർമ്മ ബോധമുള്ളതായിട്ടോ കണക്കാക്കപ്പെടാവതല്ല. അവർക്ക് അല്പാല്പമായി മുന്നോട്ടു പോകുവാനുള്ള അവസരത്തെയാണിത് സൂചിപ്പിക്കുന്നത്. ഈ സ്വപ്ന ദർശന ഉടമ ശുദ്ധ പ്രകൃതിക്കാരനായിരിക്കൽ ഒരു നിബന്ധനയാണ്, അല്ലാത്തപക്ഷം വളരെ മോശമായ അന്ത്യത്തെ അഭിമുഖീകരിക്കേണ്ടിവരും, കാരണം അവന്റെ നഫ്സിന്റെ ഇച്ഛകൾക്ക് വിധേയമാകുന്നതുകൊണ്ടാണത്. അവന്റെ വഴിയിൽ മറയുടെയും തടസ്സങ്ങളുടെയും വഴി മാറിയാൽ ഈപ്രകൃതിയിലുള്ളവരുടെ നല്ല പരിണാമം പ്രതീക്ഷിക്കാവുന്നതാണ്.ഉദാഹരണമായി പറഞ്ഞാൽ ചില പക്ഷികളുടെ സ്വഭാവങ്ങളിൽ നിന്ന് നമുക്കറിയുവാൻ കഴിയും. ചില പ്രത്യേക സ്ഥലത്തെ ഭൂമിക്കടിയിൽ വെള്ളം ധാരാളമുണ്ടെന്ന്. എന്നാൽ ആ വെള്ളം ലഭിക്കുന്നത് അനേകം തട്ടുകൾക്കടിയിൽ നിന്നായിരിക്കും. പലരീതിയിലുള്ള ചേറു കലർന്ന സ്ഥലത്തുകൂടി മുന്നോട്ട് പോകേണ്ടിവരും. കഠിനാധ്വാനത്തിലൂടെ ക്ഷീണിക്കാൻ തയ്യാറായാകേണ്ടിവരും. ദിവസങ്ങളോളം പണിപ്പെട്ട് ഭൂമിക്കുഴിക്കുവാൻ തയ്യാറായില്ലെങ്കിൽ ആ തെളിഞ്ഞശുദ്ധജലം അവിടെ നിന്നും പുറപ്പെടുകയില്ല. ഒരു വാക്കുകൊണ്ട് മാത്രം ദൗർഭാഗ്യവും, അജ്ഞതയും, സമയദോഷവും പൂർണ്ണമാകുന്നതാണ്. മനുഷ്യന്റെ പൂർണ്ണത ചുരുങ്ങിപ്പോകുന്നതാണ്. അവൻ ഒരു സ്വപ്നം മാത്രം കണ്ടു അഥവാ ഒരു ദർശനം

മാത്രം കണ്ടു, സത്യത്തിൽ മനുഷ്യന്റെ പൂർണ്ണതയ്ക്ക് അനേകം നിബന്ധനകളും മറ്റു അനിവാര്യമായ അനേകം ഘടകങ്ങളും പൂർത്തിയാകേണ്ടതുണ്ട്. അവയൊക്കെ യാഥാർത്ഥ്യമാകുന്നില്ലെങ്കിൽ ഈ സ്വപ്നങ്ങളും ദർശനങ്ങളും അല്ലാഹുവിൽ നിന്നുള്ള അനേകം പരീക്ഷണങ്ങളിലേക്ക് അവനെ കടത്തി വിടുന്നതാണ്. അത്തരം പരീക്ഷണങ്ങളിൽ പ്രവേശിക്കുന്നവർക്കു നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകളിൽ നിന്നും അല്ലാഹു അവർക്ക് സംരക്ഷണം നല്കട്ടെ.

ദൈവബോധനം ഇഷ്ടപ്പെടുന്ന ഓരോരുത്തരം നിർബന്ധമായും മനസ്സിലാക്കേണ്ട ഒരുകാര്യം വെളിപാട്/ വഹ്യ് രണ്ടു വിഭാഗമുണ്ട് എന്നതാണ്. (1) പരീക്ഷണമായി ലഭിക്കുന്ന ദിവ്യബോധനം (2) സംശുദ്ധമായ ദൈവ ബോധനം. പരീക്ഷണാർത്ഥമുള്ള വെളിപാട് മിക്കവാറും നാശഗർത്തത്തിലേക്കുള്ള ക്ഷണമായിരിക്കും. **ബൽആം ബാഗൂർ** നാശമടഞ്ഞതങ്ങനെയാണ്. എന്നാൽ സംശുദ്ധമായ വഹ്യിന്റെ ആൾ ഒരിക്കലും നാശമടയുകയില്ല. പരീക്ഷണാർത്ഥമുള്ള വെളിപാടുകൾ എല്ലാ വ്യക്തികൾക്കും ലഭ്യമല്ല. ചില ആളുകളുടെ പ്രകൃതത്തിന്റെ ഉപമ അന്ധനും, ബധിരനും, ഊമയുമായി ജനിക്കുന്നവരുടെ ഉപമ പോലെയാണ്. ഇ പ്രകാരം ആത്മീയ കഴിവുകൾ ചിലരുടെ മുമ്പിൽ അടയ്ക്കപ്പെട്ടതാണ്.അവർ അന്ധന്മാരെപോലെയാണ്, അവർ മറ്റുള്ളവരുടെ മാർഗ്ഗദർശനം അവലംബമാക്കിയാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇക്കൂട്ടരുടെ അവസ്ഥയും ഇപ്രകാരമാണ്. എന്നാൽ ഈ കാര്യങ്ങൾ സംഭവിക്കുന്നതിനെ നിഷേധിക്കുവാൻ അവർക്ക് കഴിയുകയില്ല. കാരണം അത്ഭുതകരമായ നിലയിൽ ആളുകൾ പ്രവേശിക്കുകയും പൊതുജനം അതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. എന്നാൽ അവരെ പറഞ്ഞ് തിരുത്തുവാനും സാദ്ധ്യമല്ല. അവരെപോലെ ആ ജനങ്ങളും അന്ധരായി തീർന്നിരിക്കുകയാണ്.

പൊതുവിൽ നിരീക്ഷിച്ചാൽ, കാഴ്ചശക്തിയുള്ളവരെല്ലാം കള്ളം പറയുന്നവരാണ് എന്ന് ഒരു അന്ധൻ തർക്കിക്കുവാൻ മുതുരുകയില്ല. കാരണം അവർ കണ്ടുകൊണ്ടാണ് അവരെ ക്ഷണിക്കുന്നത്. താനല്ലാത്ത ആയിരക്കണക്കിനാളുകൾക്ക് കണ്ണുകളുണ്ട് എന്നതും നിരാകരിക്കുകയില്ല. അതിന്റെ കാരണം മറ്റാളുകൾ അവരുടെ കണ്ണുകൾ കൊണ്ട് സേവനം ചെയ്യുന്നത് അവർ മനസ്സിലാക്കുന്നു. തനിക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ അവർ ചെയ്തുകൊണ്ടിരിക്കുന്നതായും അവർ അറിയുന്നു. കഴിഞ്ഞ കാലത്ത് കണ്ണിനു കാഴ്ചയുള്ള ആരുമില്ലായിരുന്നു എന്നും അന്ധന്മാർ മാത്രമെ ഉണ്ടായിരിന്നുള്ളൂ എന്നുമാണെങ്കിൽ അന്ധന്മാർക്ക് നിഷേധിക്കുവാൻ ഒരു വലിയ അവസരം ഉണ്ടായിരുന്നു. തെളിവുനിരത്തി സമർത്ഥിക്കാമായിരിന്നു. അന്ധന്റെ കൂട്ടുകാരന് വിജയമുണ്ടാ കുമെന്ന് ഞാൻ കരുതുന്നു. കാരണം കഴിഞ്ഞുപോയകാലത്തു സംഭിച്ചുകൊണ്ടിരിക്കുന്നത് സംഭവിക്കുമെന്ന് പ്രവചനം ചെയ്ത കാര്യങ്ങൾ അവന് മതിയായ തെളിവുകളാണ്. മുൻകാലങ്ങളിൽ സംഭവിച്ച ഖുദ്റത്തുകളും കമാലാത്തുകളും പണ്ടേ കഴിഞ്ഞതാണ്. അതു ഇക്കാലത്തേക്കുള്ളതല്ല. ഔദ്യോഗിക പരിശോധനകൾക്കും ഗവേഷണങ്ങൾക്കും ശേഷം കള്ളം നിലനിർത്തുവാൻ കുറെ ചുറ്റിത്തിരിയൽ നടത്തേണ്ടിവരും. മനുഷ്യശരീരത്തിൽ നിരുപാധികം ഒഴുക്കിവിട്ടിരിക്കുന്ന അല്ലാഹുവിന്റെ ഔദാര്യമാകുന്ന കഴിവുകളെപ്പറ്റി ഒന്നു

ചിന്തിക്കുക. കാഴ്ച ശക്തി, കേഴ്വിശക്തി,ചിന്താശക്തി തുടങ്ങിയവ ജനങ്ങളിൽ നാം ഇപ്പോഴും കണ്ടു വരുന്നു. കഴിഞ്ഞ കാലങ്ങളിൽ ജനങ്ങളിൽ ഉണ്ടായിരിന്ന ആത്മീയ കഴിവുകൾ, ഇക്കാലത്ത് അവരുടെ പ്രകൃതിയിൽ നിന്നും അപ്രത്യക്ഷ്യ മായി എന്ന് എങ്ങനെയാണ് സങ്കല്പിക്കുവാൻ കഴിയുന്നത്. മനുഷ്യന്റെ ശാരീ രിക പൂർണ്ണതയ്ക്ക് ശാരീരിക കഴിവുകൾ അത്യാവശ്യമായിരിക്കെ അതിനേക്കാൾ പ്രാധാന്യമർഹിക്കുന്നതും, നിർബന്ധവുമായ ഈ കഴിവുകൾ അതോടൊപ്പം ഉണ്ടാ യിരിക്കേണ്ടതല്ലേ? ദൈനംദിന അനുഭവങ്ങളിലൂടെ സ്ഥിരീകരിക്കപ്പെട്ട ഒരു കാര്യത്തെ അതു നഷ്ടമായിരിക്കുന്നു എന്ന് എങ്ങനെയാണ് നിഷേധിക്കുവാൻ കഴിയുന്നത്? ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം നിങ്ങൾ അറിയുന്ന ഈ മതങ്ങൾ സത്യത്തിൽ നിന്നും എത്രവിദൂരമായാലും ശരി ബുദ്ധിപരമായ, ഭൗതി കമായ കഴിവുകൾ, മുൻപ് മനുഷ്യ പ്രകൃതിയിലുണ്ടാ യിരുന്നതുപോലെ മനുഷ്യ ൻ ഉള്ളടത്തോളം കാലം മറ്റു കഴിവുകളും ഉണ്ടായിരിക്കുന്നതാണ്. പിന്നെന്തേ ഇപ്പോഴവരിലുള്ള ആത്മീയകഴിവുകളെ നിരസിക്കുന്നത് ?

ഈ വിശദീകരണത്തിലൂടെ ഞാൻ ഒരു നിഗമനത്തിതലെത്തിച്ചേരുകയാണ്. ഒരാൾ ഒരു നല്ല സ്വപ്നംകണ്ടു അല്ലെങ്കിൽ അയാൾക്ക് നല്ല കുറെ ബോധനങ്ങൾ ലഭിച്ചു എന്നാൽ അവകൾ അതിന്റെ പൂർണ്ണതയിൽ എത്തിയവയല്ല. ഇവയോടൊപ്പം മറ്റുചില അടയാളങ്ങളും പൂർത്തിയാകേണ്ടതുണ്ട്. ഇൻശാ അല്ലാഹ്. ഞാൻ അത് 3-ാം അധ്യായത്തിൽ വിവരിക്കുന്നതാണ്. ഈ സ്വപ്നം/ബോധനം മസ്തിഷ്ക്ക ത്തിന്റെ ഉല്പന്ന ഫലമാണ്. ആയതിനാൽ ഇത് ലഭിച്ച ആൾ ഒരു മുതഖിയോ, സ്വാലിഹോ ആയിരിക്കൽ നിബന്ധനയല്ല. അതുപോലെ അയാൾ ഒരു മുസ്‌ലിമോ, മുഅ്മിനോ, ആയിരിക്കൽ നിർബന്ധവുമില്ല. ചില ആളുകൾ കാണുന്നതുപോലെ, അഥവാ അവർ ചിലകാര്യങ്ങൾ അറിയുന്നുതുപോലെ, അതവർ ബോധനത്തിലൂ ടെയാണ് നേടുന്നത്. ആ ബോധനം അവരുടെ മസ്തിഷ്ക്കത്തിന്റെ ഉല്പന്നവു മാണ്. അവരുടെ ചില പ്രകൃതികളും, ചില സത്യങ്ങളും, ചില അറിവുകളും അവ രുടെ മസ്തിഷ്ക്കത്തിന്റെ ഉല്പന്നമായി അവർ സ്ഥാപിക്കുന്നു. ചില രസികത്വങ്ങൾ അവരുടെ ഹൃദയങ്ങളിൽ തോന്നുന്നു.അവരെ സംബന്ധിച്ചടത്തോളം ഒരു ഹദീസ് ഒത്തു നോക്കുന്നത് നന്നായിരിക്കും. **അവരുടെ ബോധം വിശ്വസിച്ചു. അവരുടെ ഹൃദയം അതു നിഷേധിച്ചു.** എന്നാൽ ഒരു സത്യവാന്റെ അറിവ് ഒരു ബുദ്ധിമാന്റെ അറിവ് പോലെയായിരിക്കുകയില്ല. ഒരു പേർഷ്യൻ കവിതയിൽ പറയുന്നു **ഹേ! മനുഷ്യാ മനുഷ്യ രൂപങ്ങളിൽ ആധിക്യമുണ്ടായിരിക്കുന്നു, അവർക്കെല്ലാ പേർക്കും കൈകൊടുക്കാതിരിക്കൽ നിർബന്ധമാണ്.**

ചുരുക്കത്തിൽ നാം ഉണർന്നിരിക്കണം, ജാഗ്രതയുള്ള വരായിരിക്കണം. ഈ രീതിയിൽ സ്വപ്നങ്ങളും,ബോധനങ്ങളും ഉള്ള ആളുകൾ ഈ നിലവാരത്തി ലുണ്ടായിരിക്കും. അവർ തികഞ്ഞ അന്ധകാരത്തിലായിരിക്കും. കലങ്ങിയതും, കെട്ടിമറിഞ്ഞതുമായതിൽ സത്യ പ്രകാശം നിരീക്ഷിച്ചറിയുക സാദ്ധ്യമല്ല. അല്ലാ ഹുവിനോടുള്ള സ്നേഹത്തിന്റെ അടയാളങ്ങളും അതിന്റെ സ്വീകാര്യതയും അതിൽ ചേർന്നുകാണില്ല. അഥവാ അദൃശ്യമായി എന്തെങ്കിലും അതിൽ കാണപ്പെട്ടാൽ

ലക്ഷക്കണക്കിനാളുകൾക്ക്, ഇതുപോലുള്ളതിൽ പങ്കുണ്ട്. ആയതിനാൽ ഓരോരുത്തരും ഇക്കാര്യം അന്വേഷിക്കുകയും സത്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. തെമ്മാടികളും, ദുർവൃത്തരും, സത്യനിഷേധികളും, ദൈവനിഷേധികളും, വ്യഭിചാരികളും മറ്റും ഇത്തരത്തിലുള്ള സ്വപ്നങ്ങളും, ബോധനങ്ങളും ലഭിക്കുന്നവരായിട്ടുണ്ട്. അവർ അതിൽ സന്തോഷം കൈക്കൊള്ളുന്നവരാണ്, അഭിമാനം കൈക്കൊള്ളുകയും അഹങ്കരിക്കുകയും ചെയ്യുന്നവരാണ്. അവർ ബുദ്ധിമാൻമാരിൽ പെട്ടവരുമല്ല. സ്വയം പരിശോധന നടത്തിയാൽ മനസ്സിലാകും, അവനു ലഭിച്ച, ഏതോ ചില സ്വപ്നങ്ങളുടെയും, ബോധനങ്ങളുടെയും പേരിൽ അവന് എന്തോ ലഭിച്ചിരിക്കുന്നു എന്ന ധാരണയിൽ അവൻ വഞ്ചിതനായിരിക്കുകയാണ്. ചിന്തിക്കേണ്ട് കാര്യം, ഈ അവസ്ഥ കരസ്ഥമായവന്റെ ഉപമ ഒരാളിനെ പോലെയാണ്, അവൻ അന്ധകാരനിബിഢമായ രാത്രിയിൽ അങ്ങുദൂരെ ഒരു പുകകാണുന്നു, അഗ്നിയുടെ പ്രകാശം അവൻ കാണുന്നില്ല. വെണ്ണീറിൽ മൂടിക്കിടക്കുന്ന അതിന്റെ ചൂടും, അതിന്റെ തണുപ്പും വേർതിരിച്ചറിയുവാൻ കഴിയുന്നില്ല. ആയതിനാൽ ഇത്തരക്കാർക്ക് അല്ലാഹുവിൽ നിന്നുള്ള പ്രത്യേകമായ അനുഗ്രഹങ്ങളുടെ പങ്ക് ലഭ്യമാകുന്നില്ല. സ്വീകാര്യയോഗ്യമായ കല്പനകളൊന്നും അവരിലൂടെ ജനിക്കുന്നില്ല. പരമോന്നതനായ അല്ലാഹുമായുള്ള ബന്ധത്താലുള്ള സാമീപ്യം ഒന്നും അവരിലൂടെ സംജാതമാകുന്നില്ല. പ്രകാശ ജ്വാലയാൽ മനുഷ്യരിലെ ന്യൂനതകളെ കരിച്ചുകളയുന്ന യാതൊന്നും ഉണ്ടാകുന്നില്ല. കാരണം നിഷ്കളങ്കമായ നിലയിൽ അവർ പരമോന്നതനായ അല്ലാഹുമായി അവർ ബന്ധപ്പെടുന്നവരായിരിക്കുന്നില്ല. അവരുടെ സഹായി പിശാചാണ്. അല്ലാഹുവിന്റെ കരുണ്യത്തിന്റെ സാമീപ്യത്താൽ അവർക്കുണ്ടാകേണ്ട സൗഭാഗ്യത്തിൽ നിന്നും അവർ ദൂരപ്പെട്ടിരിക്കുന്നു. അവരുടെ നഫ്സിന്റെ ഭാഷണം അവരിൽ അതിജയിച്ചു നില്ക്കുകയാണ്. മേഘാധിക്യത്താൽ സൂര്യന്റെ ഭൂരിഭാഗവും മറക്കുന്നതുപോലെ ചിലപ്പോഴൊക്കെ അതിന്റെ ചിലഭാഗങ്ങൾ കാണുന്നു എന്നുമാത്രം. ഭൂരിഭാഗസമയത്തും അവർ ഇരുട്ടിന്റെ തിരശ്ശീലയിലായിരിക്കും. അവരുടെ അവസ്ഥ ഇങ്ങനെ തന്നെ തുടരുന്നതാണ്. അവരുടെ സ്വപ്നങ്ങളും, ബോധനങ്ങളും കൂടുതലും സ്വാധീനം ചെലുത്തുന്നത് പിശാചിന്റെ ഉദ്ദേശപൂർത്തീകരണത്തിനാണ്.

(അദ്ധ്യായം I അവസാനിച്ചു)

**************

# الباب الثاني

في بيان الذين يرون رؤى صادقة
أو يتلقون إلهامات صادقة أحيانا
ويكونون على علاقة مع الله تعالى نوعا ما
ولكنها ليست قوية
وإن كيان نفوسهم لا يكون قد احترق تماما بشعلة النور إلا
أنها تكون قريبة من هذه الدرجة لحد ما

## Dreams and Visions : A Clarification

*In a context, where people seek to establish a true relation with Allah, the Most High, these persons occasionally experience good dreams, or true visions come to them. But they are not yet in the stage of strong bonds with the Divine Light which can and will completely annihilate the passions of their self and until they reach that stage, there are limits to their experience of the real Divine presence.*

**സത്യസ്വപ്നങ്ങളും, സത്യബോധനങ്ങളും ചിലപ്പോൾ കാണുന്നവരുണ്ട്. പരമോന്നതനായ അല്ലാഹുമായി അവയ്ക്ക് ഒരു രീതിയിലുള്ള ബന്ധമുണ്ട് എന്ന് നമുക്ക് പറയുവാൻ കഴിയും. എന്നാൽ ആ ബന്ധം ശക്തിമത്തായ തല്ല എന്നും മനസ്സിലാക്കണം. പ്രകാശനാളങ്ങൾ കൊണ്ട് തങ്ങളുടെ നഫ്സിന്റെ ഇച്ഛകളെ പൂർണ്ണമായും കരിച്ചു കളയാത്തടത്തോളം കാലം അവർക്ക് ലഭിക്കുന്ന ദൈവ സാമീപ്യത്തിന് പരിധിയുണ്ട്.**

## CHAPTER II/ അദ്ധ്യായം 2

### സത്യസ്വപ്നങ്ങളും സത്യബോധനങ്ങളും -ഒരു വിശദീകരണം

ഒരു പരിധിവരെ ഐഹീക സുഖവർജ്ജനം നടത്തുകയും, ഔദാര്യം പ്രകടിപ്പിക്കുകയും ചെയ്യുന്നത് സ്വന്തം കടമയായി സ്വയം ഏറ്റെടുക്കുന്നവരായ ചില ആളുകളെ ഈ ലോകത്ത് നമുക്ക് കാണുവാൻ കഴിയുന്നതാണ്. അവർക്കുണ്ടാകുന്ന ഈ ദർശനങ്ങളും, സ്വപ്നങ്ങളും അവരിലുള്ള ജന്മവാസനയുടെ കഴിവു കൂടുതൽ കൊണ്ടാണ് എന്ന് പറയുന്നതാണ് ശരി. ഒരു പരിധിവരെ അവർ കാണുന്ന സ്വപ്നങ്ങളും ദർശനങ്ങളും അവരുടെ മുസ്തിഷ്ക്ക സൃഷ്ടിയുടെ കഴിവിനെയാണ് സൂചിപ്പിക്കുന്നത്. അതുപോലെ അവർ തങ്ങളുടെ നഫ്സുകളെ ശുചീകരിക്കുവാൻ കഴിയുന്നടത്തോളം പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സത്യവും നന്മയും അത്ഭുതാവഹമായ രീതിയിൽ അവരിൽ വളർത്തുവാൻ ശ്രമിക്കുന്നു. ഈ രണ്ടു കാരണങ്ങളാൽ അവരിൽ സത്ദർശനങ്ങളുടെയും സത് സ്വപ്നങ്ങളുടെയും പ്രകാശങ്ങൾ, ഒരു പരിധിവരെ, ഉണ്ടാകുന്നു. എന്നാൽ അവ അന്ധകാരത്തിൽ നിന്നും പൂർണ്ണമായും ഒഴിവായിരിക്കുകയുമില്ല. എന്നാൽ അവ അവരുടെ ചില പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നതാണ്. എന്നാൽ വലിയ കാര്യങ്ങളിൽ അത്തരം ഉത്തര

ങ്ങൾ ലഭ്യമാകുന്നതല്ല. അവരുടെ സത്യത പൂർണ്ണതയിലെത്തിയിട്ടില്ല എന്നതാണ് മഹത്തായ കാര്യങ്ങൾക്കുള്ള ഉത്തരങ്ങൾ ലഭിക്കാതിരിക്കുവാനുള്ള കാരണം. അവരുടെ ഉപമ പുറമെ തെളിഞ്ഞുകാണുന്ന ജലം പോലെയാണ്, എന്നാൽ അതിന്റെ ആഴങ്ങളിൽ അഴുക്കും പൊടിയും നിറഞ്ഞതായിരിക്കും. അവരുടെ നഫ്സുകളെ ശുദ്ധീകരിക്കുന്ന പ്രക്രിയയിൽ അവർ പൂർണ്ണതയിലെത്തിയിട്ടില്ല. അവരുടെ സത്യതയും, അവരുടെ തെളിമയും വലിയ അളവിൽ ഉണ്ടായിരിക്കേണ്ടതിന് പകരം കുറച്ചു മാത്രമെ അവരിൽ ഉണ്ടായിട്ടുള്ളൂ. അതു കൊണ്ട് തന്നെ അവർ പരീക്ഷണങ്ങളിൽ ഇടറി വീഴുന്നു. അല്ലാഹുവിന്റെ അനുഗ്രഹം അവരെ വിടാതെ പിടികൂടുകയും, അല്ലാഹുവിന്റെ രക്ഷാ സങ്കേതത്തിൽ അവരെ സംരക്ഷിക്കുകയും ചെയ്താൽ ഈ ലോകത്ത് അവർ കാലിടറി വീഴാതെ പിടിച്ചു നില്ക്കുന്നതാണ്. എന്നാൽ ഒരു പരീക്ഷണത്തെ അവർ അഭിമുഖീകരിക്കുമ്പോൾ, **ബൽആമിന്**, നേരിടേണ്ടി വന്ന ദാരുണമായ പര്യവസനത്തെപ്പറ്റി, അവർ ഭയപ്പെടേണ്ടതാണ്. ദിവ്യബോധനം ലഭിച്ചുകഴിഞ്ഞവരുടെ അവസ്ഥ ഒരു **നായ**യിലൂടെ താരതമ്യപ്പെടുത്താവുന്നതാണ്. ആ കുഴപ്പക്കാരൻ നായ അവരുടെ വാതിലുകളിൽ അവരെയും പ്രതീക്ഷിച്ചിരിക്കുകയാണ്. അവരുടെ ഭവനങ്ങളിലേക്ക് പെട്ടെന്ന് കടന്നു കയറുകയും അവരെ തട്ടിഇട്ട് നഗ്നരാക്കുകയും ചെയ്യുന്നതാണ്. അവരുടെ അറിവിലും, പ്രവൃത്തിയിലും, വിശ്വാസത്തിലുമുള്ള ദൗർബല്യങ്ങൾ മനസ്സിലാക്കിയാണ് അവന്റെ ഈ കടന്നുകയറ്റം. അങ്ങു വിദൂരതയിൽ അവർ ആ പ്രകാശം കാണുന്നുണ്ട്. എന്നാൽ ആ പ്രകാശം അവരുടെ ഉള്ളിൽ പ്രവേശിക്കുന്നില്ല. അവർക്ക് ലഭ്യമാകേണ്ട ചൂടിന്റെ, ആവശ്യത്തിനുള്ള അംശം, അവർക്ക് എത്തിപ്പിടിക്കുവാൻ കഴിയുന്നില്ല. ആയതിനാൽ അവരുടെ അവസ്ഥ എപ്പോഴും അപകടത്തിൽ തന്നെയാണ്. പരമോന്നതനായ അല്ലാഹു പ്രകാശമാകുന്നു. അവൻ വിശുദ്ധ ഖുർ ആനിൽ പറയുന്നു **അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു.** പ്രകാശത്തിന്റെ അടയാളങ്ങൾ മാത്രം കാണുന്ന ഒരുവന്റെ ഉപമ, അങ്ങ് വിദൂരതയിൽ പുക കാണുന്നവനെ പോലെയാണ്. തീയുടെ പ്രകാശം അവൻ കാണുന്നില്ല. പ്രകാശ ഫലങ്ങളും അവന് ദൃശ്യമല്ല. മനുഷ്യനിലെ ദുർഗുണങ്ങളെ ഇല്ലായ്മ ചെയ്യുവാനുള്ള അതിന്റെ ചൂടും അവന് ലഭ്യമല്ല. പിന്നെ, പരമോന്നതനായ അല്ലാഹു ഉണ്ട് എന്നതിനു തെളിവായി അവർ എടുത്തു കാണിക്കുന്നത് ബൗദ്ധിക തെളിവുകളും, പ്രാമാണ്യ രേഖകളും, ഇൽഹാമുകളിലൂടെ ലഭിച്ച ബോധനങ്ങളുമാണ്. തത്വചിന്തകന്മാരാണെന്നും പണ്ഡിതന്മാരാണെന്നും അഭിമാനം കൊള്ളുന്നവർ, അല്ലാഹു ഉണ്ട് എന്ന് വിശ്വസിക്കുന്നവരായുണ്ട്. അല്ലെങ്കിൽ സ്വപ്നങ്ങളിലൂടെയും, ദർശനങ്ങളിലൂടെയും അവർക്ക് ലഭ്യമായ അവരുടെ കഴിവുകളിലൂടെയും അല്ലെങ്കിൽ അവരുടെ ആത്മീയ ശക്തിയിലൂടെയും അല്ലാഹു ഉണ്ട് എന്ന് അംഗീകരിക്കുന്നവരും ഉണ്ട്. എന്നാൽ പരമോന്നതനായ അല്ലാഹുവിന്റെ സാമീപ്യമാകുന്ന പ്രകാശത്തിൽ നിന്നും അവർ തടയപ്പെട്ടവരാകുന്നു. അവരുടെ ഉപമ അങ്ങു വിദൂരതയിൽ പുക കാണുന്നവരെ പോലെയാകുന്നു. അവർ തീയുടെ പ്രഭ കാണുന്നില്ല. എന്നാൽ പുക കണ്ടുകൊണ്ട് തീയും പ്രഭയും ഉണ്ടെന്നു അംഗീകരിക്കുന്നു. അവർക്കതു മതിയാകും. പ്രകാശ മാധ്യമത്തിലൂടെ നടക്കുകയും ഉൾക്കാഴ്ചയിൽ നിന്ന് തടയപ്പെടുകയും ചെയ്യുന്ന മനുഷ്യന്റെ ഉപമയാണ് വിവരിക്കപ്പെട്ടത്.


വിദൂരതയിൽ നിന്ന് പ്രകാശ ശോഭ കാണുകയും എന്നാൽ അതിൽ പ്രവേശിക്കാതിരിക്കുകയും ചെയ്യുന്നവന്റെ ഉപമ അന്ധകാരമായ രാത്രിയിൽ തീയുടെ പ്രഭ കാണുന്നവനെ പോലെയാണ്. വെളിച്ചം കാണുന്നതിനാൽ പാത ശരിയായ നിലയിൽ കാണാൻ കഴിയുന്നു. എന്നാൽ തണുപ്പിൽ നിന്ന് വിട്ടുനില്ക്കുവാൻ കഴിയുന്നില്ല. കാരണം അവൻ തീയിൽ നിന്നും വിദൂരതയിലാണ്. തന്റെ നഫ്സിൽ ഉണ്ടായിരിക്കുന്ന ഇച്ഛകളെ അഗ്നികരിക്കാത്തതുപോലെ തന്റെ ദേഹേച്ഛകളിൽ നിന്നും വിട്ടു നില്ക്കുവാൻ കഴിയുന്നില്ല. ഇരുൾ മുറ്റിയ രാത്രിയിൽ, അങ്ങു ദൂരെ നിന്ന്, തീയുടെ പ്രഭ ഒരാൾ കണ്ടാൽ, തീയുടെ പ്രഭ കണ്ടു എന്ന കാരണത്താൽ മാത്രം, ആ കൊടും തണുപ്പിൽ നിന്ന് ഒരിക്കലും അയൾക്ക് രക്ഷപ്പെടാൻ സാധിക്കുകയില്ല എന്ന്, ഏതൊരാൾക്കും ഗ്രഹിക്കുവാൻ കഴിയുന്ന കാര്യമാണ്. തണുപ്പിൽ നിന്നും രക്ഷപ്രാപിക്കുന്നതിന്,ഒരളവോളം തീയുടെ സമീപത്തേക്കെത്തുകയും തന്റെ തണുപ്പ് മാറുവോളം, അതിനോട് ചേർന്നു നില്ക്കുകയും, അങ്ങനെ തന്നിലെ തണുപ്പ് വിട്ടകലുകയും ചെയ്യേണ്ടതാണ്. ദൂരെനിന്ന് പ്രകാശം മാത്രം കാണുന്ന ഒരാളെ സംബന്ധിച്ചടത്തോളം, അവൻ അതിലൂടെ, നേർപാതയുടെ ചില അടയാളങ്ങൾ കാണുന്നു എന്നുമാത്രം. അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹത്തെ സൂചിപ്പിക്കുന്ന ഒന്നും തന്നെ അതിലൂടെ കാണപ്പെടുന്നില്ല. തവക്കലിന്റെ കുറവും നഫ്സിന്റെ ഇച്ഛകളും രക്ഷാകവചത്തിൽ നിന്നും നിങ്ങളെ നീക്കിക്കളയരുത്. ഞാനെന്നഭാവത്തേയും നഫ്സിന്റെ ഇച്ഛകളെയും കരിച്ച് ചാമ്പലാക്കാതിരിക്കരുത്. അപ്രകാരം ചെയ്തില്ലെങ്കിൽ പ്രകാശനാളങ്ങൾ നിങ്ങളിൽ നിന്നും വളരെയധികം ദൂരത്തായിപ്പോകുന്നതാണ്. ചുരുക്കത്തിൽ തന്നിലുണ്ടാകുന്ന ആത്മീയതയെ കരിച്ചുകളയരുത് എന്നു സാരം. ആ ആത്മീയത നഷ്ടപ്പെട്ടാൽ, അമ്പിയാക്കന്മാരുടെയും, മുർസലീങ്ങളുടെയും യഥാർത്ഥ അനന്തരാവകാശികളാകുവാൻ സാധിക്കുകയില്ല. ആന്തരികമായ ചില ന്യൂനതകൾ അതിൽ ഒളിഞ്ഞു കിടക്കുകയും അത് അവശേഷിക്കുകയും ചെയ്യും. പരമോന്നതനായ അല്ലാഹുമായുള്ള അവന്റെ ബന്ധം അപൂർണ്ണവും അപക്വവുമായിരിക്കും. കാരണം ദൂരെ നിന്ന് അവൻ നോക്കികാണുന്നത് വെറും മങ്ങിയ കാഴ്ചയായിരിക്കും. പരിശുദ്ധനും പരമോന്നതനുമായ അല്ലാഹുവിന്റെ സംരക്ഷണം അതിനുണ്ടായിരിക്കില്ല. തന്റെ നഫ്സിന്റെ ഇച്ഛകളായിരിക്കും തന്നിലൂടെ കാണുന്നത് മറ്റുചില സന്ദർഭങ്ങളിൽ അവരുടെ ഇച്ഛകൾ ഇളകിവശാകുകയും സ്വപ്നത്തിൽ അത് പ്രളയമായി രൂപാന്തരപ്പെടുകയും ചെയ്യും. പരമോന്നതനായ അല്ലാഹുവിൽ നിന്നുള്ള പ്രക്ഷോഭമാണെന്ന് അവർ ധരിക്കുന്നു. എന്നാൽ അത് ദോഷ പ്രവണതയുള്ള നഫ്സിന്റെ പ്രക്ഷോഭം മാത്രമാണ് എന്നവർ അറിയുന്നില്ല. ഉദാഹരണമായി പറഞ്ഞാൽ ഒരാൾ തന്റെ സ്വപ്നത്തിൽ ഇന്ന ആളെ ഞാൻ ഒരിക്കലും അനുസരിക്കുകയില്ല എന്നു പറയുന്നു. കാരണം ഞാൻ അയാളെക്കാൾ ശ്രേഷ്ഠനാണ്. അതിനേക്കാൾ കൂടുതൽ അനുമാനിച്ചു പറയുവാനും അയാൾ മടിക്കില്ല.യഥാർത്ഥത്തിൽ മറ്റാരെക്കാളും ഞാൻ ശ്രേഷ്ഠനാണ് എന്നു പറയുവാനും മടിക്കില്ല. ഈ വാക്കുകൾ തന്റെ നഫ്സിന്റെ പ്രക്ഷോഭ ഉല്പന്നം മാത്രമാണ്.ഇപ്രകാരം തന്റെ സ്വപ്നത്തിലൂടെ നഫ്സിന്റെ പ്രക്ഷോഭ ഉൽപ്പന്നമായി ധാരാളം വാക്കുകൾ വരാവുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി തനിക്ക് കരസ്ഥമായിരിക്കുന്നു എന്ന് അജ്ഞതയാൽ അവൻ ധരിച്ചുവശാകുന്നു.അങ്ങനെ അവൻ നാശഗർത്തത്തിൽ പതിക്കുന്നു.

എല്ലാനിലയിലും പരമോന്നതനായ അല്ലാഹുവിലേക്ക് മുഖംതിരിക്കാതിരുന്നാൽ, പരിശുദ്ധനായ,പരമോന്നതനായ അല്ലാഹു അവനെ പൂർണ്ണശക്തിയോടും, പൂർണ്ണസത്യതയോടും, പൂർണ്ണസായൂജ്യത്തോടും തെരഞ്ഞെടുകുകയില്ല. ഇക്കാരണത്താൽ പൂർണ്ണതോതിൽ അല്ലാഹുവിന്റെ കാരുണ്യം അവനിൽ വെളിപ്പെടുകയില്ല. ഈ വ്യക്തി ഒരു ഗർഭ ശിശുവിനെ പോലെയാണ്. ആ ശിശുവിൽ റൂഹ് ഊതപ്പെട്ടിരിക്കുന്നു. എന്നാൽ നടക്കാറായിട്ടില്ല. പൂർണ്ണതോതിൽ ആത്മീയ ലോകത്തിലെകാഴ്ചകൾ കാണാൻ അവന്റെ നയനങ്ങൾ മറയപ്പെട്ടിരിക്കുകയാണ്. തന്റെ കാരുണ്യത്തിൽ വളർന്നു വരുന്ന കുഞ്ഞിന് തന്റെ മാതാവിന്റെ മുഖം ദർശിക്കുവാൻ കഴിയുന്നില്ല. ഒരാളിന്റെ വാക്ക് കടം എടുത്താൽ ഇങ്ങനെ പറയാം. **അല്പജ്ഞാനം വഴി തെറ്റിക്കുന്നതാണ്.** ചുരുക്കത്തിൽ അല്പജ്ഞാനം മനുഷ്യനെ അപകടത്തിൽപെടുത്തുന്നതാണ്. ജനങ്ങളിൽ ചിലർക്ക് ചിലസത്യങ്ങളും ജ്ഞാനങ്ങളും വെളിവാകുന്നുണ്ട് എന്നത് ശരിയാണ്. അതിനെ ഉദാഹരിച്ചാൽ നമുക്ക് ഇപ്രകാരം പറയാം. സംശുദ്ധമായ പാൽ അതിൽ അല്പം മൂത്രം കലർന്നാൽ എന്തായിരിക്കും അവസ്ഥ ? അഥവാ ശുദ്ധമായ ജലം അതിൽ അഴുക്ക് കലർന്നാൽ എന്തായിരിക്കും സ്ഥിതി? ഈ സ്ഥാനം കരസ്ഥമാക്കിയ വ്യക്തി ഒരു പരിധിവരെ പിശാചിന്റെ സ്പർശനത്തിൽ നിന്നും സംരക്ഷിക്കപ്പെടുന്നതാണ്. ഒന്നാം ശ്രേണിയിൽ നില്ക്കുന്ന ആളിന്റെ സ്വപ്നങ്ങളും ബോധനങ്ങളും തന്റെ ഭാഷണങ്ങളുമായി കൂടിക്കലരുന്നതാണ്. എന്നാൽ അദ്ദേഹത്തിന് തന്റെ പ്രകൃതിയിൽ പിശാചിന് സ്വാധീനമുള്ളടത്തോളം കാലം തനിക്ക് ലഭിക്കുന്ന സ്വപ്നങ്ങളിൽ നിന്നും പിശാചിനെ മാറ്റിനിർത്തുവാൻ സാധിക്കുകയില്ല. കാരണം നഫ്സിന്റെ ഇച്ഛകൾ അവനെ വലയം ചെയ്തു നില്ക്കുകയാണ്.അതുകൊണ്ടു തന്നെ തന്റെ ഭാഷണങ്ങളെ സംരക്ഷിക്കപ്പെടുകയുമില്ല. **സത്യംപറഞ്ഞാൽ നഫ്സിന്റെ നിർമ്മലതയിലൂടെയാണ് വെളിപാടുകളുടെയും ബോധനങ്ങളുടെയും സത്യാവസ്ഥ പ്രത്യക്ഷീഭവിക്കുന്നത്.** ചുരുക്കത്തിൽ, ആരുടെ നഫ്സുകളിൽ അഴുക്കുകളും പൊടിപടലങ്ങളും കുടികൊള്ളുന്നുവോ, അവരിലുടെ ഉത്ഭൂതമാകുന്ന വെളിപാടുകളിലും, ബോധനങ്ങളിലും പൊടിപടലങ്ങളും അഴുക്കുകളും ഉണ്ടായിരിക്കുന്നതാണ്.

(അദ്ധ്യായം II അവസാനിച്ചു)

*******************



في ذكر الذين يتلقون من الله تعالى وحيا على الوجه
الأكمل والأصفى
ويحظون بشرف المكالمة والمخاطبة الكاملة،
ويرون الرؤى الصادقة كفلق الصبح
وتكون لهم علاقة حُبّ بالله تعالى على وجه أكمل وأتم
ويدخلون نار حبه،
ويحترق وجودهم النفسي بشعلة النور ويصبح رمادا

## *Dreams and Visions : A Clarification*

***In description of those people who receive revelation from God in the perfect and clearest manner, and enjoy the honour of converse and discourse in a perfect manner, and the dreams that they see are also true like the breaking of the dawn, and who have the most perfect and complete relationship of love with God; they enter the fire of divine love and their Carnal self is totally consumed by the flame of light.***

*ദൈവത്തിൽ നിന്നും സമ്പൂർണ്ണമായും സംശുദ്ധമായും വെളിപാടുകൾ ലഭിക്കുന്നവർ, സമ്പൂർണ്ണനിലയിൽ സംവദിക്കുവാനും പ്രഭാഷണം നടത്തുന്നതിനുള്ള ബഹുമതിയാൽ സന്തുഷ്ടരായവർ, അവർ കാണുന്ന സ്വപ്നങ്ങൾ, പ്രഭാതം പൊട്ടിവിടരുന്നതുപോലെ സത്യമായിരിക്കുന്നതാണ്, ദൈവവുമായി സമ്പൂർണ്ണവും സംശുദ്ധവുമായ സ്നേഹബന്ധമുള്ളവർ അവർ ദൈവത്തിന്റെ സ്നേഹാഗ്നിയിൽ പ്രവേശിക്കുന്നതാണ്. അവരുടെ വിഷയാസ്കതമായ/ശാരീരികമായ സ്വർത്ഥചിന്ത പരിപൂർണ്ണമായും പ്രസ്തുത പ്രകാശനാളം ദഹിപ്പിച്ചു കളയുന്നതാണ്.*

# Chapter III / അദ്ധ്യായം3

സംശുദ്ധവും സമ്പൂർണ്ണവുമായ നിലയിൽ പരമോന്നതനായ അല്ലാഹുവിൽ നിന്ന് ദിവ്യ വെളിപാടുകൾ സ്വീകരിക്കുന്നവരുണ്ട്. പരിപൂർണ്ണ സംഭാഷണ സംസാരങ്ങളാൽ അവർ ആദരീണയരായ ഭാഗ്യവാന്മാരായി തീരുന്നു. അവർ കാണുന്ന സത്യസ്വപ്നങ്ങൾ പ്രഭാതം പൊട്ടിവിടരുന്നതുപോലെ ആയിരിക്കും. പരമോന്നതനായ അല്ലാഹുമായുള്ള അവരുടെ സ്നേഹബന്ധം സമ്പൂർണ്ണതയിലായിരിക്കും അത്തരക്കാർ അല്ലാഹു(ത)യുടെ സ്നേഹാഗ്നിയിൽ പ്രവേശിക്കുന്നവരായിരിക്കും. അവരിലുള്ള ശാരീരേച്ഛകൾ, പ്രകാശനാളങ്ങളാൽ കരിച്ച് ചാമ്പലായി തീരുന്നതാണ്.

നിങ്ങളറിയുക! നിശ്ചയം അല്ലാഹു കരുണാവാരിധിയാണ്; ആദരണീയനാണ്. തെളിഞ്ഞ മനസ്സോടെയും സത്യസന്ധതയോടെയും ആരെങ്കിലും അവനിലേക്ക്

തിരിഞ്ഞാൽ, അവൻ പ്രകടിപ്പിക്കുന്നതിനെക്കാൾ കൂടുതൽ തെളിമയോടെയും സത്യസന്ധതയോടയും അല്ലാഹു അവന്റെ നേരെ തിരിയുന്നതാണ്. സത്യഹൃദയത്തോടെ അവനിലേക്ക് നടന്നടുക്കുന്നവർക്ക് ഒരിക്കലും ഒന്നും നഷ്ടമാകില്ല. ഉന്നതമായ സ്വഭാവ വൈശിഷ്ട്യങ്ങളാലും, സ്നേഹ പ്രകടനത്താലും, അനുഗ്രഹ പൂർത്തികരണത്താലും, കാരുണ്യ പ്രവാഹത്താലും,വിവിധങ്ങളായ നന്മകളാലും, മഹോന്നതസ്ഥാനങ്ങളാലും,അവനെ അല്ലാഹു അണിയിച്ചൊരുക്കുന്നതാണ്.അല്ലാഹുവിനോടുള്ള സ്നേഹത്താൽഅവന്റെ ദാസനില്ലാതാകുവോളം അല്ലാഹുമായി ലയിച്ചു ചേരുമ്പോഴാണ് സമ്പൂർണ്ണമായ നിലയിൽ മുകളിൽ പറയപ്പെട്ട അനുഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ അവന് കഴിയുന്നത്. പരിശുദ്ധനും പരമോന്നതനുമായ അല്ലാഹു കരുണാവാരിധിയാണ് ആദരണീയനാണ്. ആയതിനാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരണം വരിക്കുന്നവൻ, പ്രതാപവാനും മഹത്വമുടയുവനുമായ അല്ലാഹുവിൽ നിന്ന് യഥാർത്ഥ ജീവിതം നേടുകയാണ് ചെയ്യുന്നത്. അവനു വേണ്ടി എല്ലാം നഷ്ടപ്പെടുത്തുന്നവൻ, യഥാർത്ഥത്തിൽ ആകാശങ്ങളിൽ നിന്ന് അനുഗ്രഹങ്ങൾ സമ്പാദിക്കുകയാണ് ചെയ്യുന്നത്.

പരമോന്നതനായ അല്ലാഹുമായി പൂർണ്ണ ബന്ധം വളർത്തുന്നവരെ നമുക്ക് ഇങ്ങനെ ഉപമിക്കാം. അങ്ങ് ദൂരെ അഗ്നിയുടെ പ്രകാശം അവർ കാണുന്നു. അതിനു ശേഷം അവർ അതിനോടടുക്കുന്നു. എന്നിട്ട് അവർ അതിൽ പ്രവേശിക്കുന്നു. തുടർന്ന് അവരുടെ ശരീരം മുഴുവൻ കരിഞ്ഞു പോകുന്നു. അവസാനം അഗ്നിയല്ലാതെ മറ്റൊന്നുമില്ലാതായി തീരുന്നു. പരമോന്നതനായ അല്ലാഹുമായി സാമീപ്യത്തിലാവുകയും പൂർണ്ണ ബന്ധം സ്ഥാപിച്ചു കഴിയുന്നവരുടെ അവസ്ഥ ഓരോ ദിവസം പിന്നിടുമ്പോഴും, തനിക്കുള്ളതെല്ലാം അല്ലാഹുവിന്റെ സ്നേഹാഗ്നിയിൽ പ്രവേശിക്കുകയും, തന്റെ നഫ്സിലുണ്ടായിരുന്ന എല്ലാ ഇച്ഛകളും അവന്റെ പ്രകാശ നാളങ്ങളാൽ കരിക്കുകയും അങ്ങനെ അത് ചാമ്പാലായി തീരുകയും, തന്റെ സ്ഥാനം അഗ്നിയായി മാറുകയും ചെയ്യുന്നു. പരമോന്നതനായ അല്ലാഹുവിന്റെ സ്നേഹ കൊടുമുടിയിലാണ് ഇപ്പോൾ അവൻ വിരാചിക്കുന്നത്.

അല്ലാഹു(ത) യുടെ ഗുണ വിശേഷങ്ങൾ തന്നിൽ ഉണ്ടാവുക എന്നതാണ് പരമോന്നതനായ അല്ലാഹുമായുള്ള ഒരാളുടെ ബന്ധത്തിന്റെ ഏറ്റവും വലിയ അടയാളം. തന്നിലുള്ള മാനുഷിക ദുർഗുണങ്ങളെ, പ്രകാശനാളങ്ങൾ കൊണ്ട് കരിച്ച് കളഞ്ഞ് ഒരു പുതുജീവിതം തന്നിലുണ്ടാവുക എന്നതാണത്. മുൻകഴിഞ്ഞ ദുർഗുണ ജീവിതത്തിന് പരിപൂർണ്ണമായ മാറ്റം വരുത്തി ഒരു സത്ഗുണ ജീവിതം തന്നിലൂടെ വളർന്നു വരണം.

ഇരുമ്പ് അഗ്നിയിൽ വെയ്ക്കുമ്പോൾ, തീ അതിലേക്ക് ശക്തമായി പ്രവഹിക്കുകയും, തുടർന്ന് ആ ഇരുമ്പ് കഷണം പൂർണ്ണമായും അഗ്നിയുടെ രൂപമായി മാറുന്നു. അഗ്നിയുടെ ഗുണം ആ ഇരുമ്പ് കഷണം പ്രകടമാക്കുന്നുവെങ്കിലും അത് അഗ്നിയാണ് എന്നു പറയുവാൻ സാധ്യമല്ല. അടിമുടി അല്ലാഹുവിന്റെ സ്നേഹ ജ്വാലയിൽ മുങ്ങുന്നവൻ ഇലാഹിന്റെ മഹത്വങ്ങൾ പ്രകടിപ്പിക്കുവാൻ തുടങ്ങുന്നു. അല്ലാഹുവിന്റെ സ്നേഹാഗ്നി അവനെ ആവരണം ചെയ്തിരിക്കുന്നിടത്തോളം കാലം താൻ ഇലാഹ് ആണ് എന്ന് പറയുവാൻ ആ ദാസന് കഴിയുകയില്ല. സ്നേഹാഗ്നി അവന്റെ മേൽ അധികാരം ഏറ്റെടുത്തപ്പോൾ, സമ്പൂർണ്ണ സ്നേഹത്തിന്റെ, ആയിരക്കണക്കിന്

അടയാളങ്ങൾ അവനിൽ വളരാൻ തുടങ്ങുന്നു. ഇക്കാര്യത്തിൽ സത്യാന്വേഷിയും ബുദ്ധിമാനുമായ ഒരാൾക്ക് സംശയത്തിന്റെ ഒരു നിഴൽപോലും അവശേഷിക്കില്ല. ഈ ബന്ധത്തിലൂടെ നൂറുകണക്കിന് ദൃഷ്ടാന്തങ്ങൾ അവൻ മനസ്സിലാക്കുന്നു. സമ്പൂർണ്ണ ബന്ധത്തിന്റെ മുഖ്യ അടയാളം, അല്ലാഹു എല്ലാ കാര്യങ്ങളിലും വിജയിക്കുന്നതുപോലെ, അല്ലാഹുമായി നല്ല ബന്ധം സ്ഥാപിച്ച ആളും, തന്റെ ശത്രുക്കളുടെയും, ആക്ഷേപകരുടെയും മേൽ വിജയം വരിക്കുന്നതായിരിക്കും. കാരണം ഞാനും എന്റെ ദൂതന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹുവിധി എഴുതിയ കാര്യമാണ്.

ഈ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്, പരമോന്നതനായ അല്ലാഹു പലപ്പോഴും അവന്റെ സ്പഷ്ടമായ വചനങ്ങൾ അവന്റെ ദാസന്റെ നാവിലൂടെ നടപ്പിലാക്കുന്നത്. ദൈവീകമായ അനുഗ്രഹങ്ങളുടെയും മഹത്വങ്ങളുടെയും മധുരം പൊതിഞ്ഞ വചനങ്ങൾ. അദൃശ്യങ്ങളുടെ മേലുള്ള സമ്പൂർണ്ണ ശക്തി പ്രഭാവം വെറും ഭാവനാ വിലാസമല്ലെന്നും എന്നിൽ നിന്നുള്ള ദൃഢതരമായ കല്പനകളാണെന്നും അതിനു തെളിവായി പ്രകാശ സഹവാസം ആ പ്രവചനങ്ങൾക്കുണ്ടെന്നും വ്യക്തമാണ്. എന്റെ റബ്ബിന്റെ പ്രകാശ ധാര ആ പ്രവചനങ്ങളെ അനുഗമിക്കുന്നതാണ്. ആ വചനങ്ങൾ, കല്പനകൾ എല്ലാവിധ ന്യൂനതകളിൽ നിന്നും പരിശുദ്ധമാക്കപ്പെട്ടതാണ്. മിക്കപ്പോഴും, അല്ല കൂടുതൽ സമയങ്ങളിലും അവതിരിക്കുന്ന വചനങ്ങൾ മഹത്തായ പ്രവചനങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കും. ലോകത്തെ പൊതുവിൽ ബാധിക്കുന്നവയും, വിശിഷ്യാ ജീവിതത്തിലെ വിവിധ മണ്ഡലങ്ങളെ സ്പർശിക്കുന്നതുമായ പ്രവചനങ്ങൾ അതിലുണ്ടായിരിക്കും. എത്ര പരിശ്രമിച്ചാലും, ഏതു രീതിയിൽ പരിശ്രമിച്ചാലും ഒരു സാധാരണ നിരീക്ഷകന് ഇത്തരത്തിലുള്ള പ്രവചനങ്ങൾ നടത്തുവാൻ കഴിയുകയില്ല. ഇതിനു തുല്യമായതു കൊണ്ടുവരുവാനും അവർക്ക് സാധിക്കുകയില്ല. ദൈവീക ഭയത്താൽ നിറയപ്പെട്ടതായിരിക്കും ഈ പ്രവചനങ്ങൾ. സമ്പൂർണ്ണ ശക്തി പ്രഭാവത്താൽ പരമോന്നതനായ അല്ലാഹുവിന്റെ തിരുമുഖം അതിലൂടെ ദൃശ്യമാകുന്നതാണ്. ജ്യോതിഷന്മാർ പ്രവചിക്കുന്ന പോലെയല്ല ഈ പ്രവചനങ്ങൾ എന്ന് മനസ്സിലാക്കണം. ഇലാഹിന്റെ സ്വീകാര്യതയും സ്നേഹകുറിമാനങ്ങളും അതിൽ നിരീക്ഷിക്കാവുന്നതാണ്. ദൈവീക സഹായത്തിന്റെയും, ദൈവീകഉറപ്പിന്റെയും ജലം ആ പ്രവചനങ്ങളിൽ നിറഞ്ഞൊഴുകുന്നുണ്ടാകും. അതിലെ ചില പ്രവചനങ്ങൾ തന്നെപറ്റി ആയിരിക്കാം. മറ്റു ചിലത് തന്റെ സന്താനങ്ങളെപ്പറ്റിയാകാം. വേറെ ചിലത് തന്റെ സുഹൃത്തുക്കളെ കുറിച്ചാകാം. ഇനി മറ്റു ചിലത് തന്റെ ശത്രുക്കളെ കുറിച്ചാകാം ഇനി വേറെ ചിലത്, ലോകത്തെ പൊതുവിൽ ബാധിക്കുന്ന കാര്യങ്ങളാകാം. ഇനി വേറെ ചിലതോ തന്റെ ഭാര്യമാരെ കുറച്ചുള്ളതാകാം. തന്നിലുള്ളത് തന്നെയുമാകാം. കാര്യങ്ങൾ തനിക്ക് വെളിവാക്കപ്പെടുന്നു എന്ന് തനിക്കല്ലാതെ മറ്റാർക്കും അത് വെളിവാക്കപ്പെടുന്നതുമില്ല. അദൃശ്യ വാതിലുകളിലൂടെ തന്റെ പ്രവചനങ്ങൾ തുറക്കപ്പെടുന്നു, തനിക്കല്ലാതെ മറ്റാർക്കുവേണ്ടിയും അത് തുറക്കപ്പെടുന്നുമില്ല, അങ്ങനെ അല്ലാഹുവിന്റെ വചനങ്ങൾ അവന്റെ മേൽ ഇറങ്ങുന്നു. അല്ലാഹു(ത) യുടെ പരിശുദ്ധരായ റസൂൽമാർക്കും നബിമാർക്കും ഇറങ്ങുന്നതുപോലെ, അല്ലാഹുവിന്റെ വചനങ്ങൾ അവന്റെ മേൽ ഇറങ്ങുന്നു. സുദൃഢ വചനങ്ങൾ നിസ്സംശയം

പരിശുദ്ധമാക്കപ്പെട്ടവയാണത്. അവന്റെ നാവിന് ബഹുമതി നല്കപ്പെടുന്നു, എത്ര പരിശ്രമിച്ചാലും എങ്ങനെ എല്ലാം പരിശ്രമിച്ചാലും ഒരു സാധാരണ നീരിക്ഷകന് ആർജ്ജിക്കുവാൻ സാധിക്കാത്ത വചനങ്ങളാണ് അവനിലൂടെ വെളിപ്പെടുത്തി അവന്റെ സത്യത ലോകത്തെ ബോധ്യപ്പെടുത്തുന്നത്. അവനോട് മത്സരിക്കുവാൻ ലോകത്ത് ഒരുത്തനും ഉണ്ടായിരിക്കുകയില്ല. ദിവ്യകാഴ്ചകൾ കാണുവാനുള്ള അത്ഭുത ശക്തി അവന്റെ കണ്ണിന് ഔദാര്യപൂർവ്വം നല്കിയിരിക്കുകയാണ്. ഗോപ്യമായതും ലോലമായതുമായ കാര്യങ്ങൾ അവൻ അതിലൂടെ കാണുന്നു. ബഹു ഭൂരിഭാഗം സമയത്തും എഴുതപ്പെട്ട വാക്കുകൾ അവന്റെ മേൽ പ്രദർശിപ്പിക്കുന്നു. ജീവിച്ചിരിക്കുന്നവരെ കണ്ടുമുട്ടുന്നതു പോലെ മരിച്ചുപോയവരെ അവൻ കണ്ടുമുട്ടുന്നു. നൂറുകണക്കിന് മൈലുകൾപ്പുറത്ത്, വിദൂരതയിൽ നടക്കുന്ന കാര്യങ്ങൾ, തന്റെ കാൽചുവട്ടിൽ നടക്കുന്നതുപോലെ അവൻ കാണുന്നു.

ഇപ്രകാരം അപ്രത്യക്ഷമായ കാര്യങ്ങൾ കേൾക്കുവാനുള്ള കഴിവ്, അവന്റെ ചെവികൾക്ക് ഔദാര്യമായി അവൻ നല്കുന്നു. ജാഗ്രതാവസ്ഥയിൽ, കൂടുതൽ സമയവും, മലക്കുകളുടെ ശബ്ദം അവൻ കേൾക്കുന്നു. ആ സംസാരം കേട്ട് അവന്റെ ഹൃദയം സമാധാനമടയുന്നു. ഏറ്റവും അത്ഭുതകരമായ കാര്യം നിർജ്ജീവ വസ്തുക്കളുടേയും, സസ്യലതാദികളുടെയും, മൃഗങ്ങളുടെയും വാർത്തകൾ തന്നിലേക്കെത്തുന്നു എന്നുള്ളതാണ്.

തടിയുടെ രോദനം നിഷേധിക്കുന്ന തത്വചിന്ത നിനക്കന്യമല്ലോ
പ്രവാചകന്മാർ തൻ നേർക്കുള്ള ആന്തരിക ശബ്ദമർമരങ്ങളും!

അതുപോലെ അദൃശ്യതയിലുള്ള കസ്തൂരി പരിമളം മണപ്പിക്കുന്നതിനുള്ള കഴിവ് അവന്റെ നാസാരന്ധ്രത്തിന് നല്കിയിരിക്കുന്നു. അങ്ങനെ അവൻ തന്റെ കൂടുതൽ സമയങ്ങളിലും ആ സന്തോഷ വാർത്തകൾ മണത്തറിയുന്നു. അതുപോലെ തന്നെ തന്നിലേക്ക് വരുന്ന ദുർഗന്ധ പൂരിതമണവും (സന്താപ വാർത്തയും) അവനറിയുന്നു. ഇതേ രീതിയിൽ തന്നെ മുഖലക്ഷണങ്ങൾ പറയുന്നതിനുള്ള കഴിവ് അവന്റെ ഹൃദയത്തിന് നല്കിയിരിക്കുന്നു. അവന്റെ ഹൃദയത്തിൽ ധാരാളം കാര്യങ്ങൾ നിക്ഷേപിച്ചിരിക്കുന്നു. അതിന്റെ സത്യത സ്ഥിരികരിക്കുകയും ചെയ്തിരിക്കുന്നു. പിശാചിന് അവന്റെ മേൽ ഒരധികാരവും ചെലുത്തുവാൻ സാധിക്കുകയില്ല. കാരണം ഈ വ്യക്തിയിൽ പിശാചിനു വേണ്ടിയുള്ള ഒന്നും അവശേഷിപ്പിച്ചിട്ടില്ല. പരമോന്നതനായ അല്ലാഹുവിൽ അവൻ പരമപദം പ്രാപിച്ചിരിക്കുകയാണ്. അവന്റെ നാവ് എപ്പോഴും അല്ലാഹുവിന്റെ നാവായി തീർന്നിരിക്കുകയാണ്. അവന്റെ കൈകൾ അല്ലാഹുവിന്റെ കൈകളായി തീർന്നിരിക്കുകയാണ്. ഈ അവസ്ഥയിൽ അവന്റെ നാവിൽ നിന്നും പുറപ്പെടുന്നതൊന്നും അവന്റെ നഫ്സിന്റെ ഭാഗത്തു നിന്നുള്ളതല്ല മറിച്ച്, അല്ലാഹുവിൽ നിന്നുള്ളതാകുന്നു. പ്രത്യേക രൂപത്തിൽ അവന് ബോധനങ്ങളൊന്നും ലഭിച്ചിട്ടില്ലെങ്കിലും ശരി തന്റെ നഫ്സിൽ നിന്നും ഉണ്ടാകുന്ന എല്ലാ ഇച്ഛകളെയും കരിച്ചുകഴിഞ്ഞിരിക്കുകയാണ്. മുമ്പ് അവനിൽ കുടികൊണ്ടിരുന്ന മരണതുല്യമായ ജീവിതത്തെ ആട്ടി ഓടിച്ചിരിക്കുകയാണ്. പകരം അതിനെതിരയായ ഒരു പുതുജീവിതം ഔദാര്യമായി നല്കിയിരിക്കുകയാണ്. എല്ലാ സമയത്തും ഇലാഹിൽ നിന്നുള്ള പ്രകാശത്താൽ അവൻ പൊതിയപ്പെട്ടിരിക്കുകയാണ്.

അപ്രകാരം തന്നെ അവന്റെ നെറ്റിത്തടത്തിൽ പ്രകാശത്തെ ഔദാര്യമായി നല്കിയിരിക്കുകയാണ്. അല്ലാഹുവിന്റെ പ്രേമ ഭാജനങ്ങൾക്കല്ലാതെ മറ്റാർക്കും അത് നല്കുകയില്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ പ്രകാശത്തിന്റെ മിന്നലാട്ടം നല്ല അളവിലു ണ്ടാകുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ സത്യനിഷേധികൾക്കു പോലും അത് മനസ്സിലാകുന്നതാണ്. സത്യനിഷേധികളായ ആളുകൾ സത്യദൂതന്മാരായ പ്രവാചകൻമാരെ ഉപദ്രവിക്കുന്ന സന്ദർഭങ്ങളിലും അവർ പരമോന്നതനായ അല്ലാഹുവിലേക്ക് തിരിയുകയും, അവന്റെ സഹായത്തിനായി അർത്ഥിക്കുകയും ചെയ്യുമ്പോൾ, പരിശുദ്ധനും പരമോന്നതനുമായ അല്ലാഹു സത്യനിഷേധികൾക്കും, അവരുടെ സത്യത ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതാണ്. ചില പ്രത്യേക സമയങ്ങളിൽ അല്ലാഹു(ത) അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കുമ്പോൾ അല്ലാഹുവിന്റ പ്രത്യേക പ്രകാശം അവരുടെ നെറ്റികളിൽ തേജോകണങ്ങൾ സൃഷ്ടിക്കുന്നതാണ്.

അവരുടെ കൈകളിലും അവരുടെ കാലുകളിലും, മാത്രമല്ല അവരുടെ ശരീരമാസകലം, അല്ലാഹുവിന്റെ അനുഗ്രഹത്തെ നിക്ഷേപിക്കുന്നതാണ്. അതുപോലെ തന്നെ അവർ ധരിക്കുന്ന വസ്ത്രത്തിൽപോലും ആ അനുഗ്രഹം പ്രകടമാകുന്നതാണ്. അവർ ഒരു വ്യക്തിയെ അവരുടെ കരങ്ങൾ കൊണ്ട് സ്പർശിച്ചാൽ, അക്കാരണത്താൽ അവരുടെ ആത്മീയ രോഗങ്ങളും, ശാരീരിക രോഗങ്ങളും, ഭൂരിഭാഗം സമയങ്ങളിലും മാറിപോകുന്നതാണ്.

പ്രതാപവാനും മഹത്വമുടയവനുമായ അല്ലാഹു അവർ നില്ക്കുന്ന സ്ഥലങ്ങളെയും അനുഗ്രഹ പ്രദങ്ങളാക്കുന്നതാണ്. ആ പ്രദേശത്തെ വിപത്തുകളിൽ നിന്നും സംരക്ഷിക്കപ്പെടുന്നതാണ്. അവിടം മലക്കുകളുടെ സംരക്ഷണത്തിലായിരിക്കും. അവരുടെ ഗ്രാമങ്ങളും, അവരുടെ പട്ടണങ്ങളും പ്രത്യേകമായ നിലയിൽ, അനുഗ്രഹങ്ങൾ കൊണ്ട്നിറയ്ക്കുന്നതാണ്. അവരുടെ പാദങ്ങൾ സ്പർശിക്കുന്ന മണ്ണും അനുഗ്രഹിക്കപ്പെടുന്നതാണ്.

അവരുടെ വിശ്വസ്തത മുഴുവൻ സിംഹസമയങ്ങളിലും പ്രവാചകത്വത്തിൽ മുങ്ങിക്കിടക്കുകയായിരിക്കും. ഇനി അവരുടെ മനസ്സിൽ ചപല വികാരങ്ങൾ എന്തെങ്കിലും ഉടലെടുത്താൽ, എന്തെങ്കിലും തിന്നുക അല്ലെങ്കിൽ വേണ്ട എന്ന് വെയ്ക്കുക, അല്ലെങ്കിൽ എന്തെങ്കിലും ഒന്നു കണ്ടാൽ, അപ്പോൾ അവരിലെ സത്യസന്ധത സ്വയം പ്രവാചകത്വത്തിൽ മുങ്ങിക്കിടക്കുകയായിരിക്കും. നിമിഷങ്ങൾക്ക് മുമ്പ് ഏതെങ്കിലും ഒരു കാര്യത്തിൽ അതിയായ ആഗ്രഹം അവരുടെ ഹൃദയങ്ങളിൽ ജന്മം കൊള്ളുകയാണെങ്കിൽ അവർ ഏതു കാര്യത്തെ കുറിച്ചാണോ ആഗ്രഹിച്ചത് അതിനുള്ള മുന്നൊരുക്കങ്ങൾ ചെയ്തിട്ടുണ്ടാകും.

അപ്രകാരം അവരുടെ സംതൃപ്തിയും, അവരുടെ കോപവും പ്രവാചകത്വത്തിന്റെ നിറം പൂണ്ടതും അത്തരം ഉദ്ദേശത്തിലധിഷ്ഠിതവുമായിരിക്കും. ഒരു വ്യക്തിയെ അവർ ശക്തമായ നിലയിൽ ഇഷ്ടപ്പെട്ടാൽ ഭാവിയിലും ആ സന്തോഷം വർദ്ധിക്കുന്നതായി കാണാം. ഇനി ഒരാളിൽ അവർ ശക്തരായി കോപിഷ്ഠരായാൽ, ഭാവിയിലും അവന്റെ അധഃപതനവും നാശവും ദർശിക്കുവാൻ കഴിയുന്നതാണ്. അപ്രകാരം അവർ നശിക്കുവാനുള്ള കാരണം, അവർ (പ്രവാചകന്മാർ) അല്ലാഹുവിന്റെ സംരക്ഷണത്തിൻ കീഴിലായതുകൊണ്ടാണ്. അത്തരം

അവസ്ഥയിൽ അവരുടെ തൃപ്തി അല്ലാഹുവിന്റെ തൃപ്തിയാണ്. അവരുടെ കോപം അല്ലാഹുവിന്റെ കോപമാണ്. നഫ്സിന്റെ പരിശ്രമത്താൽ, ഈ അവസ്ഥകൾ, അവരുടെ മേൽ അപ്രതീക്ഷതമായി കടന്നുവരുന്നതല്ല, മറിച്ച് പരമോന്നതനായ അല്ലാഹുവിൽ നിന്നു കടന്നു വരുന്നതാകുന്നു. അപ്രകാരം അവരുടെ പ്രാർത്ഥനകളും, അവരുടെ അഭിമു ഖീകരിക്കലും സാധാരണ നിലയിലുള്ള പ്രാർത്ഥനപോലെയും അഭിമുഖീകരിക്കൽ പോലെയുമല്ല. മറിച്ച് പ്രസ്തുത അർത്ഥനകളിൽ വളരെ വലിയ സ്വാധീനം കുടികൊണ്ടിരിക്കുന്നു

നിബന്ധനകൾ പൂർത്തീകരിച്ചു കൊണ്ട് ഉണർവ്വോടു കൂടി അവർ അല്ലാഹുവിനെ അഭിമുഖീകരിച്ചാൽ, സംശയലേശമന്യേ, അവരുന്നയിക്കുന്ന പ്രയാസങ്ങൾ നീങ്ങുന്നതിനായി അർത്ഥിക്കുമ്പോൾ, അല്ലാഹു(ത) അത് നീക്കം ചെയ്യുന്നതാണ്. അത് ഒരു വ്യക്തിയിലായാലും ശരി അനേകരിലായാലും ശരി! അല്ലെങ്കിൽ പട്ടണത്തിലാകട്ടെ അല്ലെങ്കിൽ രാജാക്കന്മാരിൽ നിന്നുള്ള ഒരു രാജാവിന്റെ മേലാകട്ടെ! സ്വീകരിക്കുവാൻ പറ്റാത്ത നിലയിൽ വിധിക്കപ്പെടാത്ത ഏതൊരു കാര്യത്തിലായാലും പ്രാർത്ഥന സ്വീകരിക്കുന്നതു തന്നെയാണ്. അതിന്റെ അടിസ്ഥാനതത്വം അവരുടെ ഉദ്ദേശവും അല്ലാഹുവിന്റെ ഉദ്ദേശവും മിക്കപ്പോഴും യോജിപ്പിലായിരിക്കും. അതുകൊണ്ട് തന്നെ പ്രസ്തുത പ്രാർത്ഥനകൾ ഫല പ്രാപ്തിയിലെത്തുന്നു. അവരുടെ ശ്രദ്ധ അവനിലേക്ക് തിരിക്കുകയും അതിൽ ഉറപ്പിച്ചു നിർത്തുകയും അവരിൽ ഇറങ്ങിയ ദുഃഖത്തെ ഉയർത്തുന്നതിനായി ശക്തമായി നിലകൊള്ളുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ അവർ വിചാരിച്ച ദുഃഖവും വേദനയും സ്വീകാര്യമായ നിലയിൽ തയ്യാറാവുകയും പരമോന്നതനായ അല്ലാഹു എത്ര പഴക്കമുള്ള കാര്യമാണെങ്കിലും അവന് അതിന് ഉത്തരം നല്കുകയും ചെയ്യുന്നതാണ്.

അവരുടെ പ്രാർത്ഥനകൾ ഉത്തരം നല്കാതെ മടക്കപ്പെടുന്നതല്ല. എന്നാൽ ചില സന്ദർഭങ്ങളിൽ അവരുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നതല്ല. അത് അവർ ദാസർ എന്ന നിലയിൽ അവരുടെ സ്ഥിരതയ്ക്ക് വേണ്ടിയുള്ള താമസമാണ്. അല്ലാഹുവിന് പങ്കുകാരെ സ്ഥാപിക്കുന്നതിൽ അവരുടെ അജ്ഞതയായ വീക്ഷണത്തിൽ അവർ ചാടാതിരിക്കുന്നതിനു വേണ്ടിയാണ്. പൊടുംന്നനെ വിപത്ത് ഇറങ്ങുകയാണെങ്കിൽ മരണത്തിന്റെ അടയാളങ്ങൾ അക്കാരണത്താൽ പ്രകടമാവുകയും ചെയ്താൽ, അല്ലാഹുവിന്റെ സന്നിധാനത്തിൽ നിന്നും സ്വീകർത്താവിന് മാന്യത ആവശ്യപ്പെടുകയും ചെയ്താൽ, ഈ അവസ്ഥയിൽ പ്രാർത്ഥനയുടെ ഉത്തരം തടയപ്പെടുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ അവർ ക്ഷമ കൈകൊള്ളേണ്ടതാണ്. കാരണം പൊതുവായ നിലയിൽ, വിപത്തിന് അവധി വെയ്ക്കാറില്ല, എന്നത് അല്ലാഹുവിന്റെ സുന്നത്തിൽപ്പെട്ട കാര്യമാകുന്നു. പ്രാർത്ഥനയ്ക്കുള്ള ഏറ്റവും ശ്രേഷ്ഠമായ സമയം, നിരാശയുടെയും ദുഃഖത്തിന്റെയും സമ്പൂർണ്ണ അടയാളങ്ങൾ പ്രകടമാകുന്നതിന് മുൻപായിരിക്കണം. പ്രകടമായ അടയാളങ്ങൾ വെളിപ്പെടുന്നതിനു മുൻപ്, അതായത് കലർപ്പില്ലാത്ത പരീക്ഷണം കൺമുൻപിൽ പ്രത്യക്ഷപ്പെടുന്നതിന് മുൻപ്, പ്രാർത്ഥനകൾ ഒരു പരിധിവരെ ശിക്ഷ ഇറങ്ങുന്നതിനെ തടയുന്നതാണ്. എന്നാൽ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുക എന്ന ഉദ്ദേശം വെളിപെട്ടുകഴിഞ്ഞാൽ, അതിന് മാറ്റം ഉണ്ടാകുന്നല്ല. ഇത്

അല്ലാഹുവിന്റെ സുന്നത്തിൽപ്പെട്ട കാര്യമാണ്.

സ്വീകാര്യയോഗ്യമായ പ്രാർത്ഥനകളിൽ, ഭൂരിഭാഗവും, സ്വീകരിക്കപ്പെടുന്നതാണ് എന്നത്, പൂർണ്ണമായും ശരിയാണ്. അവരിലെ ഏറ്റവും വലിയ അമാനുഷികത എന്നത് പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നു എന്നതാണ്. വിപത്ത് ഇറങ്ങുമ്പോൾ അവരുടെ ഹൃദയങ്ങളിൽ ശക്തമായ ഒരു പിടയൽ ഉണ്ടാകുന്നു. അപ്പോൾ അവർ പരമോന്നതനായ അല്ലാഹുവിലേക്ക് തിരിയുന്നതാണ്. പിടച്ചുകൊണ്ട് അവർ പ്രാർത്ഥനാ നിരതരാകുന്നു. അപ്പോൾ അല്ലാഹു അവർക്ക് ഉത്തരം നല്കുന്നതാണ്. അവരുടെ ഉയർത്തപ്പെട്ട കരങ്ങൾ അപ്പോൾ അല്ലാഹുവിന്റെ കരങ്ങളായി മാറുന്നു. പരമോന്നതനായ അല്ലാഹു മറഞ്ഞിരിക്കുന്ന ഒരു നിധിപോലെയാണ്., സമ്പൂർണ്ണമായ പ്രാർത്ഥനാ സ്വീകാര്യതാമാധ്യമത്തിലൂടെ അവന്റെ മുഖം കാണിക്കപ്പെടുന്നു. ,സ്വീകർത്താവിന് വിഷമമുണ്ടാകുമ്പോഴാണ് അല്ലാഹു(ത) അവന്റെ ദൃഷ്ടാന്തങ്ങൾ പ്രകടമാക്കുന്നത്. അവരുടെ വിഷമം പരിധിവിടുമ്പോഴെല്ലാം അല്ലാഹുവിന്റെ ദൃഷ്ടാന്തം സമീപത്തായിരിക്കുന്നു എന്ന നിലയിൽ അവർ കാത്തിരിക്കുന്നു. അത് പടിവാതിൽക്കൽ എത്തിയിരിക്കുന്നു എന്ന നിലയിൽ! അത്തരം ആളുകൾ പരമോന്നതനായ അല്ലാഹുവിനെ സ്നേഹിക്കുന്നത് ഒരുവൻ തന്റെ പ്രിയ മകനെ സ്നേഹിക്കു ന്നതിനുപരിയായ നിലയിലാരിക്കും. അല്ലാഹുവിന് വേണ്ടി തങ്ങളുടെ ഹൃദയത്തെ തുറന്നുവെച്ചിരിക്കുന്നവർ പ്രസ്തുത മൂശയിലൂടെ (അതിലൂടെ) അത്ഭുതകാര്യങ്ങൾ അവർക്കായി അല്ലാഹു കാണിക്കുന്നു. ഉറക്കത്തിൽ നിന്നുണർന്ന ഒരു സിംഹ ത്തെപോലെ അവന്റെ ശക്തിപ്രഭാവം കാണിക്കപ്പെടുന്നു. നിശ്ചയം അല്ലാഹു ഗോപ്യനാണ്. ഇവർക്കായി അവൻ അവനെ പ്രത്യക്ഷപ്പെടുത്തുന്നു. ആയിരക്കണക്കിനു മറകൾക്കുള്ളിൽ അവൻ മറഞ്ഞിരിക്കുന്നു. എന്നാൽ ഇത്തരം ആളുകൾക്കായി തന്റെ മുഖാരവിന്ദത്തെ പ്രകടമാക്കുന്നു.

നിങ്ങൾ വീണ്ടും കാര്യമായി ചിന്തിക്കേണ്ടതാണ്, സ്വീകാര്യയോഗ്യമായ സഹായാഭ്യർത്ഥനകൾ മുഴുവൻ, സ്വീകരിക്കുന്നതും ഉത്തരം ചെയ്യുന്നതുമാണ്, അതു പൂർണ്ണമായും കരുതികൂട്ടി ചെയ്ത തെറ്റുകളാണെങ്കിൽ പോലും ! എന്നാൽ സത്യത്തിൽ സ്വീകാര്യയോഗ്യമായ ആളുകളോടൊപ്പമുള്ള അല്ലാഹുവിന്റെ ബന്ധം, നിശ്ചയമായും അത് മഹാസത്യസന്ധമായ ബന്ധം മാത്രമായിരിക്കും. ചില സന്ദർഭങ്ങളിൽ അവരുടെ പ്രാർത്ഥനകൾക്ക് ഉത്തരം നല്കുന്നതാണ്. മറ്റു ചില സന്ദർഭങ്ങളിൽ, ദൈവ വിധിക്കുവേണ്ടി അവരിൽ നിന്നും കൂടുതൽ വിനയം ആവശ്യപ്പെടുന്നു. നിങ്ങൾ മനസ്സിലാക്കിയതുപോലെ മഹാസത്യതയുടെ നിലവാരം അവരിൽ കൂടുതലായി ഉണ്ടാകുന്നതിനു വേണ്ടിയാണ്. മഹാസത്യവാനായവൻ വിനയാന്വിതനാകുമ്പോൾ തന്റെ കൂട്ടുകാരനെ വീണ്ടും ലഭിക്കുന്നതിനായി, അവന്റെ ഇഷ്ടത്തിനനുസരിച്ച് അവൻ പ്രവർത്തിക്കുന്നു. വീണ്ടും സമയം ആകുമ്പോൾ, തന്റെ സ്നേഹിതനിൽ നിന്ന് കൂടുതൽ വിനയം കൊണ്ടു വരുന്നു. അത് അവന്റെ ഉദ്ദേശത്തിൽപ്പെട്ട കാര്യമാകുന്നു. ഇക്കാര്യത്തെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ പരമോന്നതനായ അല്ലാഹു ചൂണ്ടി കാണിച്ചിരിക്കുന്നു.

സത്യവിശ്വാസികളോട് വാഗ്ദാനം ചെയ്തിനെ അനുസ്മരിച്ചു കൊണ്ട്, അവർ അവനോട് പ്രാർത്ഥിക്കുമ്പോൾ അവൻ അവർക്ക് ഉത്തരം നല്കുന്നു. അവൻ പറയുന്നു **ഭയം കൊണ്ടും, വിശപ്പുകൊണ്ടും, ധനനഷ്ടം കൊണ്ടും, ജീവനഷ്ടം കൊണ്ടും, സസ്യഫലനഷ്ടങ്ങൾ കൊണ്ടും നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. ക്ഷമാലുക്കൾക്ക് സന്തോഷ വാർത്ത അറിയിക്കുക.**

അവർക്ക് ഏതെങ്കിലും രീതിയിലുള്ള ഒരു വിപത്ത്, അവരെ ബാധിച്ചാൽ അവർ പറയും. **ഞങ്ങൾ നിശ്ചയമായും അല്ലാഹുവിന് മാത്രമുള്ളവരാണ്. നിശ്ചയമായും ഞങ്ങൾ അവനിലേക്ക് മടങ്ങിപോകുന്നവരുമാകുന്നു.** പ്രാർത്ഥനയിൽ അല്ലാഹുവിന്റെ(സുന്നത്ത്) നടപടിക്രമത്തിന്റെ പരിശുദ്ധതയിലേക്ക് ഈ രണ്ട് വചനങ്ങൾ വെളിച്ചം വീശുന്നു. അതോടൊപ്പം രക്ഷകനും ദാസനും തമ്മിലുള്ള ബന്ധത്തിന്റെ രീതിയും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ഇതോടൊപ്പം അവശ്യം ചേർത്തുവായിക്കേണ്ട ഒരു കാര്യം, അജ്ഞന്മാർ ധരിച്ചുവശാകുന്നു. മറ്റുള്ളവരും സ്വപ്നങ്ങൾ കാണുന്നു. അവർക്കും ദർശനങ്ങൾ ലഭിക്കുന്നു. മറ്റ് ബോധനങ്ങളും ലഭിക്കുന്നു. ഈ പുസ്തകത്തിൽ പറയപ്പെട്ട ഈ കാര്യങ്ങളിൽ കൂടുതലും അവർ ഇതിനോടു ചേർത്തു വായിക്കുന്നു. അല്ലാഹുവിലുള്ള സമ്പൂർണ്ണ വിശ്വാസവും അവനോടുള്ള സ്നേഹാധിക്യവും പൂർണ്ണതയ്ക്കുള്ള വഴിയാണെന്നറിയുക. മൂന്നാമത്തെ സ്ഥാനം കരസ്ഥമാക്കുന്നവർ അവരാണ്. ഈ രണ്ടു വിഭാഗങ്ങളെ വേർതിരിക്കുവാൻ ഇതല്ലാത്ത മറ്റൊരു വഴിയുമില്ല.

ഈ ദുർബോധനങ്ങളെ പലപ്രാവശ്യം നാം ആവർത്തിച്ച് തള്ളിക്കള ഞ്ഞതാണ്. എങ്കിൽ കൂടി നാം ഒരിക്കൽ കൂടി ആവർത്തിക്കുന്നു. പ്രാർത്ഥനകൾ സ്വീകരിക്ക പ്പെടുന്നവരും അല്ലാത്തവരും തമ്മിൽ വളരെ വലിയ അന്തരമുണ്ട്. ഈ ഗ്രന്ഥത്തിൽ ഇതു സംബന്ധമായി ചില കാര്യങ്ങൾ മുമ്പു പറഞ്ഞിട്ടുള്ളതാകുന്നു. അപ്പോൾ ഏറ്റവും വലിയ വ്യത്യാസമായി പറയുവാനുള്ളത് ആകാശങ്ങളിലെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ പ്രാർത്ഥനാ സ്വീകാര്യത ലഭ്യമാകുന്ന അല്ലാഹുവിന്റെ ഭക്ത ദാസന്മാർ പരിശുദ്ധവും പരിപാപനവുമായ പ്രകാശവലയത്തിൽ, അവർ മുങ്ങിത്താഴുന്നവരാണ്. അവരുടെ ശാരീരിക ഇച്ഛകളെ അല്ലാഹുവിന്റെ സ്നേഹാഗ്നിയിൽ കരിക്കപ്പെടുന്നു. അവരുടെ ഇഷ്ടം അതിജയിക്കുന്നു. അവരുടെ അനിഷ്ടം പരാജയപ്പെടുന്നു. അവരെ ശക്തിപ്പെടുത്തുന്നതിനും അവരെ സഹായിക്കുന്നിനുമായി അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അധികമധികമായി വെളിപ്പെടുത്തുന്നു. അതിനു തുല്യമായതു കൊണ്ടുവരാൻ ഭൂമിയിൽ ഒരാൾക്കും സാധിക്കുകയില്ല. അതിന്റെ കാരണം, നിശ്ചയമായും അവർ നമ്മെ സ്മരിക്കുന്നതിൽ മുൻ കടന്നിരിക്കുന്നവനെ പോലെയാണ്. പരമോന്നതനായ അല്ലാഹുവിന്റെ തൃപ്തി വെളിപ്പെടുന്നതിനായി സമ്പൂർണ്ണ അവതാരമായാണ് അവർ നിലകൊള്ളുന്നത്. ജനങ്ങൾക്കായി ഗോപ്യമായ ദൈവത്തെ അവർ പ്രത്യക്ഷപ്പെടുത്തുന്നു. പരമോന്നതനായ അല്ലാഹു അവന്റെ ചലനം അവർക്കായി അവൻ പ്രകടിപ്പിക്കുന്നു.

നാം മുമ്പ് പറഞ്ഞിട്ടുള്ള ചില കാര്യങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ വീണ്ടും ക്ഷണിക്കുകയാണ്. അതായത്, ആകാശദൃഷ്ടന്തങ്ങളിൽ ചിലത് കരസ്ഥമാക്കുന്നവർ മൂന്ന് തരത്തിലുണ്ട്.

1. ഒന്നാമത്തെ കൂട്ടരിൽ പ്രകടമായ യാതൊരു ഗുണവിശേഷവും ഉണ്ടായിരിക്കില്ല. പരമോന്നതനായ അല്ലാഹുമായി അവർക്ക് യാതൊരുവിധ ബന്ധവു മുണ്ടായിരിക്കില്ല. എന്നാൽ അവർ കാണുന്നു. ഈ രീതിയിൽ അവരുടെ തലച്ചോറിൽ ഉണ്ടാകുന്ന കാരണത്താൽ-ശരിയായ കാഴ്ച, സത്യമായ ദർശനം, സ്നേഹത്തിന്റെയും സ്വീകാര്യതയുടെയും അടയാളങ്ങൾ അതിൽ കാണുകയില്ല. അതുകൊണ്ട് അവർക്കതിൽ യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ആയിരക്കണക്കിന് ദുർവൃത്തർക്ക് ഈ ചീത്തയായ ഇടപാടുകളുണ്ട്. ദുർവൃത്തരും തെമ്മാടികളും ആയ അവർ നാറ്റം പരത്തുന്ന ഇത്തരം സ്വപ്നങ്ങളിലും, ബോധനങ്ങളിലും പങ്കുകാരാണ്. അവരുമായി ബന്ധിപ്പിക്കുന്ന ഈ നൂല് സ്തുത്യർഹങ്ങളല്ല എന്ന് നിരീക്ഷണങ്ങളിലൂടെ മിക്ക സമയങ്ങളിലും ബോധ്യമാകുന്നതാണ്. അവർ കാണുന്ന സ്വപ്നങ്ങളുടെയും ബോധനങ്ങളുടെയും നിസ്സാരത കണക്കിലെടുക്കേണ്ടതാണ്. അഥവാ അവരുടെ അവസ്ഥയിൽ വളരെ ചുരുങ്ങിയ അളവിൽ വിശ്വാസ പ്രകടനങ്ങൾ നടത്തിയേക്കാം. എന്നാൽ അത് വളരെ ദുർബല വിശ്വാസമായിരിക്കും. സത്യമായ ഒരു സാക്ഷ്യവും അവർക്ക് തെളിയിക്കുവാൻ സാധിക്കുന്നതല്ല. അവർ ലോകത്തെ ഭയപ്പെടുന്നതുപോലെ അല്ലാഹുവിനെ ഭയപ്പെടുന്നവരുമല്ല. ജനങ്ങളിലെ ദുഷിച്ചവരുമായ ബന്ധം അവർ മുറിക്കുന്നവരുമല്ല. സത്യസാക്ഷ്യത്തിന് അവർക്ക് സാക്ഷികളായി തീരുവാനും സാധിക്കുകയില്ല. കാരണം ജനമുഖ്യരായ ദുർവൃത്തർ അക്കാരണത്താൽ അവരുടെ മേൽ കോപിഷ്ടരാകുമെന്ന ഭയത്താൽ ! ഇഹലോക കാര്യങ്ങളിൽ ഒരു വലിയ അളവിൽ അശ്രദ്ധവും അലസതയും അവരെ പിടികൂടിയിരിക്കുന്നു.

ഇഹലോകത്തിലെ ചില പ്രത്യേക താത്പര്യത്തിൽ രാവും പകലും അവർ മുഴുകി കഴിയുകയാണ്. മനഃപൂർവ്വം കള്ളവും കറ്റുകെട്ടുമായി അവർ ബന്ധിതരാണ്. സത്യത്തെ അവർ ഉപേക്ഷിക്കുന്നവരാണ്. ഓരോ ചുവട്ടടിയിലും വഞ്ചനയിലായിരിക്കും അവരുടെ സഞ്ചാരം.

അതിനേക്കാൾ മോശമായ രീതികൾ അവരിൽ ചിലരിൽ കാണാവുന്നതാണ്. ദുർവൃത്തിയിൽ നിന്നും തെമ്മാടിതരത്തിൽ നിന്നും അവർ അകന്നു നില്ക്കുന്നവരല്ല. ഇഹലോകകാര്യം നേടുന്നതിനായി നിയമവിധേയമല്ലാത്ത എല്ലാ പ്രവർത്തികളും അവർ ചെയ്യുന്നതാണ്. അവരിൽ ചിലരുടെ സ്വഭാവ അവസ്ഥകൾ വളരെയധികം ശോചനീയമാണ്. അത്തരം ആളുകൾ മനുഷ്യരൂപം കൊണ്ടിരിക്കുന്നത് അസൂയയ്ക്കുവേണ്ടിയും ലുബ്ധതയ്ക്ക് വേണ്ടിയും ഗർവ്വിനു വേണ്ടിയും അഹംഭാവത്തിനു വേണ്ടിയും, വഞ്ചനയ്ക്കു വേണ്ടിയുമാണ്. എല്ലാ നിലയിലും അവരിൽ നിന്ന് വളരെ മോശമായ പ്രവർത്തനങ്ങൾ മാത്രമെ ഉണ്ടാവുകയുള്ളു. ലജ്ജാകരവും ദുർഗന്ധം വമിക്കുന്നതുമായ വിഭാഗത്തിൽ മാത്രമെ അവരെ നീ കണ്ടെത്തുകയുള്ളു. അത്ഭുതകരമായ മറ്റൊരു കാര്യം

അവരിൽ ചിലർ മ്ലേച്ഛമായ സ്വപ്നങ്ങളല്ലാതെ അവർ കാണുകയില്ല. എന്നാൽ അത് പരിശോധിച്ചു തീരുമാനിക്കേണ്ടതാണ്. ചീത്തയായതും അഴുക്കുള്ളതുമായ സ്വപ്നത്തിനു വേണ്ടിയല്ലാതെ അവരുടെ തലച്ചോറുകളെ സൃഷ്ടിച്ചിട്ടില്ല എന്നതുപോലെയാണ് അവരുടെ അവസ്ഥ. അവർക്ക് പ്രയോജനകരമായ ഒരു സ്വപ്നവും അവർ കാണുകയില്ല. പ്രസ്തുത സ്വപ്നത്തിലൂടെ അവർ ഇഹലോകജീവിതം നന്നാക്കുവാനോ അല്ലെങ്കിൽ അവരുടെ ലക്ഷ്യ പ്രാപ്തിയിലെത്തുവാനോ സാധിക്കുന്നതുമല്ല. അവർ കാണുന്ന സ്വപ്നത്തിൽ മറ്റുള്ളവർക്കുള്ള ഒരു സന്തോഷവാർത്തയും ഉണ്ടായിരിക്കുകയില്ല. അവരുടെ സ്വപ്നങ്ങളുടെ ഉദാഹരണം-മുൻപ് ഞാൻ പറഞ്ഞിട്ടുള്ള മുന്നുവിഭാഗങ്ങളിൽ പെടുന്നതാണ്- അതായത് ഒരുവൻ അങ്ങ് ദൂരെ ഒരു പുക കാണുന്നു. എന്നാൽ അവൻ തീനാളം കാണുന്നില്ല. അവൻ അതിന്റെ ചൂടും അനുഭവിച്ചറിയുന്നില്ല. അത്തരം ആളുകളുടെ ഉപമ അവർക്ക് പരമോന്നതാനായ അല്ലാഹുമായി യാതൊരു വിധ ബന്ധവുമില്ല എന്നാണ്. ആത്മീയ കാര്യങ്ങളിൽ ഒരു പങ്കും അവർക്ക് ലഭ്യമല്ല, പുകപോലെയല്ലാതെ, അതോടൊപ്പം ഒരു പ്രകാശവുമില്ല.

സ്വപ്നദർശനമുണ്ടാകുന്ന രണ്ടാം വിഭാഗത്തിൽപ്പെട്ടവർ അഥവാ ബോധനങ്ങൾ ലഭിക്കുന്നവർ, അവർക്ക് പരമോന്നതനായ അല്ലാഹുമായി ഒരു പരിധിവരെ ബന്ധമുണ്ട്. എന്നാൽ ആ ബന്ധം സമ്പൂർണ്ണമല്ല. അവരുടെ സ്വപ്നദർശനങ്ങൾക്കുള്ള അഥവാ ബോധനങ്ങൾക്കുള്ള ഉപമ അവർ പദാർത്ഥ അതിർത്തിയിൽ നില്ക്കുന്നവരെ പോലെയാണ്. ശക്തമായ തണുപ്പുള്ളതും അതിശക്തമായ അന്ധകാരം ബാധിച്ചതുമായ രാത്രിയിൽ അങ്ങു ദൂരെനിന്ന് അഗ്നിയുടെ നാളം കാണുന്നവനെപോലെയാണ്. പ്രസ്തുത നാളത്തിൽ നിന്നുള്ള പ്രയോജനം അവന് ലഭ്യമാകണമെങ്കിൽ, അവിടെ എത്തിച്ചേരുന്നതിനുള്ള ഒരു വഴി അവൻ കണ്ടെത്തേണ്ടതുണ്ട്. വഴിയിലുടനീളം കുഴികളും, മുള്ളുകളും, കല്ലുകളും വിഷപാമ്പുകളും വന്യമൃഗങ്ങളുമുണ്ട്. ഈ സാഹചര്യത്തിൽ, ഈ അളവിലുള്ള തീനാളം അവനെ തണുപ്പിൽ നിന്നും അപകടത്തിൽ നിന്നും രക്ഷിക്കുന്നതല്ല. അഗ്നിയുടെ ചുറ്റും ചൂട് നല്കുന്ന ഇടത്തേക്ക് അവൻ എത്തിച്ചേരാതിരുന്നാൽ അവൻ അപകടത്തിൽപെടുന്നതാണ്. ഇരുട്ടിൽ നടന്നുപോകുന്നവൻ അപകടത്തിൽ പെടുന്നതുപോലെ !

സ്വപ്നദർശനങ്ങളും ബോധനങ്ങളും ലഭ്യമാകുന്ന മൂന്നാം വിഭാഗത്തിലെ ആൾക്കാർ, അവരുടെ സ്വപ്നങ്ങളും ബോധനങ്ങളും ദൃശ്യമായി തൊട്ടറിഞ്ഞ പദാർത്ഥത്തോട് ഉപമിക്കാവുന്നതാണ്, ഉൾപ്പെടുത്താവുന്നതുമാണ്. തണുപ്പ് ശക്തമായ അന്ധകാരനിബിഡമായ രാത്രിയിൽ തീനാളം സമ്പൂർണ്ണമായി കാണുന്ന ഇവർ പ്രസ്തുത നാളത്തിലേക്ക് നടക്കുന്നു. അതു മാത്രമല്ല അവർ അതിൽ പ്രവേശിക്കുന്നു. അതിലെ ചൂട് അവർ കാത്തു സൂക്ഷിക്കുന്നു. തണുപ്പിന്റെ ബുദ്ധിമുട്ടുകളിൽ നിന്നും പൂർണ്ണമായും അവർ മുക്താരകുന്നു. ഈ സ്ഥാനം അഥവാ പദവി അവർ കരസ്ഥമാക്കുന്നത് അവരുടെ ശാരീരിക ഇഛകളാകുന്ന വസ്ത്രങ്ങളെ പരമോന്നതനായ അല്ലാഹുവിന്റെ സ്നേഹാഗ്നിയിൽ അവർ കരിച്ചുകളയുന്നതുകൊണ്ടാണ്. അതിനായി അവർ കയ്പുള്ള ജീവിതത്തെ തെരഞ്ഞെടുത്തിരിക്കുന്നു. അവരുടെ കൺമുമ്പിൽ അവർ മരണത്തെ കാണുന്നു.

അവർ അതിനെ തെരഞ്ഞെടുക്കുന്നു. അവരുടെ നഫ്സകളിൽ പെട്ടെന്ന് അത് സംഭവിക്കുന്നതിനെ അവർ ഇഷ്ടപ്പെടുന്നു. അല്ലാഹു വിന്റെ മാർഗ്ഗത്തിൽ എല്ലാവിധ വേദനകളും കയ്പുകളും സ്വീകരിക്കുവാൻ അവർ തയ്യാറാണ്. അവരുടെ നഫ്സുകളെ ശത്രുക്കളെപോലെ കരുതുന്നു. അവർ വെറും സാധാരണ വഴികളിലൂടെ അതിനെ നടത്തുന്നു. അവർ വിശ്വാസത്തിന്റെ ദാർഢ്യത പ്രകടമാക്കുന്നു. അവരുടെ വിശ്വാസദാർഢ്യം കണ്ട് മലക്കുകൾപോലും അത്ഭുത പരതന്ത്രരാവുന്നു. അവർ സാധാരണ ആളുകളല്ല. നിശ്ചയമായും അവരുടെ ആത്മീയശക്തി പ്രഭാവത്തിനു മുമ്പിൽ ഒരു ശക്തിയും തുല്യമായി നില്ക്കുകയില്ല. അവർ സമ്പൂർണ്ണരാണ് ഋജുമാനസരുമാണ്. അവർ മഹാസത്യവാന്മാരായ ആളുകളാണ്. ഇഹലോക ആസ്വാദനങ്ങളോ മറ്റിതര പ്രേരണകളോ അവരെ വഴിതെറ്റിക്കുകയില്ല. അവരുടെ ഭാര്യാമക്കളോടുള്ള സ്നേഹം അവരുടെ യഥാർത്ഥ സ്നേഹിതനിൽ നിന്നും അവരെ തിരിച്ചു വിടുന്നതല്ല. ചുരുക്കത്തിൽ ഇഹലോക ദുരനുഭവങ്ങൾ അവരെ ഭയപ്പെടുത്തുന്നതല്ല. അവരുടെ ശാരീരിക ഇഛകൾ പരമോന്നതനായ അല്ലാഹുവിൽ നിന്നും അവരെ തിരിച്ചു വിടുന്നതുമല്ല. അല്ലാഹുമായുള്ള അവരുടെ ബന്ധത്തിന് കോട്ടം തട്ടുന്ന യാതൊരു ബന്ധങ്ങളും അവരെ വലയം ചെയ്യുന്നതുമല്ല.

ആത്മീയ പദവികളിലെ മൂന്നാമത്തെ പദവികളാണിത്. ഒന്നാമത്തേതിന് ദൃഢജ്ഞാനം (ഇൽമുൽയഖീൻ) എന്ന് പേരുപറയാവുന്നതാണ്. രണ്ടാമത്തേതിന് ദൃശ്യജ്ഞാനം (അയ്നുൽ യഖീൻ) എന്ന് പേർ പറയാവുന്നതാണ്. സമ്പൂർണ്ണവും അനുഗ്രഹീതവുമായ മൂന്നാമത്തെ അവസ്ഥയക്ക് ദൃഢതര സത്യം (ഹഖുൽ യഖീൻ) എന്നും പേർ പറയാവുന്നതാണ്. ഒരു മനുഷ്യന്റെയും അറിവ് പൂർണ്ണത പ്രാപിക്കുകയില്ല. ഒരു ശൈഖും പരിശുദ്ധനാവുകയുമില്ല. അവൻ ദൃഢതര സത്യത്തിലേക്ക് (ഹഖുൽ യഖീൻ) എത്തിച്ചേരുന്നതുവരെ ! കാരണം ദൃഢതര സത്യ(ഹഖുൽ യഖീൻ)ത്തിന്റെ അവസ്ഥ കാര്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നതിലൂടെ മാത്രം ചുരുക്കിപറയാവതല്ല മറിച്ച്, മനുഷ്യഹൃദയത്തിൽ കവിഞ്ഞ നിലയിൽ സ്തുതികളർപ്പിക്കുക, അവന്റെ അവസ്ഥ അപ്രകാരം ആയി തീരുക. അങ്ങനെ മനുഷ്യൻ വികാരഭരിതനായി അല്ലാഹുവിന്റെ സ്നേഹാഗ്നിയിൽ പ്രവേശിക്കുക. എല്ലാ നിലയിലും അവന്റെ ശാരീരിക അസ്ഥിത്വം ഇല്ലാത്ത അവസ്ഥയിൽ എത്തുക. ഈ അവസ്ഥയിൽ മനുഷ്യന്റെ ജ്ഞാനത്തിന് മാറ്റം സംഭവിക്കുന്നു. സംസാരത്തിൽ നിന്നും അവൻ മാറി ഒരു പ്രത്യേക അവസ്ഥയിലേക്ക് നീങ്ങുന്നു. സമ്പൂർണ്ണമായും അവന്റെ അധമ ജീവിതം കരിച്ചുകളയുന്നു. അങ്ങനെ അത് ചാമ്പലായി മാറുന്നു. പ്രസ്തുത മനുഷ്യൻ അല്ലാഹുവിന്റെ രണ്ടു കൈകൾക്കിടയിൽ ചമ്രമ്പടിഞ്ഞിരിക്കുകയാണ്. ഇരുമ്പിൽ അഗ്നി പ്രവേശിക്കുമ്പോൾ പൂർണ്ണമായും ഇരുമ്പ് അഗ്നിയായി മാറുന്നതുപോലെ! ബാഹ്യമായി അഗ്നിയുടെ ഗുണങ്ങൾ അതിൽ പ്രകടമാകുവാൻ തുടങ്ങുന്നു. അപ്രകാരം ഈ പദവിയിലെത്തിചേർന്ന മനുഷ്യൻ അല്ലാഹുവിന്റെ ഗുണഗണങ്ങളെ നിഴൽ രൂപത്തിൽ വർണ്ണിക്കുന്നു. പരമോന്നതനായ അല്ലാഹുവിന്റെ തൃപ്തിയിൽ അവൻ അവന്റെ പ്രകൃതിയിൽ ഇല്ലാതാകുന്നു. പരിശുദ്ധനും മഹോന്നതനുമായവനിൽ കൂടി അവൻ സംസാരിക്കുന്നു. അവൻ കാണുന്നതും കേൾക്കുന്നതും അവനിലൂടെയാണ്. അവനിലൂടെയാണ് അവൻ സഞ്ചരിക്കുന്നത്.

പ്രതാപവാനും മഹത്വമുടയവനുമായ അല്ലാഹുവല്ലതെ മറ്റൊരു സ്ഥലവും അവനില്ല. മാനുഷിക ഇഛകളെയെല്ലാം അവൻ ദൈവീക മഹത്വത്തിൽ താഴെയാക്കി അതിജയിച്ചിരിക്കുന്നു. ഈ വിഷയത്തെ അങ്ങേയറ്റം എളുപ്പതരമാക്കിയിക്കുന്നു. സാധാരണ ജനങ്ങൾക്ക് ഇത് ഗ്രഹിക്കുവാൻ എളുപ്പമല്ല, ആയതിനാൽ ഇതു ഞാൻ ഇവിടെ നിർത്തുകയാണ്.

സമ്പൂർണ്ണവും സമുന്നതവുമായ മറ്റൊരു ശൈലിയിൽ മൂന്നാമത്തെ പദവിയെ നമുക്ക് ചിത്രീകരിക്കുവാൻ സാധിക്കുന്നതാണ്. സമ്പൂർണ്ണ വെളിപാടിന്റെ ഉപമ നമുക്കൊന്നു വിശദീകരിക്കാം. മൂന്ന് വിഭാഗങ്ങളിലെ മൂന്നാമത്തെ വിഭാഗമാകുന്നു അത്. പൂർണ്ണമായും സൂര്യനഭിമുഖമായി വെയ്ക്കപ്പെട്ടരിക്കുന്ന ശുദ്ധമായ ഒരു കണ്ണാടിയിൽ പതിക്കുന്ന സൂര്യപ്രകാശവും അതിന്റെ രശ്മികളും പോലെയാണത്, ഒരു സമ്പൂർണ്ണവ്യക്തിയിൽ അതിറങ്ങുന്നത്. അറിയുക നിശ്ചയമായും സൂര്യപ്രഭ അതുതന്നെയാണ് വിവിധ പ്രതലങ്ങളിൽ വിവിധ രീതിയിൽ പരിവർത്തന വിധേയമായി പ്രകടമാകുന്നതിന് കാരണമാകുന്നത്. കട്ടിയുള്ള ഭുപ്രദേശത്ത് സൂര്യരശ്മികൾ പതിക്കുമ്പോൾ അതിന്റെ ഉപരിതലത്തിൽ ശുദ്ധജലവുമില്ലെങ്കിൽ, മറിച്ച് ഉപരിതലത്തിൽ കരിങ്കറുപ്പായ മണ്ണുമാണെങ്കിൽ അത് ചെങ്കുത്തായി കിടക്കുകയുമാണെങ്കിൽ അവിടെ സൂര്യരശ്മി പതിക്കുന്നത് തലകീഴായിട്ടായിരിക്കും, അതു വളരെ ബലഹീനമായതുമായിരിക്കും വിശിഷ്യാ സൂര്യനും ഭൂമിക്കുമിടയിൽ മേഘങ്ങളുള്ള അവസ്ഥയിലാണെങ്കിൽ രശ്മികൾ കൂടുതൽ ദുർബലങ്ങളായിരിക്കും. എന്നാൽ സൂര്യകിരണങ്ങൾ നേരിട്ടുപതിക്കുകയാണെങ്കിൽ അതിനെ മേഘങ്ങൾ തടയാതിരുന്നാൽ പതിക്കുന്നത് തെളിഞ്ഞ ശുദ്ധജലത്തിലുമാണെങ്കിൽ, ശുദ്ധമായ കണ്ണാടിയിൽ പതിക്കുന്നതുപോലെ, അപ്പോൾ നിശ്ചയമായും, അതിന്റെ ശക്തി സാധാരണരശ്മിയിൽ നിന്നും പതിൻമടങ്ങ് വർദ്ധിക്കുന്നതാണ്. അത്തരം പ്രകാശധാര കണ്ണഞ്ചിപ്പിക്കുന്നതായിരിക്കും. അപ്രകാരം എല്ലാവിധ അഴുക്കുകളിൽ നിന്നും മുക്തമായി പരിശുദ്ധവും പരിപാപനവുമായ നഫ്സിൽ ദൈവീക വെളിപാടുകൾ ഇറങ്ങുമ്പോൾ, അപ്പോൾ അത്തരം പ്രകാശം സാധാരണഗതിയിൽ ഉന്നത രൂപത്തിലായിരിക്കും. (നഫ്സിൽ) പൂർണ്ണരൂപത്തിൽ ദൈവീക ഗുണങ്ങൾ പ്രതിബിംബിക്കുന്നു. ഏകനായ അല്ലാഹുവിന്റെ മുഖം സമ്പൂർണ്ണമായി പ്രകടമാകുന്നു. ഈ അന്വേഷണത്തിൽ നിന്നും നമുക്ക് വ്യക്തമാവുന്നത്. നിശ്ചയമായും സൂര്യപ്രഭ അതു ഉദിക്കുമ്പോൾ എല്ലാ സ്ഥലത്തും പതിക്കുന്നു. ഇത് പരിശുദ്ധ സ്ഥലാത്തായാലും ശരി, അഴുക്കുള്ള സ്ഥലത്തായാലും ശരി, അത് മലം കൊണ്ട് നിറയപ്പെട്ട കക്കൂസിലാണെങ്കിൽ പോലും അതിന്റെ ഓഹരി അതിന് ലഭിക്കുന്നു. ഈ പ്രകാശത്തിൽ സമ്പൂർണ്ണ പ്രവാഹം തെളിഞ്ഞകണ്ണാടിയിൽ ലഭ്യമാകുന്നു. അഥവാ തെളിഞ്ഞ ജലാംശയത്തിൽ കരസ്ഥമാകുന്നു. അതിന്റെ തെളിമയൂടെ തോതനുസരിച്ച് അതിന്റെ പരിശുദ്ധതയുടെ കാരണത്താൽ സൂര്യന്റെ രൂപം അതിൽ പ്രതിബിംബിക്കുന്നു. അതിന്റെ കാരണം പരമോന്നതനായ അല്ലാഹു ലൂബ്ധനായതുകൊണ്ടല്ല. മറിച്ച് അവൻ അവന്റെ തന്നെ, പ്രകാശത്തിന്റെ അംശം ഒരോത്തർക്കും ലഭിക്കുന്നു. എന്നാൽ തങ്ങളുടെ ശാരീരിക ഇഛകളിൽ നിന്ന് ഒഴിവായവർ, പരിശുദ്ധനും പരമോന്നതനുമായ അല്ലാഹുവിന്റെ സമ്പൂർണ്ണ പ്രദർശനാലയമായി തീർന്നവരിൽ അവരിൽ അല്ലാഹു നിഴൽ രൂപത്തിൽ പ്രവേശിക്കുന്നു. അവരുടെ അവസ്ഥ നിശ്ചയമായും മറ്റുള്ളവരിൽ നിന്ന്

വിഭിന്നമായിരിക്കും. സൂര്യനെ നിങ്ങൾ ആകാശത്തിൽ ഉണ്ടായിരിക്കുന്നതായി കാണുന്നു. സംശുദ്ധമായ ജലം അഥവാ തെളിഞ്ഞ കണ്ണാടി അതിന് അഭിമുഖമാകുമ്പോൾ വെള്ളത്തിൽ അഥവാ കണ്ണാടിയിൽ അത് ഉള്ളതു പോലെ വെളിപ്പെടുത്തുന്നു. എന്നാൽ യഥാർത്ഥത്തിൽ അത് വെള്ളത്തിലുമില്ല കണ്ണാടിയിലും ഇല്ല. എന്നാൽ അവ രണ്ടിന്റെയും സംശുദ്ധി മൂലം അവ രണ്ടിന്റെയും മഹത്വം മൂലം ജനങ്ങൾക്കു തോന്നുന്നു സൂര്യൻ അതിൽ രണ്ടിലും ഉണ്ടെന്ന് !

സമ്പൂർണ്ണവും പരിപൂർണ്ണവുമായ രൂപത്തിൽ പരിശുദ്ധത നേടിയ നഫ്സിനല്ലാതെ, സമ്പൂർണ്ണവും പരിപൂർണ്ണവുമായ രൂപത്തിലുള്ള അല്ലാഹിൽ നിന്നുള്ള ദിവ്യവെളിപാടിന്റെ പ്രകാശ ധാര ലഭിക്കുകയില്ല. സ്വപ്നദർശനവും ബോധനവും ഒരു പരിധിയോളം ഒരാൾക്കുണ്ടാവുകയും എന്നാൽ അത് തിരിച്ചറിയുവാൻ അഥവാ പരിപൂർണ്ണതയിലെത്തുവാൻ അയാൾക്ക് ഭാഗ്യമുണ്ടായിട്ടുമില്ല. പരിപൂർണ്ണ പരിശുദ്ധത ആർജ്ജിക്കുവാനുള്ള കാരണങ്ങൾ ഉണ്ടായിട്ടില്ല. പ്രകാശ പ്രതിബിംബം അതിൽ പരിപൂർണ്ണവസ്ഥയിൽ എത്തിയില്ല. പരിശുദ്ധനും പരമോന്നതനുമായ യഥാർത്ഥ സ്നേഹിതന്റെ മുഖം അതിൽ വെളിവാക്കപ്പെട്ടിട്ടുമില്ല. അതിന്റെ ഉദാഹരണം ഇപ്രകാരമാണ്. അല്ലാഹുവിന്റെ പൊതുവായ കാരുണ്യം എല്ലാവർക്കും ഔദാര്യപൂർവ്വം നല്കിയിരിക്കുകയാണ്. എന്നാൽ ചില ഒറ്റപ്പെടുത്തൽ, അസാധാരണമാക്കൽ ഇല്ലാതെയില്ല

രണ്ടു കണ്ണുകൾ, മൂക്ക്, ചെവി, മണത്തറിയുവാനുള്ള കഴിവ്, മറ്റെല്ലാ കഴിവുകളും പൊതുജനത്തിന് ഇതിലൊന്നും കുറവു വരുത്തിയിട്ടില്ല. അതുപോലെ പരിശുദ്ധനും പരമോന്നതനുമായ അല്ലാഹു ഒരു കാലഘട്ടത്തിലുമുള്ള ജനതയ്ക്കും നിഷിദ്ധമാക്കിയിട്ടില്ല, അവരിലെ ആത്മീയ കഴിവുകളെ വളർത്തി എടുക്കുന്നതിനെ ! സൂര്യപ്രകാശം എല്ലാ ഭാഗത്തും പതിക്കുന്നു. അത് കട്ടിയുള്ള സ്ഥലമായാലും ശരി മൃദുല സ്ഥലമായാലും ശരി, അതിൽ നിന്ന് അതിനെ ഒഴിവാക്കുന്നില്ല. ഇതേ അവസ്ഥയാണ് ആത്മീയ സൂര്യനുമായി ആ പ്രകൃതി നിയമത്തെ ബന്ധിപ്പിക്കുകയാണെങ്കിൽ ലഭിക്കുക. കട്ടിയായ സ്ഥലമായാലും ശരി മൃദുലമായ സ്ഥലമായാലും ശരി അതിന്റെ പ്രകാശത്തെ അതു തടയുന്നില്ല. ശരിയാണ് പ്രസ്തുത പ്രകാശം ദോഷത്തിൽ നിന്നകന്നതും സംശുദ്ധവുമായ ഹൃദയത്തോട് അതിന് പ്രേമം കൂടുന്നു. ആത്മീയ സൂര്യൻ സംശുദ്ധമായ വസ്തുക്കളെ കണ്ടുമുട്ടുമ്പോൾ തന്റെ പ്രകാശത്തെ അതിൽ പരിപൂർണ്ണതോതിൽ പ്രകടമാക്കുന്നു. അതിൽ തന്റെ മുഖകമലത്തെ ചിത്രരൂപത്തിൽ പ്രദർശിപ്പിക്കുന്നു. സൂര്യനെ നിങ്ങൾ കാണുന്നതുപോലെ. സംശുദ്ധമായ ജലത്തിനഭിമുഖമായി വരുമ്പോൾ അതിന്റ പൂർണ്ണരൂപം അതിൽ പ്രകടമാക്കുന്നു. ശുദ്ധജലത്തിൽ അഥവാ തെളിഞ്ഞ കണ്ണാടിയിൽ കാണുന്ന സൂര്യനും ആകാശത്തിൽ കാണുന്ന സൂര്യനും തമ്മിൽ നേരിയ വ്യത്യാസം പോലുമില്ലാത്ത നിലവാരത്തിൽ പരസ്പരം നോക്കി കാണാവുന്നതാണ്.

പരമോന്നതനായ അല്ലാഹുവിന്റെ രൂപത്തെ നോക്കി കാണത്തക്ക നിലയിലുള്ള, പൂർണ്ണ പദവിയിലേക്ക് എത്തിച്ചേരുന്ന ശുദ്ധമായ സൗഭാഗ്യത്തെക്കാൾ, വലുതായ ഒരാത്മീയ ഇടം നമുക്ക് കാണിച്ചു തരുന്നു.

മനുഷ്യനിലെ ഈ കാര്യം സംബന്ധമായി വിശുദ്ധഖുർആനിൽ അല്ലാഹു(ത) ചൂണ്ടി കാണിക്കുന്നു അല്ലാഹു പറയുന്നു നിശ്ചയമായും ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിക്കുന്നതാണ്.

ഇവിടെ വ്യക്തമാക്കപ്പെടുന്ന ഒരു കാര്യം ഖലീഫയുടെ രൂപം അത് അതിന്റെ കുലവുമായി ബന്ധിതമാണ്. പിന്നെ പ്രതിനിധിയായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അതിന്റെ ആകൃതിയും അവയവങ്ങളും എങ്ങനെയോ അങ്ങനെ. എവിടെയോ അവിടെ അത് നിലകൊള്ളുന്നു. അത് രൂപത്തിൽ വെളിപ്പെടുന്നു. അപ്രകാരം അത് പൂർണ്ണവുമാണ്. തൗറാത്തിലും പ്രവാചകവചനത്തിലും വന്നിരിക്കുന്നു. പരമോന്നതനായ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് അവന്റെ രൂപത്തിലാകുന്നു. ഇവിടെ രൂപത്തിൽ എന്നതു കൊണ്ടുള്ള വിവക്ഷ അതിന്റെ ആത്മീയ സാദൃശ്യമാകുന്നു. ഒന്നുകൂടി വ്യക്തമാക്കി പറഞ്ഞാൽ അതായത് സൂര്യപ്രകാശം തെളിഞ്ഞ കണ്ണാടിയിൽ പതിക്കുമ്പോൾ അതിൽ സൂര്യനെ മാത്രമായി നോക്കി കാണുവാൻ സാധിക്കുകയില്ല. മറിച്ച് കണ്ണാടിയും അതിന്റെ ഗുണവിശേഷങ്ങൾ വെളിപ്പെടുത്തേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ അതിന്റെ പ്രഭതലകീഴായി മറിയുന്നതാണ്. ആത്മീയ സൂര്യന്റെ രൂപത്തിലേക്ക് അതിന്റെ അവസ്ഥ സ്വയം ചേർത്തു നിർത്തേണ്ടതാണ്. സംശുദ്ധ ഹൃദയം പ്രതിബിംബ ചിത്രത്തെ സ്വീകരിക്കുമ്പോൾ പ്രസ്തുത ഹൃദയത്തിൽ നിന്നും സൂര്യരശ്മികളെപോലെ പ്രകാശ രശ്മികൾ പുറപ്പെടുന്നതാണ്. അങ്ങനെ മറ്റു വസ്തുക്കളെയും അതു പ്രകാശിപ്പിക്കുന്നു. സൂര്യൻ മൊത്തത്തിൽ സർവ്വശക്തിയോടെയും മഹത്വത്തോടെയും അതിൽ പ്രവേശിച്ചതുപോലെ !

എടുത്തുപറയേണ്ട മറ്റൊരു കാര്യം അറിയുക, മൂന്നാമത്തെ വിഭാഗത്തിൽ പെടുന്ന ആളുകൾ, അവർക്ക് പരമോന്നതനായ അല്ലാഹുമായി അഗാധമായ ഒരു ബന്ധമുണ്ട്. സംശുദ്ധവും സമ്പൂർണ്ണവുമായ ദൈവീക വെളിപാടിനാൽ അവർ സമ്പന്നരാണ്. ദൈവീക സംഭാഷണം സ്വീകരിക്കുന്നത് എപ്പോഴെക്കെയാണെങ്കിലും എവിടെവച്ചാണെങ്കിലും അതിൽ നിന്ന് അവർ ശ്രദ്ധതിരിക്കുന്നതല്ല. കാരണം അവരുടെ ശുദ്ധപ്രകൃതിയാകുന്ന ശക്തി ദുർഗ്ഗം അതുമായി യോജിക്കുകയില്ല. എന്നാൽ അവരിൽ തന്നെ അവരുടെ ശക്തിപ്രഭാവ വൃത്തം അതിനെക്കാൾ വിശാലമായവരുമുണ്ട്. ഭാവനയുടേയും ചിത്രത്തിന്റെയും വൃത്തം വിശാലവും ഉന്നതവുമായി തീരുന്നതാണ് എന്നും മനസ്സിലാക്കുക. പരമോന്നതായ അല്ലാഹുമായി ശക്തമായ ബന്ധം സ്ഥാപിച്ച ഭാഗ്യവാന്മാരായ ചിലരും ജനങ്ങളിലുണ്ട്. അവരിൽ ചിലരുടെ ബന്ധം പരിശുദ്ധനും പരമോന്നതനുമായ അല്ലാഹുമായി വളരെ വളരെ ശക്തിമത്തായിരിക്കും. അവരുടെ അല്ലാഹുമായുള്ള ബന്ധത്തിന്റെ പ്രകൃതി, ഭൂമിയിലെ മറ്റൊരു ബന്ധം പോലെയു മായിരിക്കില്ല. അത് ബുദ്ധിക്ക് പ്രാപ്യവുമില്ല. ആദ്യാന്തരഹിതനായ അവരുടെ സ്നേഹിതന്റെ സ്നേഹസാഗരത്തിൽ മുങ്ങിക്കടക്കുന്നവരാണ്. അവരുടെ അസ്ഥിത്വത്തിന്റെ ഓരത്തുപോലും അവശേഷിക്കുന്നവരല്ല. അത്തരം സ്ഥാന പദവി കരസ്ഥമാക്കിയിട്ടുള്ളവർ അവരുടെ ശുദ്ധ പ്രകൃതിയാകുന്ന ശക്തി ദുർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുന്നവരല്ല. വിശുദ്ധഖുർആനിൽ പ്രസ്താവിച്ചതുപോലെ ഓരോന്നും ഓരോ സഞ്ചാരപഥത്തിൽ അനായാസം സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.(36:41) ശുദ്ധ പ്രകൃതിയുടെ ശക്തിയേക്കാൾ കൂടുതൽ പ്രകാശം

സ്വീകരിക്കുവാൻ ഒരാൾക്കും സാധിക്കുകയില്ല. ഒരു നഫ്സിനും തന്റെ ആത്മീയ ചിത്രത്തെ പ്രതിബിംബിപ്പിക്കുവാൻ കഴിയുകയില്ല. തന്റെ കഴിവിനുമപ്പുറമുള്ള സൂര്യകിരണങ്ങളെ സ്വീകരിക്കുവാൻ കഴിയാത്തതുപോലെ! പരമോന്നതനായ അല്ലാഹു(ത) ശുദ്ധപ്രകൃതിക്കാരന്റെ കഴിവനു സരിച്ചുള്ള അളവിൽ മാത്രമാണ് അവന്റെ മുഖാരവിന്ദത്തെ ഓരോ വ്യക്തിക്കും കാണിക്കപ്പെടുന്നത്. ചിലപ്പോൾ അത് ചെറിയ രൂപത്തിൽ കാണിക്കുന്നു. ഈ ചെറുതാക്കുന്നതിന്റെയും അഥവാ വലുതാക്കുന്നതിന്റെയും കാരണം ശുദ്ധ പ്രകൃതിയുടെ ശക്തിയുടെ അളവനുസരിച്ചായിരിക്കും. ഉദാഹരണമായി പറഞ്ഞാൽ വലിയ മുഖം ചെറിയമുഖമായി പ്രത്യക്ഷപ്പെടുന്നു. ഉള്ളു വളഞ്ഞ കണ്ണാടിയിൽ! എന്നാൽ ഉൾവളഞ്ഞ കണ്ണാടിയാലും അഥവാ ആഴമുള്ള കണ്ണാടി ആയാലും തുല്യമാണ്. മുഖത്തിന്റെ ആകൃതിയെ കാണിക്കുവാൻ അതു മതിയായതാണ്. ഏക വ്യത്യാസം ചെറിയ കണ്ണാടിക്ക് മുഖത്തിന്റെ പൂർണ്ണരൂപം ദൂരെ കാണിക്കുവാൻ കഴിയുകയില്ല. വലിപ്പകുറവ് അഥവാ വലിപ്പകൂടുതൽ ഉൾവളഞ്ഞ കണ്ണാടിയിലും ആഴമുള്ള കണ്ണാടിയിലും ഉണ്ടാകുന്നതുപോലെ! പരമോന്നതനായ അല്ലാഹുവിന്റെയിലും ഉണ്ടാകുന്നതുപോലെ, പരമോന്നതനായ അല്ലാഹുവിന്റെ, കാലത്തിലും, പരിവർത്ത നങ്ങൾ ഉണ്ടാകുന്നു. അവൻ ആദ്യാന്തരഹിതനായിരിക്കുന്നതോടൊപ്പം, വിവിധ ജനങ്ങളിൽ അവനെ സ്വീകരിക്കുന്ന കഴിവനുസരിച്ച്, കണ്ണുകളിൽ അവൻ വലിയ അന്തരങ്ങളിൽ പ്രത്യക്ഷനാകുന്നു. പരിശുദ്ധനും പരമോന്നതനുമായവന്റെ ഗുണവിശേഷങ്ങളുടെ പ്രത്യക്ഷ രീതിയനുസരിച്ച് അവൻ പ്രത്യക്ഷനാകുന്നു.

സെയ്ദിന്റെ ഇലാഹ് (ആരാധ്യൻ) അല്ലാഹു ആകുന്നതുപോലെ, ബക്കറിന്റെ ഇലാഹ് അങ്ങനെ ആയിരിക്കില്ല. ഖാലിദിന്റെ ഇലാഹും അങ്ങനെ ആയിരിക്കില്ല. സെയ്ദിന്റെയും ബക്കറിന്റെയും ഇലാഹിൽ നിന്നും ഭിന്നമായിരിക്കും ഖാലിദിന്റെ ഇലാഹ് ! എന്നാൽ സത്യമായിട്ടില്ലത്തെന്താണ് ഇലാഹ് (ആരാധ്യൻ) ഒന്നു തന്നെയാണ് ഇവിടെ മൂന്ന് ഇലാഹില്ല. എന്നാൽ അവൻ, അവന്റെ വലിയ നില, വിവിധരൂപത്തിൽ പ്രകട മാക്കുന്നു. വിവിധങ്ങളായ അവന്റെ തേജോവിലാസങ്ങളിൽ നിശ്ചയമായും മൂസാ(അ) യുടെയും ഈസാ(അ) യുടെയും മുഹമ്മദ്(സ) യുടെയും ഇലാഹ് ഒന്നായിരുന്നില്ല. എന്നാൽ പ്രസ്തുത ഇലാഹ് മൂന്ന് രൂപങ്ങളിൽ പ്രത്യക്ഷനായി. അവന്റെ വിവിധങ്ങളായ തേജോവിലാസങ്ങളിൽ! മൂസാ(അ)ന്റെ വീക്ഷണകോണിലുള്ള ഖുദ്റത്ത് ബനീഇസ്രായില്യരിലും ഫിർഔനിലും മാത്രം പരിമിതപ്പെടുത്തിയതായിരുന്നു. ദൈവീകശക്തി പ്രകടനത്തിന്റെ തേജോവിലാസം ഈ പരിധിയിൽ പരിമിത പ്പെടുത്തിയിരിക്കുന്നു. മൂസ(അ)ന്റെ സിദ്ധാന്തം ആ കാലത്തെയും വരും കാല ത്തെയും ആദം സന്തതികൾക്ക് മുഴുവൻ നീട്ടപ്പെട്ടിരുന്നുവെങ്കിൽ, തൗറാത്തിന്റെ അധ്യാപനങ്ങളെ ഇപ്പോഴത്തെ അവസ്ഥപോലെ പരിമിതിപ്പെടുത്തുകയോ, ചുരുക്കുകയോ ചെയ്യുമായിരുന്നില്ല.

അപ്രകാരം ഈസാ (അ) ന്റെ ശക്തി പ്രഭാവസിദ്ധാന്തം യഹൂദന്മാരുടെ ചില ശ്രോതങ്ങളിൽ മാത്രമായി ചുരുക്കപ്പെട്ടതാകുന്നു. അവർ അന്ത്യോക്യ എന്ന സ്ഥലത്ത് വസിച്ചിരുന്നവരായിരുന്നു. വർത്തമാനകാലഘട്ടത്തിൽ വാക്കുകൾ കൊണ്ട് സാന്ത്വനപ്പെടുത്തുന്ന അദ്ദേഹത്തിന്റെ ഉപദേശങ്ങൾക്ക് ഇന്നത്തെ ജനങ്ങളുമായി യാതൊരു ബന്ധവുമില്ല. അക്കാരണത്താൽ അല്ലാഹുവിന്റെ

ഖുദ്റത്തിന്റെ തേജോ വിലാസം അദ്ദേഹത്തിന്റെ ദീനിൽ ഒരു നിശ്ചിത വൃത്തപരിധിയിൽ പരിമിതപ്പെടുത്തു കയുണ്ടായി. ഭാവിയിലേക്കുള്ള ഇലാഹിൽ നിന്നുള്ള വെളിപാടുകളും ബോധനങ്ങളും അവിടെ അവസാനിക്കുകയുണ്ടായി. യഹുദന്മാരുടെ കുഴപ്പം പിടിച്ച സ്വഭാവ സംസ്ക്കരണത്തിനും പ്രവർത്തനശുദ്ധീകരണത്തിനും വേണ്ടി മാത്രമായിരുന്നു ബൈബിളിലെ അധ്യാപനങ്ങൾ! മുഴുലോകത്തിന്റെയും കുഴപ്പങ്ങൾ ദൂരികരിക്കുവാൻ ദീർഘകാലടിസ്ഥാത്തിൽ നല്കപ്പെട്ടതല്ല, അദ്ദേഹത്തിന്റെ തത്വസംഹിതകൾ! പൊതുജനസംസ്ക്കരണത്തിന് അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ പര്യാപ്തങ്ങളല്ല. മറിച്ച് അന്ത്യാക്കിയായിലുണ്ടായിരുന്ന യഹുദന്മാരുടെ സ്വഭാവദൂഷ്യത്തെ നന്നാക്കുവാൻ വേണ്ടി മാത്രമായിരുന്നു. മറ്റു രാജ്യവാസികളുമായി ബൈബിളിന് ബന്ധമില്ല. തുടർന്നു വരുന്ന കാലഘട്ടത്തിനനുയോജ്യമായ തത്വങ്ങളും അതിലില്ല. എല്ലാ വിഭാഗം ആളുകളും വിഭിന്നങ്ങളാണ്. അവരുടെ സ്വഭാവവൈശിഷ്ട്യങ്ങളെയും നന്നാക്കുവാൻ ബൈബിൾ പര്യാപ്തമായിരുന്നുവെങ്കിൽ, ഈ കാലഘട്ടത്തിലും അതിന്റെ അധ്യാപനങ്ങളിൽ അതുണ്ടാകണമായിരുന്നു. എന്നാൽ ഖേദകരമെന്നു പറയട്ടെ, ബൈബിളിലെ അധ്യാപനം ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടി മാത്രമുള്ളതായിരുന്നു. അതിന്റെ രണ്ടാമത്തെ ഭാഗം നൂതനമായ. തെറ്റുകൾ അതിൽ കടന്നു കൂടിയിരിക്കുന്നു. അതിലൂടെ വളരെ വിപത്കരമായ ബുദ്ധിമുട്ടുകൾ ഉണ്ടായിരിക്കുകയാണ്. ബലഹീനനായ ഒരു മനുഷ്യനെ ഇലാഹാക്കുന്നതിലൂടെ ചെയ്ത തെറ്റ്! നൂതനമായി സൃഷ്ടിപ്പെട്ടതും, കണ്ടെത്തിയതുമായ പാപപരിഹാര സിദ്ധാന്തം! അതിലൂടെയുള്ള പ്രവർത്തികളിലൂടെ നന്നാക്കുവാൻ ശ്രമിക്കുന്നതിന്റെ വാതിൽ എന്നന്നേക്കുമായി അടയ്ക്കപ്പെട്ടിരിക്കുന്നു!

ഇപ്പോൾ മസീഹിന്റെ സമുദായം രണ്ട് ദൗർഭാഗ്യങ്ങൾ കൊണ്ട് പരീക്ഷിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തെത് പരമോന്നതനായ അല്ലാഹുവിൽ നിന്നുള്ള വെളിപാടുകളും ബോധനങ്ങളും മൂലമുള്ള സഹായം അവർക്ക് ലഭ്യമല്ല. കാരണം അത്തരം ബോധനങ്ങൾ അവരിൽ നിർത്തലാക്കിയിരിക്കുന്നു. രണ്ടാമത്തേത് അവർക്ക് ആത്മീയതയിൽ മുന്നേറുവാൻ സാധിക്കുകയില്ല. കാരണം പാപപരിഹാര സിദ്ധാന്ത ത്തിലൂടെ, പരിശ്രമങ്ങളുടെയും പ്രയത്നങ്ങളുടെയും കഠിനാധ്വാനങ്ങളുടെയും മുമ്പിൽ തടസ്സം ഇട്ടിരിക്കുന്നു. എന്നാൽ സമ്പൂർണ്ണ മനുഷ്യൻ, അതായതു ആരുടെ മേൽ ആണോ വിശുദ്ധഖുർആൻ അവതരിച്ചത് അദ്ദേഹത്തിന്റെ സിദ്ധാന്തത്തിനു മേൽ ഒരു തടസ്സവും ഇട്ടിട്ടില്ല. മാത്രമല്ല അദ്ദേഹത്തിന്റെ സാന്ത്വനവാക്കുകളിലും, സൗഹൃദ ഇടപെടലുകളിലും പൊതുവായ നിലയിൽ ഒരു കുറവും വരുത്തിയിട്ടുമില്ല. മാത്രമല്ല അദ്ദേഹത്തിന്റെ ഹൃദയം സമ്പൂർണ്ണമായ സാന്ത്വനവാക്കുകളാൽ അലംകൃത മാക്കിയിരിക്കുന്നു. അത് ഏതു കാലമായാലും ശരി! ഏതു സ്ഥലമായാലും ശരി! ആയ തിനാൽ, ദൈവീകമായ ശക്തിപ്രഭാവത്തിന്റെ പൂർണ്ണമായ പങ്ക് അദ്ദേഹത്തിന് ലഭിച്ചിരിക്കുന്നു. അങ്ങനെ അദ്ദേഹം ഖാത്തമുൽഅമ്പിയാഉ (പ്രവാചകന്മാരുടെ സീൽ) ആയി. ഭാവിയിൽ ആത്മീയഭാഷണം ഇനി ഒരിക്കലുമില്ല ഇനി അങ്ങനെ നീട്ടപ്പെടുത്തതുമല്ല എന്ന് ഇതിനർത്ഥമില്ല. മറിച്ച് അദ്ദേഹം അത്തരം ഭാഷണങ്ങൾക്ക് അംഗീകാരം നല്കുന്ന സീൽ ആകുന്നു. അദ്ദേഹത്തിന്റെ സീലിന്റെ ശ്രേഷ്ഠത കൊണ്ടല്ലാതെ ദൈവീക

ഭാഷണം ഒരാൾക്കും ഒരിക്കലും ലഭ്യമാകുന്നതല്ല. ഖിയാമത്തുനാൾവരേക്കും അദ്ദേഹത്തിന്റെ പ്രസ്തുത സീൽ ഒരിക്കലും അടയ്ക്കപ്പെടുന്നതല്ല. അദ്ദേഹ(സ)മല്ലാതെ സീൽവാഹകനായ ഒരു നബിയും വേറെയില്ല. സീലിന്റെ ശ്രേഷ്ഠതയാൽ മഹത്വവൽക്കരിച്ചവർ അദ്ദേഹം മാത്രമാണ്. പ്രവാചകത്വം ലഭിക്കുവാൻ നിബന്ധനയാക്കപ്പെട്ട ഒരു കാര്യം അദ്ദേഹത്തിന്റെ മുന്നേറ്റവും അദ്ദേഹത്തിന്റെ സാന്ത്വനവാക്കുകളും സമുദായത്തിൽ കുറഞ്ഞകാലത്തേക്ക് പരിമിതപ്പെടുത്തിയിട്ടില്ല. ദിവ്യവെളിപാടിന്റെ വാതിൽ നിലനില്ക്കുന്നതിനെ റദ്ദ് ചെയ്തിട്ടുമില്ല. ജ്ഞാനം കരസ്ഥമാക്കുന്നതിന്റെ അടിസ്ഥാനം അതാണ് അത് സമുദായത്തിന്റെ മേൽ സീൽ ചെയ്തിരിക്കുന്നു എന്നു ഉറപ്പിച്ചു പറഞ്ഞതു കൊണ്ടുദ്ദേശിക്കുന്നത്, ദിവ്യ സംഭാഷണം കരസ്ഥമാകുന്നതിന് അദ്ദേഹത്തെ പിന്തുടരന്നതിലൂടെ മാത്രമെ അത് ലഭ്യമാവുകയുള്ളു എന്നാകുന്നു. അദ്ദേഹത്തിന്റെ സമുദായത്തിൽപെടാത്തവർക്ക് വെളിപാടിന്റെ വാതിൽകൊട്ടി അടയ്ക്കപ്പെട്ടിരിക്കുന്നു. ഈ അർത്ഥത്തിൽ അല്ലാഹു (ത) അദ്ദേഹത്തെ ഖാത്തമുൽ അമ്പിയാഉ (പ്രവാചക ശ്രേഷ്ഠൻ) ആക്കിയിരിക്കുകയാണ്. ഖിയാമത്തു നാൾവരേക്കും ഇത് തുടരുന്നതുമാണ്. അദ്ദേഹത്തെ പിന്തുടരുന്നതിലൂടെ ആത്മാവിന് നാശം സംഭവിക്കുന്നതല്ല, അവർക്ക് സമ്പൂർണ്ണവഹ്യ് അന്ത്യനാൾവരേക്കും ലഭിക്കുന്നതല്ല. അവർക്ക് സമ്പൂർണ്ണബോധനവു ലഭ്യമല്ല. കാരണം സ്വതന്ത്ര പ്രവാചകത്വം നബി(സ)യോടെ അവസാനിച്ചിരി ക്കുകയാണ്. നിഴൽ പ്രവാചകത്വം മാത്രമാണ് അവശേഷിക്കുന്നത്. അതുകൊണ്ട് അർത്ഥമാക്കുന്നത് മുഹമ്മദിയ്യ സംഭാഷണ വെളിപാട് മാത്രം ലഭ്യമാകുന്നതാണ്. അത് അന്ത്യദിനംവരേക്കും തുടരുന്നതാണ്. ജനങ്ങളുടെ ഉയർച്ചയുടെ വാതിൽ അടയ്ക്കപെടാതിരിക്കാൻ വേണ്ടിയാണ്ത്. ലോകത്തു നിന്നും ചിന്താശക്തി മാഞ്ഞുപോകാതിരിക്കുവാൻ വേണ്ടിയുമാണ്. പ്രവാചകൻ(സ)യുടെ ഖുദ്റത്ത് (ശക്തിപ്രഭാവം) നിലനില്ക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അതുകൊണ്ടാണ് ഇലാഹുമായുള്ള സംഭാഷണ ത്തിന്റെയും സംസാരത്തിന്റെയും വാതിലുകൾ അന്ത്യദിനം വരേയ്ക്കും തുറക്ക പ്പെട്ടിരിക്കുന്നത്. ദൈവീക ജ്ഞാനം നഷ്ടപ്പെട്ടു പോകാതിരുക്കുവാൻ വേണ്ടിയാണത് അതാണ് വിജയത്തിന്റെ അടിസ്ഥാനം.

സഹീഹായ ഒരു ഹദീസിൽ ഒരിക്കലും നിങ്ങൾ കാലിടറി വീഴരുത്. അതിൽ പറയുന്നത് അദ്ദേഹ(സ)ത്തിന് ശേഷം പിന്നീട് ഒരു നബി വരുന്നതാണ്. അദ്ദേഹം അദ്ദേഹത്തിന്റെ സമുദായത്തിൽപെട്ടതല്ല. അതായത് അദ്ദേഹത്തിന്റെ (സ) ഭാഷയിലുടെ സംസാരിക്കുന്ന ആളല്ല. സത്യമല്ലാത്ത ഒരു കാര്യത്തെകുറിച്ച് പറയുന്ന തെറ്റിനെ ഇ വിടെ വ്യക്തമാക്കുകയാണ് ചെയ്യുന്നത്. ഈസ(അ) ഈ ലോകത്തേക്ക് മടങ്ങി വരുന്നതിനെ സംബന്ധിച്ചുള്ളതാണ്. ഇത് സംബന്ധമായി ഈസ(അ)തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഏലിയാ പ്രവാചകന്റെ മടങ്ങിവരവ് സംബന്ധമായിട്ടുള്ള യഥാർത്ഥ്യം എന്തെന്നാൽ, അവർ ഇതു സംബന്ധമായി വീണ്ടും ചിന്തിക്കുന്നില്ല. സത്യത്തിൽ അവരുടെ മുമ്പിലുള്ള മസീഹ് മൗഊദ് അതായത് ഹദീസുകളിൽ പറയപ്പെട്ടിരിക്കുന്ന മസീഹ് അദ്ദേഹത്തിന്റെ അടയാളം സംബന്ധമായി പ്രസ്തുത ഹദീസിൽ തന്നെ പരാമർശിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം നബി ആയിരിക്കും തന്റെ സമുദായത്തിൽ നിന്നുള്ള ആളുമായിരിക്കും.

ഇബ്നുമർയമിന് അദ്ദേഹത്തിന്റെ ഉമ്മത്തിൽപെട്ടവനായിക്കുവാൻ കഴിയുമോ? അദ്ദേഹത്തിന്റെ പ്രവാചകത്വം നേരിട്ടുള്ളതല്ല എന്ന് തെളിവുകൾ കൊണ്ട് സ്ഥാപിക്കുവാൻ ആർക്കാണ് കഴിയുന്നത്? നബി (സ) യെ പിൻപറ്റിയതുകൊണ്ടാണ് അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചത് എന്ന് ആർക്കാണ് പറയുവാൻ കഴിയുന്നത്? സത്യം ഇതായിരിക്കേ!അവർ പിന്തിരിഞ്ഞു പോകുന്നുവെങ്കിൽ പറയുക വരു! ഞങ്ങൾ ഞങ്ങളുടെ സന്താനങ്ങളെ വിളിക്കാം നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെയും വിളിക്കുക. ഞങ്ങൾ ഞങ്ങളുടെ സ്ത്രീകളെ വിളിക്കാം. നിങ്ങൾ നിങ്ങളുടെ സ്ത്രീകളെയും വിളിക്കുക. ഞങ്ങൾ ഞങ്ങളുടെ ആൾക്കാരെ വിളിക്കാം. നിങ്ങൾ നിങ്ങളുടെ ആൾക്കാരെയും വിളിക്കുക എന്നിട്ട് അകമഴിഞ്ഞ് പ്രാർത്ഥിക്കാം. കള്ളം പറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപകോപങ്ങൾ പതിക്കട്ടെ! എന്ന്! ബുദ്ധിപൂർണ്ണതയില്ലാത്ത ഒരുവൻ തഫ്സീർ കൊണ്ടുവരുന്നു അതിലൂടെ, എത്രപ്രയോഗം പൂർത്തീകരിച്ചാലും, റസൂലുല്ലാഹി(സ) യ്ക്ക് ശേഷം ഒരു നബിയെ, അതും ക്രിസ്ത്യൻ പള്ളികളിലേക്ക് പോകുന്ന ഒരു നബിയെ, ജനങ്ങൾ മുസ്ലിം പള്ളികളിലേക്ക് നമസ്ക്കാരത്തിനായി പോകുമ്പോൾ അവർക്കായി ഒരു ക്രിസ്തനെ ഇമാമായി നിയോഗിക്കുക എന്നത് സാധ്യമാണോ? ജനങ്ങൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ, അദ്ദേഹം തുറക്കുന്നത് ഇഞ്ചീൽ (ബൈബിൾ) ആയിരിക്കും. ജനങ്ങൾ ഇബാദത്തിനായി പരിശുദ്ധമക്ക ഖിബ്‌ലയിലേക്ക് തിരിയുമ്പോൾ, അദ്ദേഹം തിരിയുന്നത് ബൈത്തുൽ മുഖദ്ദസിലേക്കായിരിക്കും. അദ്ദേഹത്തിന് കള്ളുകുടിക്കാം, പന്നിമാംസം കഴിക്കാം, നിന്ദ്യമായതിനെ സംബന്ധിച്ച് ഒരു കുറ്റവും തെറ്റും അദ്ദേഹം കാണുന്നില്ല. ഇസ്ലാം അനുവദനീയമാക്കിയതിനെ, നിഷിദ്ധമാക്കിയതിൽ ഒരു തെറ്റും കാണുന്നില്ല. റസൂൽ(സ)യ്ക്ക് ശേഷം ഒരു നബിയുടെ ആഗമനത്തോടെ ഭയാനകമായ ഒരു വിപത്ത് അല്ലാതെ മറ്റൊന്നുമല്ല ഇത്. ഇത് ശരിയാണെന്ന് നിങ്ങൾക്ക് നിങ്ങളുടെ ബുദ്ധി നിങ്ങളോട് പറയുന്നുവോ? പ്രവാചകൻ(സ)യുടെ നുബുവ്വത്തിന്റെ മുദ്രയെ, സ്വതന്ത്രനുബുവ്വത്തിനെ, തകർക്കു വാനല്ലേ ഇത് സഹായിക്കു. ഖാത്തമുൽ അമ്പിയാഉ എന്ന ശ്രേഷ്ഠസ്ഥിതിയെ മാറ്റുവാനല്ലേ ഇത് ഉപകരിക്കു. നൂബുവ്വത്തിന്റെ സ്ഥാനം ഇവിടെ കരസ്ഥമാക്കുന്നത് നേരിട്ടല്ലേ. ഏറ്റവും ആദരണീയനായ പ്രവാചകൻ(സ) യെ പിന്തുടരുന്നതിലൂടെ നേരിട്ട് അല്ലേ. അത്തരം ഒരു അവസ്ഥ വിശേഷം ഉണ്ടാകുന്നത് മുഹമ്മദിയ്യാ ശരീ അത്തിനെതിരാണ്. ജനങ്ങൾ കുഴപ്പത്തിൽ ആപതിക്കുന്നതാണ്. വിശുദ്ധഖുർന് എതിരായിട്ടുള്ള വ്യക്തമായ എതിർവാദങ്ങളാണ്. ഇസ്ലാമിന് ചീത്തപ്പേര് ഉണ്ടാവുകയല്ലേ ചെയ്യുന്നത്? നിങ്ങൾ ദൃഢമായി മനസ്സിലാക്കണം പരമോന്നതനായ അല്ലാഹു ഇതൊരിക്കലും ചെയ്യുകയില്ല.

സംശയമില്ല നിശ്ചയമായും നബി എന്ന വാക്ക് ഹദീസുകളിൽ വന്നിട്ടുണ്ട്. മസീഹ് മൗഊദ് (വാഗ്ദത്തമസീഹ്) എന്ന വാക്കിനോട് ചേർത്താണ് പറഞ്ഞിരിക്കുന്നത്. എന്നാൽ അതിന്റെ തൊട്ടരുകിൽ തന്നെ വീണ്ടും വാക്കുകൾ വന്നിരിക്കുന്നു. അതായത് അപ്രകാരം സംഭവിക്കുന്നത്, ഉണ്ടാകുന്നത്, വരുന്നത് ഉമ്മത്തിൽ നിന്നുമാണ്. ഈ വാക്കുകൾ പറയപ്പെട്ടിരുന്നില്ലെങ്കിൽ, പ്രസ്തുത ജ്ഞാനത്തെ സംബന്ധിച്ച് നാം പ്രയാസത്തിലകപ്പെടുമായിരുന്നു. അല്പം മുൻപ് പറയപ്പെട്ട കുഴപ്പങ്ങളെ സംബന്ധിച്ച് നാം ആഴത്തിൽ ചിന്തിച്ചാൽ റസൂൽ(സ) യ്ക്ക്

ശേഷം സ്വതന്ത്രപ്രവാചകത്വ പദവിയുള്ള പ്രവാചകന്മാർ വരാവതല്ല. അത്തരം ഒരു വ്യക്തി വരുക എന്നത് നുബുവ്വത്തിന്റെ സീൽ എന്നതിന് വ്യക്തമായും വിരുദ്ധമാണ്. അപ്പോൾ പിന്നെ ഈ വാക്കുകൾ കൊണ്ട് എന്തർത്ഥമാണുള്ളത്. ഉമ്മത്തിൽ നിന്നും നിയോഗിക്കപ്പെടുന്നതാണ്. പ്രസ്തുത കാലഘട്ടത്തിൽ ഇസ്ലാമിനു വേണ്ടി ആഗതരാകുന്ന ഒരു നൂതനവ്യക്തിയെ പരിഗണിക്കപ്പെടേണ്ടി വരും. വാഗ്ദത്ത് മഹസീഹ് എന്ന നിലയിൽ ഈ വാക്ക് ഇസ്ലാമിന്റെ ആദരണീയതയിലേക്ക് വിരൽ ചൂണ്ടുന്നു. ഇസ്ലാമിന്റെ ഉന്നതപദവിയെ ആണ് അത് സൂചിപ്പിക്കുന്നത്. ഈ ഹദീസുകളെ സത്യപ്പെടുത്തുന്നിടത്തോളം കാലം, ഈ ഉമ്മത്തിൽ യഹൂദികളും ഉണ്ടായിരിക്കും. യഥാർത്ഥ ദുഃഖം ഇതാണ്, ഈ ഉമ്മത്തിൽ യഹൂദികളും ഉണ്ടായിരിക്കുന്നിടത്തോളം കാലം, മസീഹ് വരേണ്ടത് ഇതിന്റെ പുറത്തുനിന്നാണ്. അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് ഗ്രഹിക്കുവാൻ ബുദ്ധിമുട്ടുന്നതാകുമോ? അതായത് അവന്റെ ഹൃദയവും അവന്റെ ബുദ്ധിയും നിർഭയമായാൽ ഉമ്മത്തിൽ നിശ്ചയമായും യഹുദിയും എന്ന പേരു പറയപ്പെടുന്നവർ ഉണ്ടായിരിവരുന്നതാണ്. അതുപോലെ ഉമ്മത്തിൽ ഈസാ വാഗ്ദത്തമസീഹ് എന്ന പേര് പറയപ്പെടുന്ന വ്യക്തിയും ഉണ്ടാകുന്നതാണ്. ആകാശത്തു നിന്ന് ഈസ ഇറങ്ങിവരേണ്ട ആവശ്യമമെന്താണ്? അദ്ദേഹത്തിൽ നിന്നും സ്വതന്ത്രനുബുവ്വത്തിന്റെ വസ്ത്രം അഴിച്ചുമാറ്റുന്നത് എന്തിന്?. ഉമ്മത്തിൽ നിന്നുള്ള പ്രവാചകത്വം അണിയിക്കുന്നത് എന്തിന്? അന്ത്യവിധിയ്ക്കായി വാതിൽ തുറന്നിടുക! കാരണം അദ്ദേഹത്തിന്റെ സമുദായം അദ്ദേഹത്തെ ഇലാഹ് (ആരാധ്യൻ) ആക്കിയിരിക്കുകയാണ്. ഈ ഉത്തരം വളരെ ദുർബലമാണ്. അതുകൊണ്ട് തന്നെ തെറ്റ് ഈസ (അ)ന്റേതുമല്ല.

ഞാനീ കാര്യങ്ങൾ പറയുന്നത് ഊഹങ്ങളുടെയും ഭാവനയുടെയും വെളിച്ചത്തിലല്ല. മറിച്ച് അല്ലാഹുവിൽ നിന്നുള്ള ദിവ്യവെളിപാടിന്റെ അടിസ്ഥാ നത്തിലാണ്. ഞാൻ അല്ലാഹുവിൻ ശപഥം ചെയ്തു പറയുന്നു പരമോന്നതനായ അല്ലാഹു എന്നെ ഇത് അറിയിച്ചതാകുന്നു. സമയം എനിക്കു സാക്ഷി പറയും പരമോന്ന തനായ അല്ലാഹുവിന്റെ വചനങ്ങൾ എനിക്ക് സാക്ഷി പറയുന്നതുപോലെ അതിനോട് അനുബന്ധമായി പറയുവാൻ ആഗ്രഹിക്കുന്ന കാര്യം വിശുദ്ധഖുർ ആനിലൂടെ ഖണ്ഡിതമായി സ്ഥിരീകരിച്ച കാര്യമാണ് ഈസാ(അ) യുടെ മരണം. പിന്നീട് അദ്ദേഹം മടങ്ങിവരും എന്ന ചിന്ത, അത് പെട്ടെന്നു മനസ്സിലാകുന്ന അസത്യമാണ്. ഭൗതിക ശരീരത്തോടെ ആകാശത്തിലേക്ക് കയറിപോകാത്ത ഒരാൾ എങ്ങനെയാണ് ഭൂമിയിലേക്ക് മടങ്ങിവരുന്നത്?

ഈസാ (അ) ന്റെ മരണം സംബന്ധമായി ഖണ്ഡിത വചനങ്ങളെകുറിച്ച് നിങ്ങൾ ചോദിച്ചാൽ നിങ്ങളുടെ നയനങ്ങൾ ഈ വചനത്തിലേക്ക് തിരിക്കുവാൻ ഞാൻ ആവശ്യപ്പെടും. നീ എന്നെ മരിപ്പിച്ചപ്പോൾ നീ ആയിരുന്നു നീ തന്നെ ആയിരുന്നു അവരുടെ മേൽ നോട്ടക്കാരൻ. ഉദാഹരണങ്ങളുടെ വഴിയിൽ മറച്ചുവെയ്ക്കുവാൻ ഒന്നുമില്ല. അത്തവഫ്ഫ എന്ന വാക്കിന്റെ അർത്ഥം ഇവിടെ സ്ഥൂലശരീരത്തോടെ അവൻ ആകാശത്തിലേക്ക് ഉയർന്നു എന്ന് കൊടുക്കുന്ന അർത്ഥം തെറ്റായതാണ്. അത് പെട്ടെന്ന് മനസ്സിലാവുന്ന കള്ളവുമാണ്. അതിന്റെ കാരണം ഖുർആനിക വചനങ്ങളിൽ നിന്നു തന്നെ അത് വ്യക്തമാകുന്നതുമാണ്.

അന്ത്യദിനത്തിൽ ഈസ(അ) ഇത്തരം ഒരു ചോദ്യം അഭിമുഖീകരിക്കേണ്ടിവരുമെന്ന് അത് പഠിപ്പിക്കുന്നു. ശാരീരികമായി ഉയർത്തുന്ന അവസ്ഥയിൽ, മരണത്തിനു മുൻപ് തന്നെ, പരമോന്നതനായ അല്ലാഹുവിന്റെ തിരുമുമ്പിൽ ഉദാഹരണ രൂപത്തിൽ ഇത് അനിവാര്യമായി തീരുകയുണ്ടായി. അതിനു ശേഷം ഒരിക്കലും അദ്ദേഹം മരിക്കുകയില്ല. അതായത് ഖിയാമത്തിന് ശേഷം ഒരു മരണമില്ല. ഈ ചിന്ത കളവാണന്ന് പെട്ടെന്ന് ഗ്രഹി ക്കാവുന്നതുമാണ്.

അതിനോട് അനുബന്ധമായി ചേർത്തു പറയേണ്ടതുണ്ട്, അന്ത്യദിനത്തിൽ അന്തിമമായി കാര്യങ്ങൾ തീരുമാനിക്കുവാൻ ഈസാ(അ)ന്റെ മറുപടി ! ഭൗതിക ശരീരത്തോടെ ആകാശത്തിലേക്ക് ഞാൻ ഉയർത്തപ്പെട്ടു എന്നു പറയുന്നതുൾപ്പെടെ എന്റെ ജനന ചെയ്ത  ഒരു കാര്യവും എനിക്കറിയില്ല. തൊട്ടു മുമ്പ് പറയപ്പെട്ട വിശ്വാസ മനുസരിച്ച് സഹായം അഭ്യർത്ഥിച്ചു നിലവിളിച്ചതൊന്നും ഞാനറിഞ്ഞിട്ടില്ല. ഖിയാമത്ത് നാളിന് മുൻപ് ഈ ലോകത്ത് മടങ്ങിവരുമെന്ന് പറഞ്ഞ വക്താവു പറഞ്ഞത് എനിക്കറിയില്ല. ഭൂമിയിലേക്ക് മടങ്ങിവരുന്ന ഒരുവൻ തന്റെ സമുദായം ശിർക്കിൽ അകപ്പെട്ടിരിക്കുന്നതു കാണുകയും അവരോടൊപ്പം ചേർന്ന് യുദ്ധം ചെയ്യുകയും അവരുടെ കുരിശുകളെ തകർക്കുകയും അവരുടെ പന്നികളെകൊല്ലുകയും ചെയ്തശേഷം അന്ത്യ ദിനത്തിൽ എങ്ങനെയാണ് പറയുവാൻ കഴിയുക, തന്റെ സമുദായത്തെ കുറിച്ച് തനിക്കൊന്നും അറിയുകയില്ലാ എന്ന് !

വിശുദ്ധഖുർ ആനിൽ തവഫ്ഫാ എന്ന വാക്ക് കണ്ടാൽ വാദമുഖം ഉന്നയിക്കുന്നവർ പ്രസ്തുതവാക്കിന് ശരീരത്തോടെ ആകാശത്തിലേക്കുയർത്തി എന്ന അർത്ഥം കൊടുക്കുന്നു. എന്നാൽ അവർ തന്നെ മറ്റിടങ്ങളിൽ പ്രസ്തുതവാക്കിന് പ്രസ്തുത അർത്ഥം കൊടുക്കുന്നുമില്ല. അദ്ദേഹം (ഈസ (അ) ത്തിന്റെ വ്യക്തിത്വത്തിനു മേലുള്ള കടന്നാക്രമണമാണത്. അതായത് തവഫ്ഫാ എന്ന വാക്ക് സത്യത്തിൽ അത് അർത്ഥമാക്കുന്നത് അഥവാ അത് ലോകത്തിൽ ഒരു വ്യക്തിയിൽ സംഭവിച്ചാൽ, അപ്പോൾ അതുകൊണ്ടുള്ള അർത്ഥം, ആത്മാവിനെ/ ജീവനെ പിടിക്കുക എന്നാകുന്നു. ശരീരത്തെ പിടിക്കുക എന്നല്ല അപ്പോൾ ഈസ (അ)ന്റെ യാഥാർത്ഥ്യത്തിലേക്ക് പ്രസ്തുതവാക്കു വന്നാൽ അപ്പോൾ ആളിന് പ്രത്യേകമായ ഒരർത്ഥം കൊടുക്കുക. അപ്പോൾ അതിന് ശരീരത്തോടെ ആകാശത്തിലേക്ക് ഉയർത്തുക എന്നാക്കി മാറ്റുന്നു. അത് അന്യമായ അനുമാനം മാത്രമാണ്. നമ്മുടെ യജമാനരായ മുഹമ്മദ് (സ) ന് ഈ അനുമാനത്തിൽ ഒരു പങ്കുമില്ല. ഈസ(അ)ന്റെ കാര്യത്തിൽ പ്രത്യേകമായ കാഴ്ചപ്പാടായിരുന്നു. അദ്ദേഹത്തിന് മറ്റുള്ള സൃഷ്ടികൾ മൊത്തത്തിൽ നല്കിയിരക്കുന്നതുപോലെയല്ല. പ്രവാചക ശിഷ്യന്മാരുടെ കൂട്ടായ തീരുമാനം തറപ്പിച്ചു പറയുന്നു. ഈസ(അ) ഭൂമിയിലേക്ക് മടങ്ങിവരുന്നതു സംബന്ധമായി അത് നിശ്ചയമായും അന്യമായ ഒരാരോപണം മാത്രമാണ്; ഗ്രഹിക്കുവാൻ കഴിയാത്ത നിലയിലുള്ള ഒരാരോപണം ! കൂട്ടായ തീരുമാനത്തിന്റെ ഉദ്ദേശം അതായിരുന്നെങ്കിൽ, അതായത് സഹാബാക്കളുടെ കൂട്ടായ തീരുമാനം ഒരു തെറ്റിദ്ധാരണ മാത്രമായിരുന്നു. ഈ നൂതന വിശ്വാസം ഒരിക്കലും അവരുടെ ഹൃദയത്തിൽ ഒരപകടവും ഉണ്ടാക്കിയിട്ടുമില്ല. ഭൂമിയിലേക്ക് ഈസാ (അ) മടങ്ങിവരുന്നതു സംബന്ധമായ

വക്താവിന്റെ വാക്കും അവരിൽ യാതൊരു സ്വാധീനവും വരുത്തിയിരുന്നില്ല. അവരുടെ വിശ്വാസം ഇപ്രകാരം ആയിരുന്നില്ലെങ്കിൽ, മരിച്ച ആളെപറ്റി വിലപിക്കുമ്പോൾ ഇക്കാര്യത്തിൽ യോജിക്കുമായിരുന്നില്ല. താഴെപറയുന്ന ദൈവീക വചനത്തിന്റെ ഉള്ളടക്കത്തിൽ സഹാബാക്കളെല്ലാം യോജിക്കുകയുണ്ടായി. മുഹമ്മദ് ഒരു പ്രവാചകൻ മാത്രമാണ് അദ്ദേഹത്തിന്റെ മുമ്പുള്ള പ്രവാചകന്മാരെല്ലാം മരിച്ചു പോയിരിക്കുന്നു. അതായത് നബി (സ) ഒരു മനുഷ്യനായ ദൂതൻ മാത്രമാണ്. അദ്ദേഹം ഇലാഹല്ല. ഭൂമുഖത്തു നിന്ന് പ്രവചകന്മാരെല്ലാം മരിച്ചു പോകുന്നവരാണ്. അപ്പോൾ ഈസാ (അ) യും ഭൂമുഖത്തു നിന്ന് മരിച്ചു പോയിട്ടില്ലായിരുന്നെവെങ്കിൽ, മുഹമ്മദ് (സ) യുടെ ഖഫാത്തു സമയത്ത്, അതുവരെയും അദ്ദേഹത്തെ മരണത്തിന്റെ മലക്ക് സ്പർശിച്ചിട്ടില്ലെങ്കിൽ, ഈ ദൈവീക വചനം കേട്ട ശേഷം സഹാബാക്കൾ എങ്ങനെയാണ് തിരുത്തപ്പെട്ടത്, ലോകത്തിലേക്ക് രണ്ടാമതൊരിക്കൽ കൂടി നബി (സ) മടങ്ങിവരുന്നതു സംബന്ധമായ വിശ്വാസത്തിൽ നിന്ന് അവർക്ക് എങ്ങനെ പിന്തിരിയാൻ കഴിയുമായിരുന്നു? എല്ലാവരും നല്ലതുപോലെ മനസ്സിലാക്കുന്നതിനായി, അബൂബക്കർ (റ) ഈ വചനം, എല്ലാ സഹാബാക്കളുടെയും അറിവിലേക്കായി വായിച്ചു കേൾപ്പിച്ചു റസൂൽ(സ) യുടെ വഫാത്തു ദിവസം, തിങ്കാളഴ്ച, മസ്ജിദുനബവിയിൽ വച്ച് അദ്ദേഹത്തിന്റെ കബറടക്കത്തിന് മുൻപായി റസൂൽ(സ).യുടെ പുണ്യശരീരം ആയിശാ(റ)യുടെ വീട്ടിൽ കിടത്തിയിരിക്കുക യായിരുന്നു. ചില സഹാബാക്കളുടെ ഹൃദയത്തിൽ വേർപാടിന്റെ വേദനാധിക്യം മുലം ദുർബോധനമുണ്ടാവുകയും അത് വളരുകയും ചെയ്തു. അതായത് യഥാർത്ഥത്തിൽ റസൂൽ(സ)മരിച്ചിട്ടില്ല. എന്നാൽ അപ്രത്യക്ഷമായതു മാത്രമാണ്. ലോകത്തിലേക്ക് അദ്ദേഹം ഉടനെ മടങ്ങിവരും. അബൂബക്കർ(റ) കുഴപ്പം പിടിച്ച ഈ അപകട സ്ഥിതി മനസ്സിലാക്കുകയും, അവിടെ ഉണ്ടായിരുന്ന സഹാബാക്കളയെല്ലാം ഒരുമിച്ചു കൂട്ടി, ഭാഗ്യവശാൽ, എല്ലാവരും മദീനയിലുണ്ടായിരുന്നു. അബൂബക്കർ(റ) മിമ്പറിൽ കയറി റസൂൽ(സ) യുടെ മരണവാർത്ത സ്ഥിരീകരണം നടത്തുകയുണ്ടായി. നമ്മുടെ സഹാബാക്കളിൽ ചിലർ, ചില കാര്യങ്ങളൊക്കെ പറയുന്നതായി ഞാൻ കേട്ടു. സത്യമായ കാര്യം ഇതാണ്, നിശ്ചയമായും നബി (സ) മരിച്ചിരിക്കുന്നു. ഈ സംഭവം നമ്മളിലേക്ക് യാദൃശ്ചികമായി പെട്ടെന്നു കടന്നു വന്നതല്ല. മരണം വരിച്ചിട്ടില്ലാത്ത ഒരു പ്രവാചകനും മുൻകടന്നിട്ടില്ല എന്നിട്ട് അബൂബക്കർ(റ) പാരായണം ചെയ്തു.

മുഹമ്മദ് ഒരു ദൂതൻ മാത്രമാണ് അദ്ദേഹത്തിന് മുൻപുള്ള പ്രവാചകന്മാരെല്ലാം മരിച്ചു പോയിരിക്കുന്നു. അതായത് നബി (സ) മനുഷ്യനായ ഒരു ദൂതൻ മാത്രമായിരുന്നു. നിങ്ങൾ കരുതുക, മനസ്സിലാക്കുക. അദ്ദേഹം ഒരു ഇല്ലാഹ് ആയിരുന്നില്ല. മുൻ കഴിഞ്ഞുപോയ എല്ലാ പ്രവാചകന്മാരും മരണപ്പട്ടതു പോലെ അദ്ദേഹ(സ)വും മരണപ്പെട്ടുപോയിരിക്കുന്നു.

പ്രസ്തുത ദൈവീക വചനം കേട്ട് സഹാബാക്കളെല്ലാം കരഞ്ഞു. അവർ പറഞ്ഞു നിശ്ചയമായും ഞങ്ങളെല്ലാവരും അല്ലാഹുവിന്റേതാകുന്നു. നിശ്ചയമായും ഞങ്ങളെല്ലാം അവനിലേക്ക് മടങ്ങിപോകുന്നവരുമാകുന്നു. ഈ ദൈവീക വചനം അവരുടെ ഹൃദയങ്ങളിൽ പരിവർത്തനം സൃഷ്ടിച്ചു. പ്രസ്തുത ദിനത്തിൽ അവതരിച്ചതുപോലെ അവർക്കു തോന്നി. പിന്നീട് ഹസ്സാനുബ്ന് താബിത്(റ) റസൂൽ

(സ) യുടെ മേൽ അനുശോചനം രേഖപ്പെടുത്തികൊണ്ട് കവിത രചിക്കുകയുണ്ടായി. പ്രസ്തുത കവിതയിൽ വന്നിരിക്കുന്നു.

"എന്റെ നയനങ്ങൾ അന്ധങ്ങളായി
താങ്കളെ കണ്ടവൻ അന്ധനായി
ആരോ മരിയ്ക്കട്ടെ അങ്ങയ്ക്ക് ശേഷം
എൻ ചിന്ത അങ്ങയെ പറ്റി മാത്രം"

രണ്ടാമതു പറഞ്ഞിരിക്കുന്ന പദ്യത്തിൽ നിന്നും ഹസ്സാനുബ്ന് താബിത്(റ) എല്ലാ പ്രവാചകന്മാരുടെയും വഫാത്തിനെ സ്ഥിരീകരിച്ചിരിക്കുകയാണ്. അദ്ദേഹം പറഞ്ഞു മൂസ(അ)യുടെയോ അല്ലെങ്കിൽ ഈസ(അ)യുടെയോ മരണം എനിക്ക് പ്രാധാന്യമൊന്നുമല്ല. മറിച്ച് ഇന്ന് നമ്മിൽ നിന്നും വേർപെട്ടുപോയ നമ്മുടെ കണ്ണുകളിൽ നിന്നും അകന്നുപോയ പ്രിയ പ്രവാചകൻ മുഹമ്മദ്(സ)ന്റെ മരണ അനുശോചന സമ്മേളനം എന്നിൽ ശൂന്യത സൃഷ്ടിക്കുന്നു. സഹാബാക്കളിൽ ചിലർ, ഈസ (അ) ലോകത്തിലേക്ക് വീണ്ടും മടങ്ങിവന്നേക്കാം എന്ന് തെറ്റായ നിലയിൽ ധരിച്ച വരുണ്ടായിരുന്നു. എന്നാൽ അബൂബക്കർ(റ) ഈ ഖുർആൻ വചനത്തെ മുന്നിൽ വച്ച് അത്തരം തെറ്റിനെ നീക്കം ചെയ്യുകയുണ്ടായി. അദ്ദേഹത്തിനുമുമ്പുള്ള പ്രവാചക ന്മാരെല്ലാം മരിച്ചു പോയിരിക്കുന്നു.

ഇസ്ലാമിലെ ഒന്നാമത്തെ ഇജ്മാഉ (കൂട്ടായ തീരുമാനം) ഇതായിരുന്നു. അതായത് എല്ലാ പ്രവാചകന്മാരും മരിച്ചുപോയിരിക്കുന്നു എന്നത് !

മുകളിൽ പറയപ്പെട്ട ശോകകാവ്യത്തിൽ നിന്നും വ്യക്തമാകുന്ന അനന്തര ഫലം സഹാബാക്കളിൽ ചിലർ, ചിന്താശേഷി കുറഞ്ഞവർ, അവരുടെ ബുദ്ധി വേണ്ടതു പോലെ ഉപയോഗപ്പെടുത്താത്തവർ, അബൂ ഹുറൈറയെ പോലുള്ളവർ അവർ കരുതുന്നവരായിരുന്നു. വാഗ് ദത്ത ഈസ (അ) ന്റെ വരവ് സംബന്ധമായ പ്രവചനത്തെ സംബന്ധിച്ച വീക്ഷണം! ഈസ(അ) അദ്ദേഹം താൻ തന്നെ മടങ്ങിവരുന്നതാണ്! ആരംഭം മുതൽ തന്നെ അദ്ദേഹം ഈ തെറ്റിൽ പെട്ടു പോയിരുന്നു. അദ്ദേഹത്തിന്റെ ചിന്താശേഷി കുറവുകൊണ്ടും അദ്ദേഹത്തിന്റെ തുറന്നു പറച്ചിലിലൂടെയും അനേകം കാര്യങ്ങളിൽ അദ്ദേഹത്തിന് തെറ്റു പറ്റിയിരുന്നു. എന്റെ സഹാബാക്കൾ നരകത്തിൽ പ്രവേശിക്കുന്നതാണ് എന്ന വാർത്തയും അദ്ദേഹത്തിന് പറ്റിയ ഏറ്റവും വലിയ തെറ്റായിരുന്നു. ദൈവീക വചനത്തിൽ നിന്നും അദ്ദേഹം ഊഹിച്ചു പറയുകയായിരുന്നു. ഈസാനബിയുടെ മരണത്തിനു മുമ്പേ അഹ്‌ലുൽ കിതാബ് (യഹൂദികൾ) മുഴുവനും അദ്ദേഹത്തിൽ വിശ്വസിക്കുന്നതാണ്. ഈ ആയത്തിന്റെ അർത്ഥം തെറ്റായ നിലയിൽ നല്കിയിരിക്കുകയാണ്. കേൾക്കുന്നവർ പരിഹസിക്കും. ഈസാനബിയുടെ വഫാത്തിനു മുമ്പേ എല്ലായഹൂദികളും അദ്ദേഹത്തിൽ വിശ്വസിക്കുന്നതാണ് എന്നത് സ്ഥാപിക്കു വാനുള്ള ഉദ്ദേശ്യമായിരുന്നു. ഈ ആയത്തിന്റെ രണ്ടാമതൊരു വായനയിൽ ഖബ് ലമൗതിഹി എന്നതിനു പകരം ഖബ്ല മൗതിഹിം എന്നാക്കുകയുണ്ടായി.

ഒരു കാലം വരും അന്ന് ജനങ്ങളെല്ലാം ഈസ(അ) യിൽ വിശ്വസിക്കും എന്ന വിശ്വാസം നിലനിർത്തുവാനുള്ള ശ്രമം മാത്രമാണ്. ഇത് വിശുദ്ധഖുർആന്റെ

അധ്യാപനത്തിന് വിപരീതമാണ്. അതിനോട് അതിന് യോജിപ്പുമില്ല. പരമോന്നതനായ അല്ലാഹു പ്രസ്തുത ഗ്രന്ഥത്തിൽ പറയുന്നു. അല്ലയോ ഈസ ഞാൻ നിന്നെ സാധാരണ നിലയിൽ മരിപ്പിക്കുന്നവനും നിന്റെ എന്റെ അടുക്കലേക്ക് ഉയർത്തുന്നവനും അവിശ്വാസികളുടെ ആക്ഷേപങ്ങളിൽ നിന്നും ആരോപണങ്ങളിൽ നിന്നും നിന്നെ പരിശുദ്ധനാക്കുന്നവനും അവസാന നാൾവരെ തിന്റെ അനുചരന്മാർക്ക് അവിശ്വാസകളുടെ മേൽ വിജയം നല്കുന്നവനുമാണ് (3:56)

കാര്യങ്ങൾ വിമർശിക്കുന്നവൻ ചോദിക്കുന്നു. ഈസ(അ)ൽ എല്ലാ ജനങ്ങളും അന്ത്യദിനത്തിനു മുൻപ് വിശ്വസിച്ചാൽ അന്ത്യദിനം വരെ അദ്ദേഹത്തെ എതിർക്കുന്നവർ അവശേഷിക്കുകയില്ലല്ലോ? മറ്റൊരു സ്ഥലത്ത് അല്ലാഹു(ത) പറയുന്നു. അവർക്കിടയിൽ അവസാന നാൾവരെ നാം ശത്രുതയും വിദ്വേഷവും ഉളവാക്കുന്നതാണ്. 5 : 65 ഒന്നുകൂടി ചോദിക്കട്ടെ! ജൂതന്മാരെല്ലാവരും ഈസ(അ)ൽ ഖിയാമത്തിന് മുൻപ് വിശ്വസിച്ചാൽ, ഖിയാമത്ത് നാൾവരേക്കും എതിർക്കുവാൻ ആളുകൾ വേണ്ടേ ?

അനുബന്ധമായി പറയട്ടെ! ജൂതന്മാരല്ലാവരും ഈസ(അ) ൽ വിശ്വസിക്കും എന്ന ചിന്ത ബുദ്ധിക്ക് എതിരും വിഡ്ഢിത്വവുമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഈ വിശ്വാസം അസംഭവ്യമാണ്. ഈസ(അ) ന്റെ കാലം കഴിഞ്ഞിട്ട് 2000 ലേറെ വർഷങ്ങൾ പിന്നിട്ടു ഈ കാലയളവിനുള്ളിൽ ദശലക്ഷക്കണക്കിന് യഹൂദർ മരണപ്പെട്ടുപോയി. എന്നതു ഗോപ്യമായ കാര്യമൊന്നുമല്ല. അവർ അദ്ദേഹത്തെ നിഷേധിച്ചവരായിരുന്നു. അവർ അദ്ദേഹത്തെ പുലഭ്യം പറഞ്ഞവരുമായിരുന്നു. അവർ അദ്ദേഹത്തെ നിഷേധിച്ചവരുമായിരുന്നു. യഹൂദർ മുഴുവൻ അദ്ദേഹത്തിൽ വിശ്വസിക്കുന്നതാണ് എന്ന വാക്ക് എങ്ങനെ ശരിയാകാനാണ്? അപ്പോൾ നിങ്ങളൊന്നു കണക്ക് കൂട്ടു! ഈ രണ്ടായിരം വർഷത്തിനിടയിൽ അവരിൽ നിന്നും എത്ര പേർ ഈമാൻ ഇല്ലാതെ മരണമടഞ്ഞിട്ടുണ്ട് ? അവരുടെ മേൽ ദൈവത്തിന്റെ തൃപ്തി ഉണ്ടാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കുവാൻ കഴിയുമോ?

ചുരുക്കി പറയുകയാണ് സഹാബാക്കളുടെ കൂട്ടായ പ്രഥമ തീരുമാനം ഈസ (അ)ന്റെയും മറ്റെല്ലാ പ്രവചകന്മാരുടെയും മരണത്തെക്കുറിച്ചുള്ള സ്ഥിരീകണ മായിരുന്നു. നബി(സ) യുടെ വഫാത്തിനെ തുടർന്നുണ്ടായ പ്രഥമ വിശ്വാസ തീരുമാനം അതായിരുന്നു. ഈ കൂട്ടായ തീരുമാനത്താൽ, സഹാബാക്കളെല്ലാവരും ഈസ (അ) യുടെ വഫാത്തിൽ ദൃഢമായി വിശ്വസിച്ചിരുന്നവരായിരുന്നു. ഇക്കാരണത്താലാണ് ഹസ്സാനുബ്ന് താബിത് (റ) മുകളിൽ പറയപ്പെട്ട അനുശോചന കാവ്യം രചിച്ചത്.

"എന്റെ നയനങ്ങൾ അന്ധങ്ങളായി
താങ്കളെ കണ്ടവൻ അന്ധനായി
ആരോ മരിയ്ക്കട്ടെ അങ്ങയ്ക്ക് ശേഷം
എൻ ചിന്ത അങ്ങയെ പറ്റി മാത്രം"

സത്യം ഇതാണ് നബി(സ)യോട് സഹാബാക്കൾക്ക് നിഷ്കളങ്കമായ പ്രേമമായിരുന്നു. ഒരു സാഹചര്യത്തിലും, നബി (സ) വഫാത്താവുകയും, ഈസ (അ) നെ ശിർക്കിന്റെ അടിസ്ഥാനമാക്കപ്പെട്ട പ്രസ്തുത വ്യക്തിയെ, ജീവനോടെ അവശേഷിപ്പിക്കുകയും ചെയ്യുന്നതിനെ അവർക്ക് സഹിക്കാവുന്നതിനും

അപ്പുറമാണ്. റസൂൽ(സ)യുടെ വഫാത്തിന്റെ സമയത്ത് ഈസ(അ) ജീവനോടെ ശരീരത്തോടെ ആകാശത്ത് ഉണ്ട് എന്നവർ അറിഞ്ഞിരുന്നുവെങ്കിൽ, അവരുടെ പരിശുദ്ധ പ്രവാചകൻ മരണപ്പെടുകയും ചെയ്തിരിക്കുന്ന എന്നറിഞ്ഞിരുന്നുവെങ്കിൽ അവരെല്ലാവരും ദുഃഖത്താലും വിഷമത്താലും മരിക്കുമായിരുന്നു. കാരണം അവരുടെ പ്രീയ നബി (സ) ഖബ്റിൽ പ്രവേശിക്കുകയും മറ്റൊരുനബി ജീവനോടെ ഇരിക്കുകയും ചെയ്യുക എന്നത് അവർക്ക് താങ്ങാവുന്നതിനും അപ്പുറമാണ്. തമ്പുരാനെ! മുഹമ്മദ് (സ)ന്റെ മേൽ നീ അനുഗ്രഹം ചൊരിയുക, അദ്ദേഹത്തിന്റെ കുടുംബത്തിന്റെ മേലും, അദ്ദേഹത്തിന്റെ സഹാബാക്കളുടെ മേലും, മൊത്തത്തിലും നീ അനുഗ്രഹം ചൊരിയണേണമെ !

പരമോന്നതനായ അല്ലാഹുവിന്റെ വാക്കുകളെ ഊഹിച്ചു പറയുന്നവൻ എത്ര വലിയ വിഡ്ഢിയാണ്, എത്ര വലിയ അജ്ഞനാണ്. എന്നാൽ, അല്ലാഹു അവനിലേക്ക് അദ്ദേഹത്തെ പദവിയിൽ ഉയർത്തി. ഈസ(അ) രണ്ടാനാകാശത്ത് ഉടലോടെ ഉണ്ടോ?, യഹ്‌യ(അ)ന്റെ അരുകിൽ! മഹത്വമുടയവനായ അല്ലാഹു രണ്ടാനാകാശത്ത് മാത്രമായി രിക്കുകയാണോ? അല്ലാഹുവിലേക്ക് ഉയർത്തൽ (അർറഫ്ഉ ഇലല്ലാഹ്) എന്ന വാക്ക് ഖുർആനിൽ വന്നിട്ടുള്ള എല്ലായിടത്തും ഉടലോടെ ആകാശത്തിലേക്ക് ഉയർത്തുക എന്നതിനു തുല്യമായ അർത്ഥത്തിൽ മറ്റെതെങ്കിലും സ്ഥലത്ത് ഖുർ ആനിൽ വന്നിട്ടുണ്ടോ? എല്ലായിടത്തും ഉടലോടെ ആകാശത്തിലേക്ക് ഉയർത്തുക എന്നാണോ അർത്ഥം? ആകാശത്തിലേക്ക് ശരീരത്തോടു കൂടി ഉയർത്തുക എന്നതിനു തുല്യമായ അർത്ഥത്തിൽ മറ്റേതങ്കിലും സ്ഥലത്ത് ഖുർആനിൽ നിങ്ങൾ കണ്ടിട്ടുണ്ടോ? ഇതാ ഖൂർആനിലെ മറ്റൊരു വചനം കാണുക അപ്രകാരം ഒരർത്ഥം അതിനില്ലയെന്ന്! എതിർക്കുന്നതിനായി അതു സമർപ്പിക്കുന്നു. അല്ലെയോ സമാധാനം പ്രാപിച്ച ആത്മായവേ? നിന്റെ നാഥനിലേക്ക് മടങ്ങുക. സംപ്രീതനും (അല്ലാഹുവിന്റെ പക്കൽ) പ്രീതിപ്പെട്ടവനുമായ നിലയിൽ (അൽഫജ്ർ 28,29) അല്ലെയോ ശാന്തി പ്രാപിച്ച ആത്മാവേ ഭൗതിക ശരീരവുമായി ആകാശത്തിലേക്ക് നീ കയറു എന്നാണോ ഇതിന്റെ അർത്ഥം? അല്ലാഹു(ത) വിശുദ്ധഖുർആനിൽ ബൽആം ബാഊർ നെ പറ്റി പറയുന്നു. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ നാം അദ്ദേഹത്തെ ഉയർത്തുമായിരുന്നു. ഇതിന്റെ അർത്ഥം അല്ലാഹു(ത) ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവനെ ശരീരത്തോടെ ആകാശ ത്തിലേക്ക് ഉയർത്തുമായിരുന്നു എന്നാണോ? എന്നാൽ അല്ലാഹുവിന്റെ ശ്രേഷ്ഠതയാൽ അവനെ ഭൂമിയിൽ തന്നെ നിലനിർത്തി എന്നാണോ? വല്ലാത്ത വിഷമം! ഖുർആൻ ശരീഫിനെ ഇങ്ങനെ ദുർവ്യാഖ്യാനം ചെയ്യുന്നുവല്ലോ?

അവർ പറയുന്നു ഖുർആൻ ശരീഫിൽ വന്നിരിക്കുന്നു. അദ്ദേഹത്തെ അവർ വധിച്ചിട്ടില്ല. അവർ അദ്ദേഹത്തെ കുരിശിൽ കയറ്റി കൊന്നിട്ടുമില്ല. അതിൽ നിന്നും ഉറപ്പായിരിക്കുന്നു പോലും. ഈസാ(അ) ശരീരത്തോടു കൂടി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു എന്ന്! ഒരാളെ വധിച്ചിട്ടില്ല, അഥവാ കുരിശിൽ കയറ്റി കൊന്നിട്ടില്ല എന്നിരിക്കെ അയാളെ ശരീരത്തോടു കൂടി ആകാശത്തിലേക്ക് ഉയർത്തുക എന്നത് തീരെ അനിവാര്യമായ കാര്യമല്ല എന്ന് ബുദ്ധിയുള്ള ഏതൊരാൾക്കും ഗ്രഹിക്കുവാൻ കഴിയുന്നതാണ്. ഈ പാരായണം ചെയ്ത ദൈവീക വചനത്തിൽ വ്യക്തമായ വാക്കുകൾ തുടർന്നു വന്നിരിക്കുന്നു. എന്നാൽ അവർക്ക്

അദ്ദേഹം സദൃശീകരിക്കപ്പെടുകയാണ് ചെയ്തത്. അതായത് ജൂതന്മാർക്ക് അദ്ദേഹത്തെ വധിക്കുന്ന കാര്യത്തിൽ വിജയിക്കുവാൻ കഴിഞ്ഞില്ല. മറിച്ച് അദ്ദേഹത്തെപറ്റി അവർ സദൃശീകരണത്തിൽ അകപ്പെടുകയാണ് ചെയ്തത്. അവർ വിചാരിച്ചു അവർ അദ്ദേഹത്തെ ക്രൂശിച്ചു കൊന്നു. ചുരുക്കത്തിൽ തങ്ങളുടെ വിശ്വാസത്തോട് ഖുർആനെ യോജിപ്പിക്കുന്നതിനായി ഈസനബി(അ) യുമായി സദൃശീകരിക്കപ്പെടാൻ മറ്റൊരു വിശ്വാസി ക്രൂശിക്കപ്പെടുക, ശപിക്കപ്പെട്ടവനാക്കുക, ഇതിന്റെ ആവശ്യമെന്താണ്? അഥവാ ഒരു ജൂതന് ഈസ(അ) ന്റെ രൂപം നല്കുക എന്നിട്ട് ക്രൂശിക്കപ്പെടുക. ഇത്തരം സന്ദർഭങ്ങളിൽ നേതാക്കന്മാരോട് പ്രസ്തുത വ്യക്തി പരസ്യപ്പെടുത്തുക, ഞാൻ ഈ സായുടെ ശത്രുവാണ്, എന്നിട്ട് അടുത്ത കുടുംബക്കാരുടെ പേരും വിലാസവും പറയുക, എന്നിട്ട് ഈസ അവന്റെ സിഹ്റുകൊണ്ട് എന്നെ രൂപം മാറ്റം വരുത്തിയതാണെന്നു പറയുക, എത്ര വലിയ വിഡ്ഢിത്തരമാണിത്. സങ്കല്പങ്ങൾ എന്നാൽ അവർക്ക് സദൃശീകരിക്കപ്പെട്ടു എന്നതിൽ നിന്നും അവർക്ക് എന്തുകൊണ്ട് ഊഹിക്കുവാൻ കഴിഞ്ഞില്ല? ഈസാ (അ) കുരിശിൽ മരണപ്പെട്ടയാളായി അദ്ദേഹം അവർക്ക് സദൃശീകരിക്കപ്പെടുകയാണുണ്ടായത് എന്ന്! അതായത് കുരിശിൽ അദ്ദേഹം മൂർഛിതനായി കിടന്നതിനാൽ അദ്ദേഹം മരണപ്പെട്ടുപോയി എന്നവർക്കു തോന്നി. പിന്നീട് രണ്ടോ മൂന്നോ ദിവസത്തെ ബോധക്ഷയത്തിനു ശേഷം അദ്ദേഹത്തിന് ബോധം വീണ്ടു കിട്ടി. മർഹമുഈസ എന്ന പേരിലുള്ള മരുന്നു ഉപയോഗി ക്കുകണ്ടായി. നൂറുകണക്കിന് വൈദ്യഗ്രന്ഥങ്ങളിൽ നമ്മുടെ കാലത്തും മർഹമുഈസ ഉപയോഗിക്കപ്പെടുന്നു. പ്രസ്തുത മരുന്ന് മർഹമുഈസ, അത് മുറിവിൽ ഉപയോഗിക്കുകയും അതുകൊണ്ട് സുഖം പ്രാപിക്കുകയും ചെയ്തു.

ദൗർഭാഗ്യമെന്നല്ലാതെ എന്തുപറയാനാണ്. ഈ വചനങ്ങളുടെ സന്ദർ ഭത്തിലേക്ക് അവർ ഉണർന്നു വരുന്നില്ല. നിശ്ചയമായും ആദരണീയമായ ഖുർആൻ ജൂതന്മാരും ക്രിസ്താനികളും തമ്മിലുള്ള ഭിന്നാഭിപ്രായം ഇല്ലായ്മ ചെയ്യുവാനുള്ള വിധികർത്താവാകുന്നു. അവർക്കിടയിലുള്ള അഭിപ്രായ വ്യത്യാസങ്ങളുടെ വിധി പ്രസ്താവിക്കുന്ന ഗ്രന്ഥമാകുന്നു ഖുർആൻ. ഭിന്നാഭിപ്രായക്കാരായി തീർന്ന അവർക്കിടയിൽ വിധി പറയേണ്ടത് അതിന്റെ നിർബന്ധ ബാധ്യതയിൽപെട്ട കാര്യവുമാണ്. ഭിന്നാഭിപ്രായത്തിൽപ്പെട്ട കാര്യങ്ങളിൽ ഒന്ന് ജൂതരുടേതാണ്. അത് തൗറാത്തിൽ വന്നതുമാണ്. അതായത് മരത്തടിയിൻ മേൽ തൂക്കിയിടപ്പെട്ടവൻ ശപിക്കപ്പെട്ടവനാണ്. അത്തരത്തിൽ മരണപ്പെട്ടവന്റെ ആത്മാവ് മരണശേഷം അല്ലാഹുവിലേക്ക് കയറിപോകുന്നതല്ല. ഈസ(അ) കുരിശിൽ മരിച്ചവനായിരിക്കേ, അവൻ അല്ലാഹുവിലേക്ക് കയറിപോകുന്നതല്ല. ഈസ(അ) കുരിശിൽ മരിച്ചവനായിരിക്കേ, അവൻ അല്ലാഹുവിലേക്ക് ഉയർന്നുപോകുന്നതല്ല. അവനായി ആകാശത്തിന്റെ വാതിലുകൾ തുറക്കപ്പെടുന്നതുമല്ല. മസീഹിന്റെ ആൾക്കാർ നബി(സ)യുടെ കാലഘട്ടത്തിൽ, അവരുടെ ഈ വിശ്വാസം വളരെ ആലങ്കാരിക മായി സംസാരിക്കുമായിരുന്നു. പ്രസ്തുത വിശ്വാസം അതു സ്വയം അതൊരു അഭിമാന പ്രവർത്തിയായി മാറിക്കൊണ്ടിരുന്നു. കുരിശിലെ അദ്ദേഹത്തിന്റെ മരണം ശാപമരണമായി തീർന്നു. എന്നാൽ ശാപം അദ്ദേഹത്തിന്റെ പിടലിയിൽ വെച്ചു കെട്ടിയത് മറ്റുള്ളവരെ രക്ഷിക്കുവാൻ വേണ്ടി ആയിരുന്നു, ഈ

ചുറ്റികറങ്ങലിന്റെ അന്ത്യത്തിൽ ഈസ(അ) അല്ലാഹു(ത)യിലേക്ക് ഉയർത്തപ്പെട്ടു. എന്നാൽ ഭൗതിക ശരീരത്തോടെയല്ല. മരണമില്ലാത്ത, അസ്ഥികളില്ലാത്ത, മാംസമില്ലാത്ത, രക്തമില്ലാത്ത പരിശുദ്ധമായ, മഹത്വ പൂർണ്ണമായ ശരീരത്തോടെ പരിശുദ്ധഖുർആൻ ഈ രണ്ട് തർക്കക്കാർക്കുമിടയിൽ വിധി പ്രസ്താവിച്ചു. അതു പ്രഖ്യാപിച്ചു അതായത് ഇത് പൂർണ്ണമായും സത്യത്തിന് വിരുദ്ധമാണ്. ഈസ(അ) കുരിശിൽ മരിച്ചു അഥവാ വധിക്കപ്പെട്ടു എന്ന് ഈസ (അ) നെ പറ്റിയുള്ള ഈ പ്രസ്താവന സത്യത്തിനെതിരാണ്. തൗറാത്തിന്റെ വിധിയനുസരിച്ച് കുരിശിൽ തൂങ്ങുന്നവൻ ശപിക്കപ്പെട്ടവനാണ് എന്ന് മരിക്കാത്ത ഒരുവനെപറ്റി ഊഹിച്ചു പറയുന്നത് അതിനേക്കാൾ ഗുരുതരമാണ്. എന്നാൽ ഈ കാര്യത്തിൽ യഥാർത്ഥത്തിൽ സംഭവിച്ചതെന്താണ്? കുരിശുമരണത്തിൽ നിന്നും ഈസ(അ) രക്ഷപ്പെടുകയുണ്ടായി. മുഅ്മിനീങ്ങളെ ഉയർത്തുന്നതുപോലെ പരമോന്നതനായ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുകയുണ്ടായി. ഓരോ വിശ്വാസിയേയും പ്രതാപനും മഹത്വമുടയനുമായ അല്ലാഹുവിലേക്ക് അവനിൽ നിന്നുള്ള മഹത്വ പൂർണ്ണമായ ശരീരം നല്കിയ ശേഷം ഉയർത്തുന്നതുപോലെ, അപ്രകാരം ഈസ(അ) ഉയർത്തപ്പെട്ടു. അദ്ദേഹത്തിന് മുൻപ് കടന്നുകഴിഞ്ഞ പ്രവാചകന്മാർക്കൊപ്പം ചേർക്കുകയുണ്ടായി. നബി (സ) യുടെ വചനം നമ്മെ പഠിപ്പിച്ചതുപോലെ, മിഅ്റാജിന് ശേഷം അദ്ദേഹം(സ)പറഞ്ഞു. അതായത് പരിശുദ്ധമായ പ്രവാചകന്മാരുടെ ശരീരങ്ങൾ കണ്ടതുപോലെ, ഈസ(അ) ന്റെ ശരീരവും പൂർണ്ണമായി ദർശിക്കുകയുണ്ടായി. അവരോടൊപ്പം!അവരുടെ രുപത്തിലും! ! മറ്റുള്ളവർക്കില്ലാത്ത വേറിട്ട ഒരു ശരീരവും കാണപ്പെട്ടില്ല!

വ്യക്തവും പരിശുദ്ധവുമായ എത്ര തീർപ്പുകളെയാണ് ജൂതർ നിരാകരിച്ചിട്ടുള്ളത്? ആത്മീയമായ ഉയർത്തൽ മാത്രമാണ് ഉണ്ടായത്. ശപിക്കപ്പെട്ടവനാണ് എന്ന ബോധ്യത്തോടൊപ്പമാണ് അവർ നിഷേധിച്ചിട്ടുള്ളത്. എന്നാൽ മുസ്ലിംകളുടെ കാര്യം അങ്ങനെയല്ല. അവരുടെ അജ്ഞതയുടെ കൂടുതൽ കൊണ്ട് ആത്മീയമായ ഉയർത്തലിനു പകരം അവർ ശാരീരിക ഉയർത്തലാക്കി മാറ്റി. ഈസ(അ) ഭൗതിക ശരീരത്തോടെ ആകാശത്തേക്ക് ഉയരുകയില്ല എന്നത് അവർ നിരുപാധികം അംഗീകരിക്കുന്നു. ആത്മീയ ഉയർച്ചയിൽ അവർ വിശ്വസിക്കാത്തത് അവരുടെ വിശ്വാസപ്രകാരം അദ്ദേഹം വിശ്വാസി അല്ലാത്തതുകൊണ്ടാണ്. അവർ ഇന്നും പറഞ്ഞുകൊണ്ടിരിക്കുന്നത് ആത്മീയമായി അദ്ദേഹത്തെ ഉയർത്താത്തതും ആകാശത്തിന്റെ വാതിലുകൾ അവർക്കു വേണ്ടി തുറക്കപ്പെടുന്നതല്ല. അതായത് ആകാശത്തിന്റെ വാതിലുകൾ അവിശ്വാസികൾക്കു വേണ്ടി തുറക്കപ്പെടുന്നതല്ല. എന്നാൽ വിശ്വാസികളെ സംബന്ധിച്ചു അവരെ പറ്റി പറയുന്നു. അവർക്കു വേണ്ടി വാതിലുകൾ തുറക്കപ്പെടുന്നതാണ്. ജൂതരുടെ വാദമുഖം/തെളിവ് നിശ്ചയമായും ഈസ (അ)കാഫിറാണ്. (അല്ലാഹു കാക്കട്ടെ) അതുകൊണ്ട് അല്ലാഹുവിലേക്ക് ഉയർത്തപ്പെടുകയില്ല. ഇന്ന് ഭൂമുഖത്ത് ജീവിച്ചിരിക്കുന്ന ജൂതരോട് നിങ്ങൾ ആരായുക, അതായത്, ആരെങ്കിലും കുരിശിൽ കയറ്റിയാൽ, അവരെപറ്റി നിങ്ങളുടെ അഭിപ്രായം ഊഹിച്ചു പറഞ്ഞാൽ, ഭൗതിക ശരീരത്തോടെ ആകാശത്തിലേക്ക് കയറിപോകാൻ സാധിക്കില്ല എന്നായിരിക്കില്ലേ? നിങ്ങളുടെ

മറുപടി. അല്ലാഹുവിലേക്ക് അവന്റെ ശരീരം ഉയർത്തുകയില്ല എന്നായിരിക്കില്ലേ? അജ്ഞതയിലാണ് വാസ്തവത്തിൽ വിപത്ത് കുടികൊള്ളുന്നത്. മുസ്ലിംകൾ അവരുടെ അജ്ഞതയുടെ കൂടുതൽ കൊണ്ട് അവർ ഇന്ന് എവിടെ എത്തിയിരിക്കിന്നു എന്നു നോക്കുക. മരിച്ചുപോയ ഒരു വ്യക്തി മടങ്ങിവരുന്നതും പ്രതീക്ഷിച്ചിരിക്കുന്നവരായി തീർന്നിരിക്കുന്നു. പ്രവാചക വചനങ്ങളിൽ ഈസ(അ)ന്റെ വയസ്സ് 120 വർഷമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. 120 വർഷം ഇതുവരേയും ആയിട്ടില്ലേ ?

അപ്രകാരം അവരുടെ അജ്ഞത നിമിത്തം വിശുദ്ധഖുർ ആന്റെയും വിശുദ്ധപ്രവാചകവചനങ്ങളുടെയും വിധി മാറ്റി എഴുതി സൃഷ്ടിച്ചു. ഹദീസുകളിൽ ദജ്ജാൽ എന്ന് പറയപ്പെട്ടിരിക്കുന്നതിനെ വിശുദ്ധഖുർആനിൽ ശൈത്താൻ എന്ന് പേരിൽ സ്മരിക്കപ്പെട്ടിരിക്കുന്നു. ശൈത്താനെ പറ്റിയുള്ള ഒരു ഉത്ഥരണിയിൽ പറയുന്നു. അവൻ പറഞ്ഞു അനുദിനം എനിക്ക് അവധി തരണം അവൻ അല്ലാഹു പറഞ്ഞു നിനക്ക് പ്രസ്തുത കാലയളവ് അനുവദിച്ചിരിക്കുന്നു. അതായത് പിശാച് അല്ലാഹു(ത)യിൽ നിന്നും അവനെ അന്ത്യദിനം വരെ മരിപ്പിക്കാതിരുക്കുവാനുള്ള ആവശ്യം തേടി. മരിപ്പിച്ചാൽ മറ്റൊരു ജീവിതം ഭൂമിയിൽ ലഭ്യമല്ല. ആരുടെ ഹൃദയങ്ങളാണോ മരണപ്പെട്ടത് അവർ മരിച്ചവരാകുന്നു. അപ്പോൾ അല്ലാഹു(ത) പറഞ്ഞു. നിന്റെ ആവശ്യം നിനക്ക് അനുവദിച്ചു തന്നിരിക്കുന്നു. അപ്പോൾ ഹദീസുകളിൽ പറയപ്പെട്ടിരിക്കുന്നതും വന്നതുമായ ദജ്ജാൽ പിശാചാകുന്നു. അന്ത്യസമയത്തു അവൻ വധിക്കപ്പെടുന്നതാണ്. ചില പ്രവാചക വചനങ്ങളിൽ ഇതു സംബന്ധമായി റസൂൽ (സ) പറഞ്ഞിട്ടുള്ളതാകുന്നു. പിശാചിന്റെ പൂർണ്ണപ്രകടനം അത് ക്രിസ്താനികൾ തന്നെയാണ് ഇക്കാരണത്താലാണ് സൂറ : ഫാത്തിഹായിൽ ശൈത്താനെകുറിച്ച് പരാമർശിച്ച സ്ഥലത്ത്, അല്ലാഹുവിനോട് നസറാക്കളുടെ ഉപദ്രവത്തിൽ നിന്ന് അഭയം തേടുവാനുള്ള നിർദ്ദേശം നല്കിയത്. ദജ്ജായ് കുഴപ്പകാരി ആയി ഖുർആനിലെ ഫാതിഹയിൽ വലള്ളാല്ലിൻ എന്നതിനു പകരം വലദ്ദജ്ജാൽ എന്നു പറയുമായിരുന്നു. പുനരുത്ഥാന ദിനം വരെ എന്ന ഈ വചനം കൊണ്ടുദ്ദേശിക്കുന്നത്, ശരീരങ്ങളുടെ പുനരുത്ഥാനമല്ല. ആദം സന്തതികൾ ജീവിക്കുന്നിടത്തോളം കാലം മാത്രമെ ശൈത്താനും ജീവിക്കുവാൻ കഴിയുകയുള്ളു. ഒരു വസ്തുത ശരിയാണ് പിശാചിന് ഒരു കാര്യവും സ്വയം ചെയ്യുവാൻ കഴിയില്ല. അവന്റെ പ്രകടന വഴിയിലൂടെയാണ് അവൻ പ്രവർത്തിക്കുന്നത്. ഇവരുടെ പ്രകടന വേദികളിൽ മനുഷ്യന് ദൈവത്തിന്റെ സ്ഥാനം നല്കുന്നവരാണവർ. അവർ സംഘം രൂപികരിക്കുന്നവരാണ്. ഈ പാർട്ടിക്ക് പേര് പറയുന്നത് ദജ്ജാൽ എന്നാകുന്നു. ഈ സംഘത്തിന് കള്ളം പറയുന്നതിന് യാതൊരു നിയന്ത്രണവുമില്ലാത്തവരാകുന്നു. വഴിപിഴച്ച ക്രിസ്തീയ ഉപദേശകരല്ലാത്തവരെ ദജ്ജാലായി പരിഗണിച്ചാൽ, തീരുമാനം മാറ്റി എഴുതേണ്ടി വരും. പ്രവാചക വചനങ്ങൾ സുവ്യക്തമാക്കുന്നു. അവസാന കാലഘട്ടത്തിൽ ഭൂതലം മുഴുവൻ ദജ്ജാലിന്റെ കാല്ക്കീഴിലമരും. പ്രസ്തുത പ്രവാചക വചനങ്ങളിലൂടെ തന്നെ മനസ്സിലാക്കുന്നു. ക്രിസ്തീയ ശക്തി മറ്റെല്ലാ മതങ്ങളെയും കീഴ്പ്പെടുത്തുന്നതാണ്. ഹദീസിലും ഖുർആനിലും പറഞ്ഞ രണ്ടു

കാര്യങ്ങളും ഒരു കാര്യമായി പരിഗണിക്കണം. അതായിരിക്കണം അതിലെ വിധി, അത് അങ്ങനെ തന്നെ മനസ്സിലാക്കണം.

അതിനോട് അനുബന്ധമായി പറയേണ്ടതാണ് അതായത് അദൃശ്യങ്ങൾ അറിയുന്നവനായ അല്ലാഹു ക്രിസ്തീയ വിഭാഗത്തിന്റെ കുഴപ്പങ്ങളെകുറിച്ച്, വിശുദ്ധഖുർആനിൽ പറയുന്നു. അതിനാൽ, ആകാശങ്ങൾ പൊട്ടികീറുകയും, ഭൂമി പിളർന്നുപോവുകയും പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്തേക്കാം. 19:91 അപ്പോൾ ദജ്ജാൽ അവൻ വാദിക്കും നാം എതിർത്ത് പറയുന്നതുപോലെ, സർവ്വശക്തിയും ഉപയോഗിച്ച് മനുഷ്യന് ദൈവീകത നല്കുന്ന വാദവുമായി, അവൻ രംഗപ്രവേശം ചെയ്യും. മുഴുലോകത്തും ഉണ്ടാകാവുന്ന ഏറ്റവും വലിയ കുഴപ്പം അവനിൽ നിന്നായിരിക്കും. വിശുദ്ധഖുർആൻ അതിനെ ചെറുത്തിട്ടില്ല. അതായത് അവൻ നടത്തുന്ന കുഴപ്പങ്ങളാൽ, അതിന്റെ ഫലമായി ചെറിയ പർവ്വതങ്ങൾ വരെ പിളർന്നു പോകുന്നതാണ്.

വിശുദ്ധഖുർആൻ ശരിയായ നിലയിൽ പരിഗണിക്കുക. സത്യമായ അഭിപ്രായത്തിൽ നിന്നു തെറ്റിക്കാതിരിക്കുക. അപ്പോൾ മനസ്സിലാകും ക്രിസ്തീയ തയാണ് ഏറ്റവും വലിയ കുഴപ്പം ഫിത്ന. നം മറ്റൊരു ദജ്ജാലിനെ നേരിടുന്നതിനായി അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. അവരുടെ ശബ്ദത്തേക്കാൾ വലിയ ശബ്ദത്തിൽ അട്ടഹസിക്കുന്നവരെ !

ക്രിസ്ത്യാനികളുടെ മറ്റൊരു തെറ്റിലേക്ക് നോക്കു ! ചിന്തിക്കു ! ഈസ (അ) നെ അവർക്കുവേണ്ടിയുള്ള ഒരു ദൈവമായി മാറ്റിയിരിക്കുന്നു. മറ്റൊരു വിഭാഗത്തിന് അദ്ദേഹത്തെ ശപിക്കപെട്ടവനാക്കി മാറ്റിയിരിക്കുന്നു. മറ്റൊരു പ്രബല വിഭാഗം അദ്ദേഹം ശപിക്കപ്പെട്ടവനാണെന്ന് ദൃഢമായി വിശ്വസിക്കുന്നു. എന്നാൽ ശാപം എന്ന വാക്ക് ഭാഷാപണ്ഡിതന്മാരുടെ മൊത്തത്തിലുള്ള അഭിപ്രായമനുസരിച്ച് അത് ആരോപിക്കപ്പെട്ടവനെ ഏകനായവന്റെ മുൻപിൽ ഹാജരാക്കേണ്ടതാണ്. അതായത് അല്ലാഹു(ത) യിലേക്ക് ഉയർത്തുവാൻ കഴിയില്ലല്ലോ. അല്ലാഹു(ത)യുമായി ഏറ്റവും താണ നിലയിലുള്ള ഒരു ബന്ധം പോലും അവനില്ലല്ലോ. അവന്റെ ഹൃദയത്തിലുമില്ല. അനുസരണത്തിലുമില്ലല്ലോ എന്ന് തീരുമാനിക്കേണ്ടതു അല്ലാഹു ആകുന്നു. എന്നാൽ പിശാചിനെ പറ്റി/ ശൈത്താനെപറ്റി ശപിക്കപ്പെട്ടവനാണ് എന്ന് പറഞ്ഞുകൊള്ളുക. ഈസ(അ)ന് അല്ലാഹു(ത)യുമായുള്ള ഹൃദയബന്ധം പൂർണ്ണമായും ഇല്ലാ തായിരിക്കുന്നു എന്ന് ബുദ്ധിയുള്ള ഒരു മനുഷ്യനു പറയുവാൻ സാധിക്കുമോ? അത് അല്ലാഹുവാണ് എല്ലാ നിലയിലും നിഷേധിക്കേണ്ടത്. അത്ഭുതകരമായ മറ്റൊരു കാര്യം മസീഹിന്റെ ആൾക്കാർ ഒരു ഭാഗത്ത് പറയുന്നു. പുതിയ വേദ ഗ്രന്ഥത്തെ അടിസ്ഥാമാക്കി യൂനുസ് (അ)ന്റെയും ഇസ്ഹാഖ് (അ) ന്റെയും സംഭവം പോലെയാണ് ഈസ(അ)ന്റെയും സംഭവം! എന്നാൽ അവർ വിശ്വസിക്കുന്നത് ഈ ഉദാഹരണ ത്തിനെതിരായാണ്. രണ്ടോ മൂന്നോ ദിവസം യൂനുസ് (അ) പ്രവേശിച്ചതും അവിടെ കഴിഞ്ഞുകൂടിയതും മരണപ്പെട്ടായിരുന്നുവെന്ന് അവർക്ക് നമ്മെ അറിയിക്കുവാൻ സാധിക്കുമോ? ഈ സാഹചര്യത്തിൽ യൂനുസ് (അ) ന്റെ കാര്യത്തിലും യേശു (അ)വിന്റെ കാര്യത്തിലും സംഭവിച്ചതിനിടയിലുള്ള സദൃശ്യം എന്താകുന്നു? ജീവിച്ചിരിക്കുന്നവനും മരിച്ചവനും തമ്മിലുള്ള സദൃശ്യം എവിടെ? ഇസ്ഹാഖിനെ

(അ) നെ യഥാർത്ഥത്തിൽ അറക്കെപ്പട്ടു എന്നും പിന്നീട് ജീവിപ്പിച്ചു എന്നും മസീഹിന്റെ ആൾക്കാർക്ക് നമ്മോട് പറയുവാൻ കഴിയുമോ? ഇല്ലെങ്കിൽ എന്തു ഉപമയാണുള്ളത് ഇസ്ഹാഖ് (അ)നും യേശു (അ)നും ഇടയിലുള്ളത് ?

പുതിയ നിയമത്തിൽ യേശു മസീഹ് പറയുന്നു. അവൻ അവരോട് നിങ്ങളുടെ അല്പ വിശ്വാസം നിമിത്തമത്രെ;നിങ്ങൾക്ക് കടുക് മണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് അങ്ങോട്ട് നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും നിങ്ങൾക്ക് ഒന്നും അസാധ്യമാവുകയില്ല 17:20 അപ്പോൾ അവന്റെ പ്രാർത്ഥന അദ്ദേഹത്തിന്റെ സ്വന്തം രക്ഷയ്ക്കായിരുന്നു. അതെല്ലാം വെറുതെ ആയില്ലേ? ഇപ്പോൾ നിങ്ങൾ ഒന്നു ചിന്തിക്കു! ഇഞ്ചീലിൽ പറഞ്ഞ പ്രകാരം യേശുവിന്റെ വിശ്വാസത്തിന്റെ അവസ്ഥ എന്തായിരുന്നു? നിശ്ചയമായും യേശുവിന്റെ പ്രാർത്ഥന കുരിശിൽ ഭീതിയില്ലാതെ പരിഭ്രമമില്ലാതെ, വേവലാതിയില്ലാതെ മരിക്കാൻ വേണ്ടി ആയിരുന്നില്ല. മരിക്കാൻ വേണ്ടി ആയിരുന്നു എന്നു പറയുന്നത് ഒരിക്കലും ശരിയല്ല. ഗെത്ശെമന എന്ന തോട്ടത്തിൽ വച്ചു നടത്തിയ പ്രാർത്ഥന ഭയം മാറാൻ വേണ്ടി മാത്രമായിരുന്നുവോ? കാര്യം അപ്രകാരമായിരുന്നുവെങ്കിൽ കുരിശിൽ തറച്ചപ്പോൾ എന്തിനാണ് ഇപ്രകാരം പറഞ്ഞത് ; ഏലി, ഏലി ലമ്മാ ഷബക്താനീ? എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്നെ കൈവിട്ടത് എന്ത് ? ഈ വാക്യം അദ്ദേഹത്തിന്റെ ഭയം അദ്ദേഹത്തിൽ നിന്നും ആ സമയത്ത് നീങ്ങിപോയി എന്നാണോ മനസ്സിലാക്കേണ്ടത്? അവഹേളിക്കുന്നതിലൂടെയും നുണപ്രചാരണത്തിലൂടെയും പ്രയോജന മുണ്ടാക്കുവാനുള്ള യത്നമാണോ? യേശുവിന്റെ പ്രാർത്ഥനയിലൂടെ വ്യക്തമായ വാക്കുകൾ ഉൾക്കൊള്ളുന്നത്? പിതാവേ!കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകണമെ! എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല നീ ഇച്ഛിക്കുന്നതുപോലയാകട്ടെ!എന്ന് പ്രാർത്ഥിച്ചു. പ്രസ്തുത പാന പാത്രം അല്ലാഹു അദ്ദേഹത്തിൽ നിന്ന് നീക്കം ചെയ്ത് അദ്ദേഹത്തിന്റെ രക്ഷയ്ക്കാവശ്യമായ വഴികൾ അവൻ തയ്യാർ ചെയ്തു. അതിൽപെട്ടതാണ്, സാധാരണ രീതിയിൽ സംഭവിക്കു ന്നതുപോലെ ഏഴു ദിവസങ്ങൾ കുരിശിൽ തൂങ്ങികിടക്കുന്നതിനിടയാക്കിയില്ല. മറിച്ച് കുരിശിൽ നിന്നും വേഗത്തിൽ ഇറക്കപ്പെട്ടു. പ്രസ്തുത കാരണങ്ങളാൽ, അദ്ദേഹത്തിന്റെ എല്ലുകൾ പൊട്ടിക്കുകയുണ്ടായില്ല, സാധാരണ നിലയിൽ മറ്റാളുകളുടെ എല്ലുകൾ പൊട്ടിക്കുന്നതുപോലെ ! കേവല പീഢനങ്ങളുടെ ഫലമായി അദ്ദേഹത്തിന്റെ ആത്മാവ് വിട്ടുപിരിയുവാൻ സമയമായിട്ടില്ല എന്ന് പൂർണ്ണമായും കണക്കാക്കാവുന്നതാണ്.

നമ്മെ എതിർക്കുന്നവരുടെ വിശ്വാസം ഈസ (അ) ഭൗതിക ശരീരത്തോടെ ആകാശത്തിലേക്ക് ഉയർത്തപ്പെട്ടു എന്നാണ്. കുരിശിൽ നിന്നു സുരക്ഷിതനായി രക്ഷപ്പെട്ടു എന്നുള്ള വിശ്വാസം വിശുദ്ധഖുർആൻ നിരത്തിയ തെളിവുകളാണ്. അതിശക്തമായ തെളിവുകളാണ് ഈ കാര്യത്തിൽ ഖുർആൻ മുന്നോട്ട് വച്ചത്. ഈസ (അ) ന്റെ ദൈവീകത്വം സ്ഥാപിക്കുന്നതിനായി മസീഹിന്റെ ആൾക്കാർ നിരത്തിയ എല്ലാവാദങ്ങളെയും വിശുദ്ധഖുർആൻ തള്ളിക്കളഞ്ഞിട്ടുള്ളതാകുന്നു. പിതാ വില്ലാതെ ജനിച്ചു എന്നതു തന്നെ ദൈവീകത്വത്തിന്റെ തെളിവാണ് എന്ന

അവരുടെ വാദം, ഈ വാദത്തെ, അവരുടെ തെളിവിനെ, വിശുദ്ധഖുർ തള്ളിക്കളഞ്ഞിരിക്കുന്നു. അല്ലാഹു(ത) ഇത് സംബന്ധമായി പറയുന്നു. അല്ലാഹുവിന്റെ പക്കൽ ഈസയുടെ ഉപമ ആദമിന്റെ ഉപമപോലെയാണ്. ആദമിനെ മണ്ണിൽ നിന്നും അവൻ അല്ലാഹു സൃഷ്ടിച്ചു. എന്നിട്ട് അതിനോട് അവൻ പറഞ്ഞു. നീ ഉണ്ടാവുക അപ്പോൾ അവൻ ഉണ്ടായി. ശരീരത്തോടെ ആകാശത്തിലേക്ക് സത്യത്തിൽ ഈസ(അ) കയറി പ്പോയെങ്കിൽ അവിടെ നിന്നും ഇറങ്ങിവരട്ടെ ! ഇത് അദ്ദേഹത്തിനു മാത്രം ചെയ്യാവുന്ന ഒരു കാര്യമാണ്. അദ്ദേഹത്തിന്റെ മഹത്വത്തിനു മേൽ ആരോപിക്കപ്പെട്ട ഒരു കുറ്റമാണ്; പിതാവില്ലാതെ ജനിച്ചതിനേക്കാൾ അധികരിച്ച കുറ്റം. അല്ലാഹുവിന്റെ മുമ്പിൽ നിങ്ങൾ മറുപടി പറയേണ്ടിവരും. വിശുദ്ധഖുർആൻ അതിന്റെ വീക്ഷണം എവിടെയാണ് സമർപ്പിച്ചിട്ടുള്ളത്? എന്നിട്ട് അതിനെ ദുർബലപ്പെടുത്തിയതെവിടെ? അതോ ഈ സവിശേഷമായ കള്ളത്തെ പ്രതിരോധിക്കുവാൻ അല്ലാഹു അശക്തനായോ?

ഇപ്പോൾ നമുക്ക് കുരിശ് വിഷയത്തിലേക്ക് തന്നെ മടങ്ങിപോകാം. നമുക്കു പറയാം സഹാബാക്കൾ ഒരിമിച്ചു കൂടി എടുത്ത പ്രഥമ തീരുമാനം, അവരുടെ വിശ്വാസം, പ്രവാചകന്മാരെല്ലാം മരിച്ചു പോയിരിക്കുന്നു അവരിൽ നിന്ന് ഒരാൾ പോലും ജീവിച്ചിരിക്കാതെ തന്നെ!പ്രവാചകന്മാരുടെ മരണംസംബന്ധമായി സഹാബാക്കൾ എല്ലാവരുടെയും വിശ്വാസം ഇതുതന്നെ ആയിരുന്നു. വ്യക്തമായ ഖുർആന്റെ തെളിവിന് പൂർണ്ണമായും യോജിക്കുന്ന വിശ്വാസം ഇതു തന്നെ ആയിരുന്നു. മസീഹിന്റെ വഫാത്തു സംബന്ധമായി സഹാബാക്കൾ എല്ലാവരും ചേർന്ന് എടുത്ത തീരുമാനത്തിന് ശേഷം അംഗീകരിച്ചിരിക്കുന്നു. ഭൗതിക ശരീരത്തോടെ ഈസ (അ) യുടെ ആഗമനം ഉണ്ടാകുമെന്ന്. ഇത് ഉമ്മത്ത് മുഴുവൻ അംഗീകരിക്കുന്ന തന്നെ എന്നുമുള്ള പ്രസ്താവനയെക്കാൾ വലിയ കള്ളം മറ്റൊന്നില്ല. ഇതു സംബന്ധമായി, സത്യസന്ധമായി പറഞ്ഞ, ഇമാം അഹ്മദ് ഇബ്നുഹമ്പലിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു സഹാബാക്കൾ ഒരു പ്രശ്നത്തെപറ്റി കൂട്ടായ തീരുമാനം എടുത്തതുസംബന്ധമായി, മറിച്ച് പറ യുന്നവൻ പെരുങ്കള്ളനാണ്.

സത്യം ഇതാകുന്നു ഉമ്മത്ത് / സമുദായം മൂന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ തന്നെ 73 കക്ഷികളായി പിരിഞ്ഞു കഴിഞ്ഞിരുന്നു. നൂറു കണക്കിന് വിശ്വാസങ്ങൾ അവരിൽ വ്യാപിച്ചു കഴിഞ്ഞു. അവരിൽ ചിലർ മറ്റു ചിലരെ സ്ഥാനത്തിനു വേണ്ടി നേരിടാൻ തുടങ്ങി. മഹ്ദിയുടെ ആവിർഭാവത്തെയും മസീഹിന്റെ ആഗമനത്തെയും അവർ മാറ്റി മറിച്ചു. അവർ ഇതു സംബന്ധമായി ഒരു വാക്കിൽ പോലും പരസ്പരം യോജിച്ചില്ല. ഈ സംഘത്തിന്റെ അഭിപ്രായത്തിൽ മഹ്ദിഗുഹയിൽ മറഞ്ഞി രിക്കുകയാണ്. ഖുർആന്റെ മൂല പ്രകൃതിയിൽ തന്നെ. ഇനി ഒരിക്കൽ സഹാബാക്കൾ പുനർജനിക്കുമ്പോൾ, അവൻ പ്രത്യക്ഷപ്പെടും, അപ്പോൾ അവരിൽ നിന്നുള്ള ശിക്ഷ അവനു കിട്ടും. അവരുടെ ഖിലാഫത്തിനെ നിഷേധിച്ചകാരണത്താൽ ! അപ്രകാരം അഹ്ലുസുന്നത്തുകാരുടെ അഭിപ്രായത്തിൽ മഹ്ദി ഒരു നിശ്ചിത കുടുംബത്തിൽ ജനിക്കുന്നവനല്ല. അവരുടെ വിശ്വാസമനുസരിച്ച് ആൾരൂപത്തിലല്ല അവന്റെ

ആഗമനം. ഈസ(അ)ന്റെ കാലഘട്ടത്തിൽ അവൻ ആൾരുപത്തിൽ പ്രത്യക്ഷ മാവുകയില്ല. മറ്റു ചിലർ പറയുന്നു. ഫാത്തിമയുടെ സന്താന പരമ്പരയിൽ നിന്നാണ് മഹ്ദിവരുന്നത്. ഇനി വേറെ ചിലരുടെ അഭിപ്രായത്തിൽ അബ്ബാസിന്റെ സന്താന പരമ്പരയിൽ നിന്നാണ് ഉണ്ടാകുന്നത്. ഹദീസിന്റെ അടിസ്ഥാനത്തിൽ ഈ പറയപ്പെട്ടതല്ലാത്ത ചിലരുടെ അഭിപ്രായ പ്രകാരം ഉമ്മത്തിൽ നിന്നുള്ള ഒരാളായിരിക്കും. വേറെ ചിലർ വിശ്വസിക്കുന്നത് മധ്യകാലഘട്ടത്തിലായിരിക്കും അനിവാര്യമായും അവൻ വരുന്നത് എന്നാകുന്നു. അതിനുശേഷമായിരിക്കും വാഗ്ദത്തമസീഹ് വരുന്നത്. അതിന് അവർ അവർക്ക് യോജിച്ച ഹദീസുകൾ നിരത്തുന്നു. മറ്റു ചിലർ വീണ്ടും പറയുന്നു. മസീഹും മഹ്ദിയും രണ്ട് വ്യക്തികളല്ല. മറിച്ച് മസീഹ് തന്നെയാണ് മഹ്ദി. അതിനായി അവർ മുന്നോട്ടു വെയ്ക്കുന്ന ഹദീസ് ലൽമഹ്ദി ഇല്ലാ ഈസ! ഈസ തന്നെയാണ് മഹ്ദി.

അപ്രകാരം ഇനി നമുക്ക് ദജ്ജാലിന്റെ കാര്യം നോക്കാം. ചിലർ വിശ്വസിക്കുന്നു നിശ്ചയമായും ഇബ്ന് സയ്യാദ് അവനാണ് ദജ്ജാൽ അവൻ മറഞ്ഞിരിക്കുകയാണ്. അന്ത്യകാലത്ത് ഇസ്ലാം മതം സ്വീകരിച്ചു. ഇസ്ലാമിൽ തന്നെ അവൻ മരണപ്പെട്ടു. മുസ്ലിങ്ങൾ അവന്റെ മേൽ ജനാസ നമസ്ക്കാരം നിർവ്വഹിക്കുകയുണ്ടായി. ഇനി വേറൊരു പരാമർശത്തിൽ അവൻ അവിടെ നിന്നു പുറപ്പെടുന്നതാണ്. ഈ ഒടുവിൽ പറഞ്ഞ വാക്ക് ശരിയാണ്. എന്നാൽ ഖേദകരമെന്ന് പറയട്ടെ ശുദ്ധവും വ്യക്തവുമാണ് അതെങ്കിലും ഖുർ ആൻ വ്യഖ്യാതാക്കൾ അതിന്റെ അർത്ഥത്തെ കുഴപ്പത്തിൽ ചാടിച്ചു. ദജ്ജാൽ കൊണ്ടുള്ള ഉദ്ദേശം അത് മിശിഹാത്വത്തിന്റെ പ്രേതമാണ്, അതിനെ ക്രീസ്ത്യൻ പള്ളികളിൽ ബന്ധനസ്ഥനാക്കിയിരിക്കുകയായിരുന്നു എന്നതിന് യാതൊരു സംശയവുമില്ല. ദജ്ജാലിയത്തിനെ തിരിച്ചു വിടുന്നതിൽ നിന്നും ദീർഘകാലമായി തടയപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ ഈ അവസാന കാലഘട്ടത്തിൽ, ബന്ധനത്തിൽ നിന്നും അവനെ എല്ലാനിലയിലും മോചിത നാക്കിയിരിക്കുന്നു. അവന്റെ ബന്ധനത്തിന്റെ ചങ്ങല അഴിച്ചു വിട്ടു. അവനു കഴിയും വിധം കടന്നാക്രമിക്കുവാൻ ഇതാ, മറ്റു ചിലർ വിശ്വസിക്കുന്നു ദജ്ജാൽ എന്നത് മനുഷ്യസന്തതിയല്ല, മറിച്ച് അവന് മറ്റൊരു പേരാണുള്ളത്. അത് ശൈത്താൻ എന്നാകുന്നു. ഇവരല്ലാത്ത മറ്റു ചിലർ തീരുമാനിച്ചിരിക്കുന്നു. നിശ്ചയമായും ഈസ (അ) ആകാശത്തിൽ ജീവിച്ചിരിക്കുകയാണ്. മുസ്ലിംകളിലെ മറ്റു ചില വിഭാഗത്തിൽപ്പെട്ട മുഅ്തസില:വിഭാഗം പോലുള്ളവർ അദ്ദേഹം മരണപ്പെട്ടു പോയിരിക്കുന്നു എന്ന് വിശ്വസിക്കുന്നു. പുരാതനകാലം മുതൽ തന്നെ ചില സൂഫിവര്യന്മാർ ദൃഢമായി വിശ്വസിച്ചിരുന്നതുപോലെ, വരുന്ന മസീഹ് കൊണ്ടർത്ഥമാക്കുന്നത്. ഈ ഉമ്മത്തിൽ ഭൂജാതനാകുന്ന ഒരു വ്യക്തി ആയിരിക്കും. ഇപ്പോൾ നിങ്ങളൊന്നു ചിന്തിക്ക്, ഈ സമുദായത്തിൽ ഉണ്ടായിരിക്കുന്ന വിവിധങ്ങളായ അഭിപ്രായ വ്യത്യാസങ്ങളുടെ ആഴങ്ങളെകുറിച്ച്!മസീഹിന്റെ പേരിലും, മഹ്ദിയുടെ പേരിലും, ദജ്ജാലിന്റെ പേരിലും ! ഓരോ വിഭാഗവും, അവരുടെ വിശ്വാസത്തെക്കുറിച്ച്, ഇജ്മാഅ് (കൂട്ടായ പണ്ഡിത തീരുമാനം) ഉണ്ട് എന്ന് വാദിക്കുന്നു. ഈ ആയത്തിനെ തെളിവായി പറഞ്ഞുകൊണ്ട് ഓരോ വിഭാഗവും അവരുടെ കയ്യിലുള്ളതിൽ സന്തുഷ്ടരാകുന്നു. മതവിധികളിൽ

അനേകം അഭിപ്രായ വ്യത്യാസങ്ങൾ പുതുതായി ഉടലെടുക്കുമ്പോൾ, അല്ലാഹുവിൽ നിന്ന് ഒരാളെ നിയോഗിക്കുക എന്നത്, അതിന്റെ പ്രകൃതി തന്നെ ആവശ്യപ്പെടുന്ന ഒരു രീതി ആണ്. ആ കാര്യത്തിൽ വിധി പ്രസ്ഥാവിക്കുവാനായി ! കാരണം ഇത് അല്ലാഹുവിന്റെ സുന്നത്തിൽപ്പെട്ട കാര്യമാണ്. അതു പണ്ടു കാലം മുതൽ നിലനില്ക്കുന്നതുമാണ്. യഹൂദികളിൽ വളരെ വലിയ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായപ്പോൾ അവരുടെ വിധികർത്താവായി, ഈ പിണക്കങ്ങൾ വളരെ വലുതായപ്പോൾ, നമ്മുടെ നേതാവായ റസൂലുല്ലാഹി(സ) യെ അവരുടെ വിധികർത്താവായി, അല്ലാഹു(ത)യിൽ നിന്നും നിയോഗിക്കുകയുണ്ടായി.

ഈ കാലഘട്ടത്തിൽ ലോകം മുഴുവൻ തർക്കങ്ങൾ കൊണ്ട് നിറയ പ്പെട്ടിരിക്കുന്നു. ഇന്ന് യഹൂദികൾ ഒരു കാര്യത്തെപറ്റി ഒന്നു പറയുന്നു നസ്റാക്കൾ മറ്റൊന്നു പറയുന്നു. ഇവിടെ ഇതാ മുഹമ്മദിയ്യാ ഉമ്മത്തിൽ ആഭ്യന്തര തർക്കങ്ങളുടെ വേലിയേറ്റം! മറ്റു ബഹുദൈവ വിശ്വാസികൾ എല്ലാ കാര്യത്തിലും വിഭിന്നങ്ങളായ അഭിപ്രായങ്ങൾ തുടങ്ങിയിരിക്കുന്നു. പുതിയ പുതിയ അഭിപ്രായങ്ങളും പുതിയ പുതിയ വിശ്വാസങ്ങളും! ഈ കാലഘട്ടത്തിൽ അധികരിച്ചിരിക്കുന്നു. ഓരോ വ്യക്തിയുടെയും പ്രത്യേകമായ വഴി എന്ന നിലയിലായി തീർന്നിരിക്കുന്നു.

അല്ലാഹുവിന്റെ സുന്നത്ത്/ചര്യഅനുസരിച്ച്, ഈ ഭിന്നഭിപ്രായങ്ങളിൽ കിടക്കുന്ന ജനതയെ, അവരുടെ ഭിന്നാഭിപ്രായങ്ങളിൽ വിധി കല്പിക്കുവാനായി, ഒരാളെ നിർബന്ധമായും നിയോഗിക്കേണ്ടിയിരിക്കുന്നു. ഈ വിധി കർത്താവിന് വാഗ്ദത്ത മസീഹ് എന്നും അറിയപ്പെടുന്ന മഹ്ദി എന്നും പേര് വയ്ക്കപ്പെട്ടിരിക്കുന്നു. അതായത് മസീഹ് എന്ന് പേർവെച്ചിരിക്കുന്നത്, പുറമെയുള്ള അഭിപ്രായഭിന്നതകളെ മൃദുലവാക്കുകളാൽ നേരെയാക്കുന്നവൻ എന്നർത്ഥത്തിലാകുന്നു. അറിയപ്പെടുന്ന മഹ്ദി എന്ന് പേരും വച്ചിരിക്കുന്നത്, ആഭ്യന്തര അഭിപ്രായ വ്യത്യാസങ്ങളെ നല്ല വാക്കുകളാൽ നേരെയാക്കുന്നവൻ എന്നർത്ഥം അല്ലാഹുവിന്റെ സുന്നത്തിനോടൊപ്പം, അവന്റെ അവകാശം കൂടിയാണ്, തുടർച്ചയായി അയയ്ക്കുക എന്നത് ഹദീസുകളിൽ പറയേണ്ട ആവശ്യമില്ലെങ്കിൽ പോലും നീതിമാനായ ഒരു വ്യക്തി മസീഹ് എന്ന് സ്ഥാനപേരിൽ വരുന്നതാണ് എന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അതോടൊപ്പം ഹദീസു നുബുവ്വത്തിനെ കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു. നിശ്ചയമായും വാഗ്ദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്നും വരുന്നതാണ്. അല്ലാഹു(ത) യിൽ നിന്നും നീതിമാനായ നിലയിൽ വരുന്നതാണ്. അതായത് അല്ലാഹു(ത) അദ്ദേഹത്തെ നിയോഗിക്കുന്ന ജനങ്ങളിലെ ബാഹ്യവും ആന്തരികവുമായ എല്ലാ ഭിന്നതകളെയും ഇല്ലായ്മ ചെയ്യുവനാണ്. അദ്ദേഹത്തിന്റെ മേലുള്ള വിശ്വാസം (വാഗ്ദത്തമസീഹ്) സ്ഥിരീകരിക്കുന്നതാണ്. ഈ വിശ്വാസമാണ് ശരിയായ വിശ്വാസം, മറ്റൊന്നുമായിരിക്കില്ല. കാരണം അല്ലാഹു (ത) അദ്ദേഹത്തിന്റെ സത്യതയും യാഥാർത്ഥവും സ്ഥിരീകരിക്കുന്നതാണ്. അദ്ദേഹം പറയുന്നതെല്ലാം ഉൾകാഴ്ചയിൽ നിന്നുള്ള തായിരിക്കും. വിശ്വാസകാര്യങ്ങളിൽ, അദ്ദേഹത്തെ നേരിടാൻ, അഭിപ്രായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തോട് തർക്കിച്ചു വിജയിക്കുവാൻ ഒരു സംഘത്തിനും കഴിയുകയില്ല. വിശുദ്ധ ഖുർആനിലൂടെ ശുദ്ധീകരിക്കപ്പെട്ടു വന്നിട്ടില്ലാത്ത പരമ്പരാഗതമായ,

സമ്പ്രദായങ്ങളെ പറ്റിയുള്ള ചോദ്യങ്ങൾക്ക്, അതിൽ സംശയമുണ്ടെങ്കിൽ, ആകാലഘട്ടങ്ങളിലെ വിശ്വാസങ്ങളിൽ, ഭിന്നാഭിപ്രായമുള്ള കാര്യങ്ങളിൽ, തീർപ്പുകല്പിക്കുന്നതാണ്. ആഭ്യന്തരമായുള്ള താർക്കികരേയും (മുഹമ്മദിയ്യാ സമുദായത്തിലെ) പുറമെ നിന്നുള്ള താർക്കികരേയും (ജൂത, ക്രൈസ്തവ, ഹൈന്ദവ സമുദായങ്ങൾ) അഭിപ്രായ വ്യത്യാസങ്ങളുടെ ആധിക്യമൂലം അവർക്കെല്ലാ പേർക്കും ഒരു വിധികർത്താവിനെ ആവശ്യമുണ്ടായിരിക്കുന്നതാണ്, അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള മഹോന്നത സാക്ഷ്യം വെളിപ്പെടുന്നതാണ്, ഈസ (അ) ന്റെ കാലത്തും അതിനു ശേഷം നബി (സ) യുടെ കാലത്തും ഉണ്ടായതുപോലെ!അവസാനം വാഗ്ദാനം ചെയ്യപ്പെട്ടകാലത്ത് അത് വീണ്ടും ഉണ്ടാകുന്നതാണ്.

ഇവിടെ അല്ലാഹുവിന്റെ സുന്നത്തിലേക്ക് ഉയർത്തേണ്ടത് അനിവാര്യമായിരിക്കുകയാണ്. അതായത് വലിയ പ്രാധാന്യമുള്ള ഒരു പ്രവാചകന്റെ ആഗമനത്തെ സംബന്ധിച്ച് വാർത്ത വരുമ്പോഴെല്ലാം അതിനെ തുടർന്നു അന്തർലീനമായിരിക്കുന്ന ഒരു പരീക്ഷണം ഉണ്ടാകുന്നതാണ്. ചില ആളുകളുടെ കാര്യം തീരുമാനിക്കുന്നതിനായി ജൂതഗ്രന്ഥങ്ങളിൽ ഈസ(അ) യെ സംബന്ധിച്ച് പ്രവചനം ഉണ്ടായിരുന്നതുപോലെ ! അതായത് ഏലിയ പ്രവാചകൻ രണ്ടാമതും ആകാശത്തു നിന്നും ഇറങ്ങുമ്പോൾ അധികം താമസിയാതെ അദ്ദേഹം വരുന്നതാണ്. ഈ പ്രവചനം മലാഖി പ്രവാചകന്റെ ഗ്രന്ഥത്തിൽ ഇപ്പോഴും കാണാവുന്നതാണ്. യഹൂദികളുടെ വലിയ വീഴ്ചയ്ക്കുള്ള കാരണമിതായിരുന്നു. ആകാശത്തു നിന്നു ഏലിയ പ്രവാചകൻ ഇറങ്ങുന്നതും പ്രതീക്ഷിച്ചിരിക്കുകയാണ്. അവരുടെ യഥാർത്ഥ മസീഹ് വരുന്നതിനു മുൻപ് ഏലിയാ പ്രവാചകൻ ആകാശത്തു നിന്നും ഇറങ്ങേണ്ടതാണ്. എന്നാൽ ഏലിയ പ്രവാചകൻ ഭൂമിയിലേക്ക് ഇന്നുവരേയും മടങ്ങിവന്നില്ല. ഈ നിബന്ധന സത്യപ്പെടുത്തി ക്കൊണ്ട് ഒരു മസീഹും വന്നതുമില്ല. അപ്രകാരം നബി(സ) യെ സംബന്ധിച്ച് തൗറാത്തിൽ ഒരു പ്രവചനമുണ്ടായിരുന്നു. അദ്ദേഹം ജൂതകുടുംബത്തിൽ നിന്നായിരിക്കും വരുന്നതെന്ന് ! അതായത് ഇബ്റാഹീം നബി(അ) യുടെ സന്താനങ്ങളിൽ നിന്നായിരിക്കും വരുന്നതെന്ന് ! അവരുടെ സഹോ ദരങ്ങളിൽ നിന്ന് അവരിലേക്ക് നിയോഗിക്കപ്പെടുന്നതാണ്. ബനീഇസ്റായീലിൽ വന്ന മുഴുവൻ പ്രവാചകന്മാരും ഈ പ്രവചനത്തിൽ നിന്നാണെന്നാണ് അവർ ഗ്രഹിച്ചത്. അവസാകാലത്തിലെ പ്രവാചകന്മാരും ബനീ ഇസ്രായീലിൽ നിന്നായിരിക്കും എന്നാണ് അവർ കരുതിയത്. എന്നാൽ നബി (സ) ജന്മം കൊണ്ടത് ഇസ്മായീൽ സന്താനങ്ങളിൽ നിന്നാണ്. ഈ കാര്യം യഹുദന്മാരുടെ വലിയ വീഴ്ചയ്ക്കു കാരണമയി. തൗറാത്തിൽ വന്നതും വ്യക്തവും ശുദ്ധവുമായ വാക്കുകളിൽ പറഞ്ഞിരുന്നുവെങ്കിൽ ഇങ്ങനെ പറയാമായിരുന്നു, പ്രസ്തുത പ്രവാചകൻ ഇസ്മായീൽ(അ) ന്റെ സന്താനങ്ങളിൽ നിന്നും വരുന്നതാണ്. മക്കയിൽ ജനിക്കുന്നതാണ് അദ്ദേഹത്തിന്റെ പേര് മുഹമ്മദ് എന്നാകുന്നു. അദ്ദേഹത്തിന്റ പിതാവിന്റെ പേര് അബ്ദുല്ലാഹ് എന്നാകുന്നു. അങ്ങനെ ആയിരുന്നുവെങ്കിൽ യഹൂദർ ഈ പരീക്ഷണത്തിൽ അകപ്പെടില്ലായിരുന്നു. ഇവിടെ രണ്ട് ഉദാഹരണങ്ങൾ എടുത്തുകാണിച്ചിരിക്കുന്നു ഇത്തരം പ്രവാചകത്വ പ്രവചനങ്ങളിലൂടെ

നിശ്ചയമായും അല്ലാഹു(ത) തന്റെ ദാസന്മാരെ പരീക്ഷണ വിധേയമാക്കുകയാണ് ചെയ്യുന്നത്. ഏറ്റവും വലിയ അത്ഭുതം, നമ്മെ എതിർക്കുന്നവരുടെ ഭാഗത്ത് മസീഹ് മൗഊദിനെ സംബന്ധിച്ച് എല്ലാ കക്ഷികളുടെയും പക്കൽ ഉള്ള ഹദീസുകളിൽ ധാരാളം അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളതാണ്. മറ്റൊരു ഭാഗത്ത് അദ്ദേഹത്തിന്റെ കാര്യത്തിൽ സമുദായത്തിൽ യോജിച്ച അഭിപ്രായം ഉണ്ട് എന്നു പറയുകയും ചെയ്യുന്നു. നിശ്ചയമായും മസീഹ് ആകാശത്തു നിന്ന് ഇറങ്ങുമെന്നത് തീരുമാനമായ കാര്യമാണ്. എന്നതിൽ അവർ സമാധാന ചിത്തരായി കഴിയുകയാണ്. ആകാശത്തു നിന്നും ഇറങ്ങും എന്നത്, ഒരു രീതിയിലും ബുദ്ധിക്ക് യോജിക്കുന്നില്ല ഖുർആന്റെ തെളിവുകൾക്ക് വിരുദ്ധവുമാണ്. അല്ലാഹു (ത) പറയുന്നു. പറയുക എന്റെ നാഥന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. ഞാൻ മനുഷ്യനായ ഒരു ദൂതൻ മാത്രമാണ് ഭൗതിക ശരീരത്തോട് കൂടി ആകാശത്തേക്ക് ഒരു മനുഷ്യൻ ഉയർന്നുപോകു മായിരുന്നുവെങ്കിൽ, അത് അല്ലാഹുവിന്റെ നടപടി ക്രമവുമായിരുന്നുവെങ്കിൽ, ഖുറൈഷികളായ നിഷേധികളുടെ ഈ ആവശ്യം എന്തേ അല്ലാഹു തിരസ്ക്കരിച്ചു. ഈസ (അ) ഒരു മനുഷ്യനല്ലേ നബി (സ)യും ഒരു മനുഷ്യനല്ലേ? ആകാശത്തിലേക്ക് ഈസ (അ) യെ ഉയർത്തുന്ന സമയത്ത് അല്ലാഹുവിനെ എന്തുകൊണ്ട് ഓർത്തില്ല. ചോദിക്കുന്നവനോട് അല്ലാഹു വാഗ്ദാനം ചെയ്തു നാം ഭൂമിയെ ജീവിച്ചി രിക്കുന്നവർക്കും മരിക്കുന്നവർക്കുമുള്ള ഒരു സ്ഥലമാക്കിയില്ലേ? പെട്ടെന്ന് നല്കിയ ഉത്തരം കണ്ടില്ലേ? നബി (സ) യെ ആകാശത്തേക്ക് ഉയർത്തുന്നതു സംബന്ധമായ ചോദ്യത്തിന് പ്രസ്തുത മറുപടിയെ പറ്റി നിങ്ങൾ ചിന്തിക്കുന്നില്ലേ? അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അറിവുള്ള ഏതൊരാൾക്കും നല്ലതുപോലെ മനസ്സിലാകുന്നതാണ്, അതായത് വിശുദ്ധഖുർആൻ യഥാർത്ഥ്യത്തോടെയും തെളിവോടെയും ഈസ (അ) യുടെ മരണത്തെ സംബന്ധിച്ച് സാക്ഷ്യം പറഞ്ഞിരിക്കുന്നു. അതുപോലെ നബിയുടെ മരണത്തെ സംബന്ധിച്ച് സാക്ഷ്യം പറഞ്ഞിരിക്കുന്നു. അതുപോലെ നബി (സ) യും സ്വയം തന്റെ പ്രവർത്തിയിലൂടെ സാക്ഷി പറഞ്ഞിരിക്കുന്നു. അതായത് ഈസ (അ) യെ ദർശനത്തിൽ വീക്ഷിച്ചതിലൂടെ അദ്ദേഹം വ്യക്തമാക്കുകയുണ്ടായി അതായത് അദ്ദേഹം ഈസ (അ) യെ മരണപ്പെട്ട പ്രവാകന്മാരുടെ കൂട്ടത്തിൽ കാണുകയുണ്ടായി എന്ന ഈ രണ്ടു സാക്ഷ്യങ്ങൾക്കു പുറമെ, ഇതാ മൂന്നാമതൊരു സാക്ഷ്യം കൂടി. അതാ എന്റെ സാക്ഷ്യമാണ്, അല്ലാഹുവിൽ നിന്നുള്ള ഇൽഹാമിലൂടെ അത് സ്ഥിരീകരിച്ചിട്ടുള്ളതാകുന്നു. ആകാശത്ത് നിന്ന് എനിക്ക് വേണ്ടി ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടില്ലായിരുന്നുവെങ്കിൽ, ഭൂമിയിൽ ഞാൻ ഈ സാക്ഷ്യം പറയില്ലായിരുന്നു, അപ്രകാരം പറഞ്ഞാൽ ഞാൻ കളവു പറഞ്ഞവനായിതീരുന്നതാണ്, എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ എനിക്കു വേണ്ടി പ്രത്യക്ഷമായാൽ, അതിന്റെ ആവശ്യകത കാലം എന്നിലേക്ക് വ്യക്തമാക്കുകയും ചെയ്താൽ, അപ്പോൾ അതിന്റെ പ്രതിഫലത്തെ ഞാൻ നിഷേധിക്കുകയും ചെയ്താൽ, അത് മൂർച്ചയുള്ള വാളു കൊണ്ട് കൈവെട്ടുന്നതുപോലെയാണ്.

എനിക്കു വേണ്ടി ചന്ദ്രഗ്രഹണവും, സൂര്യഗ്രഹണവും ഉണ്ടായി. മുൻ

ഗ്രന്ഥങ്ങളിലും, വിശുദ്ധഖുർആനിലും, സഹീഹായ പ്രവാചകവചനങ്ങളിലും പ്രവചിച്ചതനുസരിച്ച് എന്റെ കാലത്തിൽ പ്ളേഗ് പരക്കുകയുണ്ടായി. എന്റെ കാലത്തിൽ പുതിയ വാഹനം കണ്ട്പിടിക്കപ്പെട്ടു. അതായത് തീവണ്ടി എന്റെ പ്രവചന പ്രകാരം ഗോപ്യമായ പ്രകമ്പനങ്ങൾ എന്റെ കാലത്ത് സംഭവിക്കുകയുണ്ടായി. സൂക്ഷമതയുള്ളവർ (മുത്തഖീങ്ങൾ) എന്നെ കളവാക്കുന്നതിന് ധൈര്യ പ്പെടാതിരിക്കേണ്ടതല്ലേ?

അല്ലാഹുവിൽ സത്യം ചെയ്തു ഞാൻ പറയുന്നു ആയിരകണക്കിന് ദൃഷ്ടാന്തങ്ങൾ എന്റ സത്യതയക്കായി പുലർന്നു കഴിഞ്ഞിരിക്കുന്നു. പുലർന്നുകൊണ്ടിരിക്കുന്നു, ഭാവിയിൽ പുലരുന്നതുമാകുന്നു. ഇത് മനുഷ്യന്റെ കുതന്ത്രത്തിൽപെട്ടതാണെങ്കിൽ, ഈ നിലയിൽ സഹായവും ഉറപ്പും ലഭിക്കുമായിരുന്നില്ല. ആയിരകണക്കിന് ദൃഷ്ടാന്തങ്ങൾ മഹോന്നത നിലയിൽ വെളിപ്പെട്ടതിൽ നിന്നും ഒന്നോ രണ്ടോ ദൃഷ്ടാന്തങ്ങൾ സമർപ്പിച്ചുകൊണ്ട്. വിശ്വാസത്തിന്റെയും നീതിയുടെയും ആൾക്കാർ ജനങ്ങളെ വഞ്ചിക്കുന്നവരായി മാററുതായിരുന്നു. പ്രവചനത്തിലെ ഈ ഇന്ന ഇന്ന പ്രവചനങ്ങൾ പുലർന്നിട്ടില്ല എന്നവർക്കു പ്രസ്താവിക്കമായിരുന്നു.

അല്ലയോ മൂഢന്മാരെ!ധിക്കാരത്താൽ അന്ധതബാധിച്ചവരെ! വിശ്വസ്തതയിൽ നിന്നും നീതിയിൽ നിന്നും വിദൂരമാക്കപ്പെട്ടവരെ ! നിങ്ങൾ അല്ലാഹുവിനറെ അടുക്കൽ ഒഴിവുകൾ സമർപ്പിക്കുകയാണോ? ആയിരകണക്കിന് പ്രവചനങ്ങളിൽ നിന്ന് ഒന്നോ രണ്ടോ പ്രവചനങ്ങളുടെ സത്യമായ വഴി നിങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയാത്തതിന് !?ആയതിനാൽ നിങ്ങൾ പശ്ചാത്തപിക്കു!അല്ലാഹുവിന്റെ ദിനങ്ങൾ സമീപ മായിരിക്കുന്നു! അവന്റെ ദൃഷ്ടാന്തങ്ങൾ ഭൂമിയെ കുലുക്കി മറിക്കും അത് പ്രകടമായി തുടങ്ങിയിരിക്കുന്നു.

മുന്നോട്ടു വെച്ച ഈ ദൈവീക ദൃഷ്ടാന്തങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക. ഇതിനെ പ്രതിരോധിക്കുവാനുള്ള വല്ല തെളിവും നിങ്ങളുടെ കയ്യിലുണ്ടോ? എന്നാൽ നിങ്ങൾ സമർപ്പിക്കുന്ന തെളുവുകൾ വിശുദ്ധഖുർആനു വിരുദ്ധമായതാണ്. അതിനെ നേരിടുവാൻ മററു വല്ല ഹദീസുകളും കണ്ടെത്തുക. പൂർണ്ണമായും അതിന് എതിരായ സംഭവങ്ങളാണ് സംഭവിച്ചിരിക്കുന്നത്. നിങ്ങൾ ഭയപ്പെടുന്ന ദജ്ജാൽ എവിടെ? എന്നാൽ പറയപ്പെട്ട ദജ്ജാൽ വലള്ളാല്ലീൻ ആകുന്നു. ഈ ലോകത്തിൽ ഒരോ ദിനവും മുന്നോട്ടു വയ്ക്കുന്ന കാല്പാദങ്ങൾ വളരെ സൂക്ഷിച്ചയായിരിക്കണം. അവന്റെ ഫിത്നയിൽ ആകാശവും ഭൂമിയും പൊട്ടിപിളരുന്നതാണ്. അല്ലാഹുവിനെ കുറിച്ചുള്ള ഭയം നിങ്ങളുടെ ഉള്ളിലുണ്ടാരുന്നുവെങ്കിൽ സൂറ;ഫാത്തിഹയെ കുറിച്ച് മാത്രം ചിന്തിച്ചാൽ മതിയായിരുന്നു. മസീഹ് മൗഊദിന്റെ പ്രവാചകവാദത്തെ തെറ്റായ നിലയിൽ ഗ്രഹിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. ഈ തെറ്റിന്റെ മാതൃക ജൂതരിലും ക്രിസ്ത്യാനികളിലും നിങ്ങൾ കണ്ടിട്ടില്ലേ? നിങ്ങൾക്ക് തെറ്റു പറ്റാതിരിക്കുന്നതെങ്ങനെയാണ്? തന്റെ ദാസന്മാരെ ചിലപ്പോൾ പരീക്ഷിക്കുക എന്നത് അല്ലാഹുവിന്റെ സുന്നത്തിൽപെട്ട കാര്യമല്ലേ? യഹൂദികളെ തൗറാത്തിലുടെയും മലാഖി പ്രവാചകന്റെ പ്രവചനത്തിലൂടെയും നസ്റാക്കളെ ഇഞ്ചീലിലെ പ്രവചനത്തിലൂടെയും പരീക്ഷിച്ചതുപോലെ നിങ്ങളെയും പരീക്ഷിക്കാ

തിരിക്കുമോ? നിങ്ങൾ തഖ്‌വയുടെ വൃത്തത്തിൽ നിന്നും പുറത്തു പോകരുത്. ബനീ ഇസ്റായീലിൽ നിന്ന് അവസാന പ്രവാചകൻ വന്നില്ലേ? അല്ലെങ്കിൽ ഏലിയ പ്രവാചകൻ ഭൂമിയിലേക്ക് മടങ്ങിവന്നോ? യഹൂദികൾ മനസ്സിലാക്കിയതുപോലെ! അവരുടെ പ്രവാകന്മാർ വന്നുവോ? തീർച്ചയായും ഇല്ല. ഈ രണ്ടു കാര്യങ്ങളിലും യഹൂദർ മനസ്സിലാക്കിയത് തെറ്റിപ്പോയി ആയതിനാൽ നിങ്ങൾ ജാഗ്രതയി ലായിരിക്കുക. സൂറ:ഫാത്തിഹായിലൂടെ അല്ലാഹു(ത) നിങ്ങളെ ജാഗ്രത പ്പെടുത്തുന്നു. യഹൂദർക്ക് പറ്റിയതു പോലെ പറ്റാതിരിക്കാൻ നിങ്ങളുടെ വാദം പോലെ യഹൂദർ അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ വാക്കുകളുടെ ബാഹ്യാർത്ഥത്തെ മുറുകെ പിടിക്കുകയായിരുന്നു. എന്നാൽ അവർ ശിക്ഷയാൽ പിടിക്കപ്പെട്ടു. അവരിൽ നിന്നുള്ള ഒരു ന്യായീകരണവും അല്ലാഹു സ്വീകരിച്ചില്ല. വിധി കർത്താവ് പറഞ്ഞത് അവർ സ്വീകരിക്കാത്ത കാരണത്താൽ! ദൃഷ്ടാന്തങ്ങളിൽ നിന്ന് അവർക്ക് യാതൊരു പ്രയോജനവും ഉണ്ടായതുമില്ല.

ചിന്താശേഷിയിൽ നിപുണനായവൻ ചിന്തിക്കട്ടെ ! ഈസ (അ) ന് ശേഷം 7 -ാം നൂറ്റാണ്ടിലാണ് നബി (സ) യെ നിയോഗിക്കപ്പെട്ടത്. ഏഴാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികളുടെയും ജൂതന്മാരുടെയും വിശാലമായ ഭൂപ്രദേശങ്ങളിൽ ദുർമാർഗ്ഗം വ്യാപിച്ചിരിക്കുന്നതായി അല്ലാഹു(ത) മനസ്സിലാക്കുന്നു. ഈ രണ്ട് ജനവിഭാഗങ്ങളിലേക്കും വിധികർത്താവായി റസൂൽ(സ)യെ നിയോഗിക്കുക യുണ്ടായി. മുസ്ലിംകൾക്കു വേണ്ടി നിർണ്ണയിച്ച വിധികർത്താവിന് ആദ്യകാലയളവിന്റെ ഇരട്ടിസമയം അനുവദിക്കുകയുണ്ടായി. അതു സൂചിപ്പിക്കുന്നന് യഹൂദന്മാരും നസ്റാക്കളും 7-ാം നൂറ്റാണ്ട് ആയതൊടെ അവർ കുഴപ്പകാരികളായി മാറി കഴിഞ്ഞിരുന്നു. മുസ്ലിംകളുടെ അവസ്ഥ അതിന്റെ ഇരട്ടികാലയളവാകുന്നതോടെ അവരും കുഴപ്പകാരികളായിതീരും എന്നതിനാൽ, അപ്പോൾ, അവരുടെ വിധികർത്താവിനെ 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ നിയോഗിക്കപ്പെടുന്നതാണ്.

ഞാൻ വിഷയത്തിന്റെ ഉൾഭാഗത്തേക്ക് മടങ്ങുകയാണ്. ഞാൻ മുമ്പ് പറഞ്ഞതുപോല വീണ്ടും പറയുന്നു. സമ്പൂർണ്ണവും പരിപൂർണ്ണവുമായ വെളിപാട് മൂന്നാം വിഭാഗത്തിൽ പെടുന്ന വെളിപാടുകളാണ്. അത് അറിവിന്റെ മൂന്നാം വിഭാഗത്തിൽ പ്രവേശിക്കുന്നതാണ്. പരിശുദ്ധിയാകുന്ന പ്രകാശങ്ങളിൽ സമ്പൂർണ്ണ ആഴങ്ങളിൽ അതിനെ കണ്ടുമുട്ടുന്നതാണ്. ഈ വിഭാഗത്തിൽ പെടുന്ന വെളിപാടുകൾക്ക് ഹഖുൽ യഖീൻ സമ്പൂർണ്ണ ദൃഢജ്ഞാനം എന്നു പറയുന്നു. ഞാൻ തൊട്ടു മുൻപ് പറയുകയുണ്ടായി. ഒന്നാം വിഭാഗത്തിൽ ഉൾപ്പെടത്തിയി രിക്കുന്ന സ്വപ്നം കാണുന്ന ആൾ ഇൽമുൽയഖീൻ (ദൃഢജ്ഞാനം) വരെ മാത്രമെ എത്തുന്നുള്ളു. അത് ഇരുട്ടു മുറ്റിയ രാത്രിയിൽ ഒരാൾ പുക കാണുന്നതുപോലെ മാത്രമാണ്. ഭാവനയിലൂടെ അതു സംബന്ധമായി അവൻ കാര്യങ്ങൾ ഊഹിച്ചു പറയുന്നതിന്, തീരെ ഉറപ്പുണ്ടായിരിക്കില്ല. അവൻ കണ്ടത് വെറും പുകയാണ്, അതിനപ്പുറത്തൊന്നും പറയുവാൻ അവന് കഴിയുകയില്ല. പുകയോട് സാദൃശ പ്പെടുത്താവുന്ന വെറും പൊടി മാത്രമാണിത്. അല്ലെങ്കിൽ അതു പുകമാത്രമാണ്. എന്നാൽ അത് ഭൂമിയിൽ നിന്നും പുറപ്പെടുന്നതാണ്, പക്ഷേ അതിൽ അഗ്നിയുടെ പദാർത്ഥമുണ്ട്. അപ്പോൾ ഈ അറിവ്, ഒരു ബുദ്ധിമാനെ സംബന്ധിച്ചിടത്തോളം ഭാവനയിൽ നിന്നും മുക്തമല്ല. അവനു വേണ്ടി ഒരു വഴി തുറക്കുന്നില്ല. അതായത്

അവന് മുന്നോട്ടു പോകാൻ കഴിയുന്നില്ല. അവന്റെ ഹൃദയത്തിന് അപകട മുണ്ടാകുന്നു. ചിന്താലോകത്ത് മാത്രമാണ്, അറിവിന്റെ ഈ സ്ഥാനത്ത്, സ്വപ്ന ദർശകൻ കാണുന്ന ഇത്തരം സ്വപ്നങ്ങൾ, ബോധനങ്ങൾ, ഇവ നിശ്ചിത തലച്ചോ റിൽ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ മാത്രമാണ്, പ്രവർത്തന മേഖലയുമായി അതിന് ബന്ധമില്ല.

ഇത് ഇൽമുൽയഖീൻന്റെ (ദൃഢജ്ഞാനം) ഉദാഹരണമാണ്. ഈ പദവിയിലുള്ള ഒരാൾ കാണുന്ന സ്വപ്നത്തിലും, ഇൽഹാമിലും, പിശാചിന്റെ ആധിപത്യം, ഭൂരിഭാഗം സമയങ്ങളിലും അവന്റെ ഹൃദയത്തിലുണ്ടായിരിക്കും. അവനെ വഴി തെറ്റിക്കുന്ന സ്വപ്നങ്ങളും ദർശനങ്ങളും മിക്ക സമയങ്ങളിലും അവന്റെ മേൽ പ്രദർശിപ്പിക്കുന്നതാണ്. ഇത്തരം സ്വപ്നം കാണുന്നവൻ സ്വയം ഈ കാര്യം വിലയിരുത്തേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ പിൻപറ്റിയാൽ അല്ലെങ്കിൽ അവരുടെ ദൂതനെ പിന്തുടർന്നാൽ, അവൻ നാശമടയുന്നതാണ്. ചിറാഗുദ്ദീൻ എന്നു പേരായ ജാമൂൻ നിവാസിയായ ദൗർഭാഗ്യവാനായ ഒരു വ്യക്തിയുടെ ഉപമപോലെയാണത്. മുമ്പ് അദ്ദേഹം എന്റെ ജമാഅത്തിലായിരുന്നു. എന്നാൽ തന്റെ നഫ്സിന്റെ കാരണങ്ങളാൽ അദ്ദേഹം നശിച്ചൊടുങ്ങി. അദ്ദേഹത്തിന് പിശാചിൽ നിന്ന് ദുർബോധനം (ഇൽഹാം) ലഭിക്കുകയുണ്ടായി. അദ്ദേഹം മുർസലീങ്ങളിൽപെട്ട ഒരു ദൂതനാണെന്ന് വാദിക്കുകയുണ്ടായി. ഈസ(അ) ദജ്ജാലിനെ വധിക്കാനായി അദ്ദേഹത്തിന് ഒരു വടി കൊടുത്തു എന്ന് പറയുകയുണ്ടായി. എന്നെ അദ്ദേഹം ദജ്ജാലായി കണക്കാക്കി. ഞാനൊരു ലഘുലേഖയിലൂടെ പ്രവചിച്ച പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ പ്ലേഗ് പിടിപെട്ട് അദ്ദേഹവും അദ്ദേഹത്തിന്റെ രണ്ടുമക്കളും ചെറുപ്പത്തിൽ തന്നെ മരണമടയുകയുണ്ടായി. മരണത്തെ തടയുക. ശുദ്ധാ ത്മാക്കളുടെ പിടിവള്ളി എന്ന പേരിൽ ഞാനൊരു ലഘുലേഖനം പ്രസിദ്ധീ കരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മരണദിനങ്ങൾ സമീപിച്ചപ്പോൾ മുബാഹലാ രൂപത്തിൽ അദ്ദേഹം ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ അദ്ദേഹം എന്റെ പേര് എടുത്തു പറയുകയുണ്ടായി അദ്ദേഹം പറഞ്ഞു ഞങ്ങളുടെ ഇടയിൽ കള്ളം പറയുന്നവൻ നശിച്ചൊടുങ്ങട്ടെ! അദ്ദേഹം അദ്ദേഹത്തിന്റെ സന്താനങ്ങളോടൊപ്പം പ്ളേഗ് പിടിപ്പെട്ട് 1906 ഏപ്രിൽ 4-ാം തീയതി മരണപ്പെടുകയുണ്ടായി. ഇൽഹാം കാണുന്ന സമൂഹമേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.

തണുപ്പ് ശക്തമായ, ഇരുട്ട് കട്ടിപിടിച്ച, രാത്രിയിൽ, ദൂരെ നിന്ന് പ്രകാശം കാണുന്നവനെ പോലെയാണ്, രണ്ടാമത്തെ വിഭാഗത്തിൽപെടുന്നവരുടെ അവസ്ഥ. വഴി കാണുന്നതിനുള്ള സഹായം ലഭിക്കുന്നുണ്ടെങ്കിലും, പ്രസ്തുത പ്രകാശം അവന്റെ തണുപ്പ് അകറ്റുന്നതല്ല. ഈ സ്ഥാനത്തെ നമുക്ക് അയ്നുൽ യഖീന് (ദൃശ്യദൃഢജ്ഞാനം) എന്ന് പേർ പറയാം. ഈ സ്ഥാനം കരസ്ഥമാക്കിയ ജ്ഞാനികൾക്ക് അല്ലാഹു(ത)യുമായി ഒരു രീതിയിലുള്ള ബന്ധം കരസ്ഥ മാക്കിയവരാണ്; എന്നാൽ അതു പൂർണ്ണമല്ല. ഈ പദവിയിലുള്ള ആളുകൾക്ക് പൈശാചിക ബോധനങ്ങളുടെ ആധിക്യം കുറവായിരിക്കും. അതുകൊണ്ട് അല്ലാ ഹുമായി ഒരു പരിധി വരെ ബന്ധം ഉണ്ടായിരിക്കും.

മൂന്നാം അവസ്ഥയിൽ, കഠിന തണുപ്പിൽ, അന്ധകാരം മുറ്റിയ രാത്രിയിൽ, അഗ്നിയുടെ പ്രകാശം മനുഷ്യൻ കാണുന്നില്ല എന്ന് കരുതുക. എന്നാൽ അവൻ അഗ്നിയുടെ വൃത്തത്തിൽ പ്രവേശിക്കുകയാണ്. അതിന്റെ സാന്നിദ്ധ്യം യഥാർത്ഥത്തിൽ അവൻ അനുഭവിച്ചറിയുകയാണ്. അതിലൂടെ അവന്റെ തണുപ്പ് നീങ്ങിപോകുന്നു ഇതാണ് സമ്പൂർണ്ണമായ സ്ഥാനം. ഇവിടെ ഭാവനയില്ല ഊഹാ പോഹങ്ങളില്ല ഈ അവസ്ഥയിൽ തളർച്ചയും വിഷാദവും നീങ്ങിപോകുന്നു. ഈ അവസ്ഥയാണ് ഹഖുൽ യഖീൻ (ദൃഢാനുഭവജ്ഞാനം) എന്നു പറയുന്നത് ദൈവീക മഹത്വങ്ങളുടെ വൃത്തങ്ങളിൽ സമ്പൂർണ്ണമായി പ്രവേശിക്കുന്നവരല്ലാതെ മറ്റാരും ഈ സ്ഥാനം കരസ്ഥമാക്കുകയില്ല. ജ്ഞാനപരമായും പ്രവർത്തി പരമായും അവരുടെ അവസ്ഥ നന്നായിരിക്കുന്നതാണ്.

ഈ പദവിയിൽ എത്തുന്നതിന് മുൻപ് അവരുടെ ജ്ഞാനപരമായ അവസ്ഥയും പ്രവർത്തിപരമായ അവസ്ഥയും സമ്പൂർണ്ണതിയിൽ എത്തുകയില്ല. അല്ലാഹു (ത) യുമായി സമ്പൂർണ്ണമായ ബന്ധം കരസ്ഥമാക്കിയവർക്കല്ലാതെ ഈ പദവികരസ്ഥമാക്കുവാൻ സാധിക്കുകയില്ല. വഹ്‌യ് യഥാർത്ഥമായ നിലയിൽ ഗ്രഹിക്കുവാൻ ഒരാൾക്കും സാധിക്കുകയില്ല, മൂന്നാം വിഭാഗത്തിൽപെടുന്ന ഇത്ത രത്തിലുളളവർക്ക് ലഭിക്കുന്ന വഹ്‌യ്‌ലൂടെയല്ലാതെ! പൈശാചികമായ തിരിമറികളിൽ നിന്ന് അവർ മുക്താരുകുന്നതുകൊണ്ടാണത്. അവർ ഭാവനാ ലോകത്തിലായിരിക്കില്ല മറിച്ച് അവർ ദൃഢതയിലും, വ്യക്തമായരൂപത്തിലുമാ യിരിക്കും. അല്ലാഹുവിൽ നിന്ന്, അവൻ, അവർക്കു നല്കുന്ന പ്രകാശമാണത്, അങ്ങനെയുള്ള ആയിരകണക്കിന് ഭാഗ്യം സിദ്ധിച്ചവരാണവർ, അവർ അങ്ങ് വിദൂരതയിൽ നിന്ന് കാണുന്നവരല്ല, മറിച്ച് അവർ പ്രകാശവൃത്തത്തിൽ പ്രവേശിക്കുന്നവരാണ്, അല്ലാഹു (ത)യുമായി പ്രത്യേകമായ ഒരു ബന്ധം അവരുടെ ഹൃദയങ്ങളിൽ ഉണ്ടായിരിക്കും, അതുപോലെ തന്നെ, തന്റെ ദാസന്മാരെ, അവരെ അറിയുവാൻ, അല്ലാഹുവും ഉദ്ദേശിക്കുന്നതുപോലെ! ഇക്കാരണത്താൽ അവരെ ഉറപ്പിച്ചു നിർത്തുവാനും അവരെ സഹായിക്കുവാനും മഹത്തായ ദൃഷ്ടാന്തങ്ങൾ കാണിക്കപ്പെടുന്നു. അവനോട് ഏറ്റുമുട്ടുന്നവരെല്ലാം നാശമടയും. അവരോട് ശത്രുത പുലർത്തുന്നവരെല്ലാം അവരുടെ ചുറ്റിക്ക റങ്ങിലിന്റെ അന്ത്യത്തിൽ മണ്ണായി മാറും. അവരുടെ എല്ലാ വാക്കുകളിലും അല്ലാഹു അനുഗ്രഹം ചെയ്യും. അവരുടെ എല്ലാ പ്രവർത്തനങ്ങളിലും അനുഗ്രഹ മുണ്ടായിരിക്കും, അവരുടെ സ്നേഹിതർ സഹായികളാകും അവരുടെ ശത്രുക്കൾ അവരെ വിട്ടു പോകും, ആകാശവും ഭൂമിയും അവരുടെ സേവനത്തിനായി കീഴ്പ്പെടുത്തിക്കൊടുക്കും. ആകാശഭൂമിയിലുള്ളതിലേക്ക് നോക്കുമ്പോൾ, അവൻ മനസ്സിലാക്കുന്നു. നിശ്ചയമായും അവയ്ക്ക് ഒരു സൃഷ്ടാവ് ഉണ്ട്ന്ന്, അല്ലാഹു (ത) അവർക്കായി വെളിപ്പെടുത്തുന്ന, വിവിധ തരം ദൃഷ്ടാന്തങ്ങൾ, ഉറപ്പുകൾ, വിവിധ തരം സഹായങ്ങൾ ഇവ മതിയായ തെളിവുകളാണ്, ഇവയെല്ലാം ലഭ്യമാകുന്നത് അല്ലാഹുവിന്റെ സവിധത്തിൽ നിന്നാണ് എന്ന് ഗ്രഹിക്കുവാൻ ഒരു ബുദ്ധിമുട്ടുമില്ല. പ്രസ്തുത സഹായത്തിൽ നിന്നും, ഉറപ്പുകളിൽ നിന്നും, ദൃഷ്ടാന്തങ്ങളിൽ നിന്നും അവർ മനസ്സിലാക്കുന്നു, ഈ അനുഗ്രഹാ ധികൃത്തിനും മഹത്വത്തിനും അവനോട് അവൻ മറ്റൊരാളേയും ഒരു രീതിയിലും പങ്കു

ചേർക്കുന്നതുമല്ല. അവർക്കിത് ചെയ്തു കൊടുക്കുന്നത് അവനല്ലാതെ മറ്റൊരാൾക്കും ഇതിൽ പങ്കില്ല എന്നും അവനറിയുന്നു.

അതുപോലെ അവന്റെ സ്നേഹം ഹൃദയങ്ങളിൽ എഴുതിവെയ്ക്കുവാൻ അവൻ ഉദ്ദേശിക്കുന്നു, അവന്റെ സ്വഭാവ വിശേഷങ്ങളാൽ ! അപ്രകാരം അവരുടെ സ്വഭാവ വിശേഷങ്ങളിൽ അതു എഴുതിവെയ്ക്കുമ്പോൾ, അത്ഭുതകരമായ മാറ്റം സംഭവിക്കുന്നു. ആ ഭാഗത്തേക്ക് അവരുടെ ഹൃദയങ്ങൾ ആകർഷിക്കപ്പെടുന്നു. അവർ അപ്പോൾ ഒരു പ്രത്യേക വിഭാഗം ആളുകളായിതീരുന്നു. മരണശേഷം ജീവിക്കുന്നവരായി മാറുന്നു. ഒന്നുമില്ലായ്മയിൽ നിന്നും എല്ലാം ലഭിക്കുന്നു. സത്യസന്ധതയുടെയും സംതൃപ്തിയുടെയും മാർഗങ്ങളിൽ ശക്തരായി അവർ പ്രവേശിക്കുന്നു. പ്രത്യേക നിലയിൽ അല്ലാഹുവിന്റെ സുന്നത്ത് അവർക്കായി പ്രവർത്തിക്കുന്നു. മറ്റൊരു പരിപൂർണ്ണ ഇലാഹ് അവർക്കായി ഉള്ളതുപോലയുള്ള നിലയിൽ അവർ ആയിതീരുന്നു. ഇക്കാര്യം ലോകം അറിയുന്നില്ല. അല്ലാഹു (ത) അവരോട് പ്രത്യേകമായനിലയിൽ ഇടപഴകുന്നു. മറ്റൊരാളോടും അപ്രകാരം അവൻ ഇടപഴകുന്നതുമല്ല. ഉദാഹരണമായി പറഞ്ഞാൽ നമ്മുടെ നേതാവായ ഇബ്റാഹിം(അ), സത്യവാനായ ദാസൻ, അല്ലാഹുവിനോടുള്ള ഉത്തരവാദിത്വങ്ങൾ നിറേവേറ്റി. അപ്പോൾ അല്ലാഹു(ത) എല്ലാ പരീക്ഷണ ങ്ങളിലും അദ്ദേഹത്തെ സഹായിച്ചു. അന്യായമായി അദ്ദേഹത്തെ അഗ്നിയിൽ ഇട്ടപ്പോൾ, അദ്ദേഹത്തിനായി അത് തണുപ്പുള്ളതാക്കി മാറ്റി. ക്രൂരനായ രാജാവ് തന്റെ ഭാര്യയോട് മോശം ചെയ്യുവാൻ ഉദ്ദേശിച്ചപ്പോൾ, മോശം ഉദ്ദേശം പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചപ്പോൾ, ഉടൻ തന്നെ അവരുടെ മുമ്പിൽ ഒരു പരീക്ഷണം ഇറക്കുകയുണ്ടായി. പിന്നീട് തന്റെ പ്രിയമകൻ ഇസ്മായീലിനെ, അല്ലാഹു(ത)യിൽ നിന്നുള്ള കല്പനപ്രകാരം, ഒരു പർവ്വത പ്രദേശത്തെ താഴ്വരയിൽ, വെള്ളമില്ലാത്ത, കൃഷിയില്ലാത്ത, ഭക്ഷണമില്ലാത്ത സ്ഥലത്ത് ഉപേക്ഷിക്കുകയുണ്ടായി. അദൃശ്യമായ നിലയിൽ അല്ലാഹു(ത) ഭക്ഷണവും, ജലവും തയ്യാർ ചെയ്യുകയുണ്ടായി. വ്യക്തമാക്കേണ്ട മറ്റൊരു കാര്യം അനേകം ജനങ്ങളെ അക്രമികൾ കൊലചെയ്യുന്നു, അല്ലെങ്കിൽ ജലത്തിൽ മുക്കികൊല്ലുന്നു. അവർ നല്ലവരായിരിക്കെ, അവർക്കൊന്നും, അല്ലാഹുവിൽ നിന്നുള്ള ഒരു സഹായവും ലഭിക്കുന്നില്ലല്ലോ? അവരിൽ ചില ദുഷ്ടന്മാർ, നിരപരാധികളായ തങ്ങളുടെ ഭാര്യമാരെ, കവർന്നെടുത്തവരുണ്ടാകും, ദാഹപരവശരായി മരുഭൂമിയിൽ മരിക്കുന്നവരുണ്ടാകും, അവർക്കായി അദൃശ്യമായ നിലയിൽ സംസം ജലം തയ്യാർ ചെയ്യുന്നില്ലല്ലോ. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം ഓരോ വ്യക്തിയോടും അല്ലാഹുവിന്റെ ഇടപഴകൽ അവന് അല്ലാഹുമായുള്ള ബന്ധത്തിന്റെ കണക്കനുസരിച്ചായിരിക്കും. അല്ലാഹുവിന്റെ സ്നേഹിതരിലും ചില വിപത്തുകൾ ഇറങ്ങുന്നതോടൊപ്പം അല്ലാഹുവിന്റെ സഹായവും വ്യക്തമായ നിലയിലുണ്ടാകും. അവരുടെ അപമാനവും അവരുടെ നിന്ദ്യതയും ഉണ്ടാകുവാൻ ഒരു സാഹചര്യത്തിലും അല്ലാഹു(ത) യുടെ അഭിമാനബോധം അനുവദിക്കില്ല. ലോകത്തു നിന്ന് അവരുടെ പേരുകൾ മായ്ച്ചുകളയുവാൻ അവരോടുള്ള അവന്റെ സ്നേഹം അനുവദിക്കില്ല.

അത്ഭുതസിദ്ധിയുടെ മൂലതത്വം മനുഷ്യൻ ദൈവത്തിന്റേതായി തീരുക എന്നതാണ്. എല്ലാ അർത്ഥത്തിലും, അവനും അവന്റെ ദൈവവും തമ്മിൽ ഒരു മറയും അവശേഷിക്കാത്ത തരത്തിൽ സമ്പൂർണ്ണതയുടെയും സത്യസന്ധതയുടെയും എല്ലാ സ്ഥാനമാനങ്ങളിലും ചവിട്ടികയറി മറയെ കരിച്ചുകളയത്തക്ക നിലവരാത്തിലെത്തുന്നു. അപ്പോൾ അവൻ അല്ലാഹുവിന്റെ അനന്തരാവകാശിയായി മാറുന്നു. പരമോന്നതനും പരിശുദ്ധനുമായവന്റെ അനന്തരാവകാശി! അവനു വേണ്ടി അല്ലാഹു(ത) പ്രത്യക്ഷനാകുന്നു. ദൃഷ്ടാന്തങ്ങളുടെ ഭാഗമായി ചില ദൃഷ്ടാന്തങ്ങൾ പ്രകടമാക്കുന്നു. തിന്മയെ പ്രതിരോധിക്കുവാനും നന്മയെ കൂട്ടിചേർക്കുവാനുമായിരിക്കും പ്രസ്തുത ദൃഷ്ടാന്തങ്ങൾ. ചിലത് തന്റെ തഫ്സുമയതായിരിക്കാം. മറ്റു ചിലത് തന്റെ ശത്രുക്കളുമായി ബന്ധപ്പെട്ടതായിരിക്കാം. ഇനി മറ്റു ചിലത് തന്റെ ബന്ധുക്കളുമായി ബന്ധപ്പെട്ടതായിരിക്കാം. ഇനി മറ്റു ചിലത് തന്റെ സ്നേഹിതരുമായി ബന്ധിതമായിരിക്കാം. ഇനി മറ്റു ചിലത് തന്റെ ദേശവുമായി ബന്ധിതമായിരിക്കാം. ഇനി വേറെ ചിലത് ലോക പ്രകൃതിയുമായി ബന്ധപ്പെട്ടുള്ളതായിരിക്കാം. വേറെ ചിലത് ഭൂമിയുമായി ബന്ധപ്പെട്ടതായിരിക്കാം. മറ്റു ചിലത് ആകാശവുമായി ബന്ധപ്പെട്ടതായിരിക്കാം. ചുരുക്കത്തിൽ അവനുവേണ്ടി വെളിപ്പെടാത്ത ഒരു ദൃഷ്ടാന്തവും ഉണ്ടായിരിക്കില്ല. ഈ അവസ്ഥയിൽ അവന് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു അധ്വാനവും ഉണ്ടായിരിക്കില്ല. അതിനായി അവൻ ഒരു വാക്കും പറയേണ്ടതില്ല. ഇത്തരം ഒരു അവസ്ഥയിൽ അവൻ യാഥാർത്ഥ്യത്തിൽ എത്തിച്ചേർന്നാൽ, ഭൂമി അവനുമായി മത്സരത്തിനുണ്ടാവില്ല. അവന്റെ മേൽ ഒരുവൻ പതിച്ചാൽ, അവന് ചതവ് പറ്റും. തിരിച്ച് അവൻ അവന്റെ മേൽ പതിച്ചാൽ അവൻ തകർന്നു തരിപ്പണമാകും. കാരണം അവന്റെ കൈ അല്ലാഹുവിന്റെ കയ്യായി മാറുകയാണ്. അവന്റെ മുഖം അല്ലാഹുവിന്റെ മുഖമായി മാറുകയാണ്. അവന്റെ സ്ഥാനത്തെത്തുവാൻ മറ്റൊരാൾക്കും കഴിയുകയില്ല. ഇത് പ്രത്യക്ഷമായ ഒരു കാര്യമാണ്.

ജനങ്ങളിലധികപേരും ദിർഹമുകളും, ദീനാറുകളും സ്വായത്തമാക്കുവാൻ ശ്രമിക്കുന്നു. എന്നാൽ കിഴക്കും പടിഞ്ഞാറും പരന്നുകിടക്കുന്ന ഒരു രാജാവിന്റെ ധനം മോഷ്ടിച്ചാൽ രാജാവിനോട് മത്സരിച്ചാൽ എന്തായിരിക്കും ഫലം? ഈ മോഷണത്തിന്റെ/ മത്സരത്തിന്റെ ഫലം അപമാനവും നിന്ദ്യതയുമല്ലാതെ മറ്റെന്തു കിട്ടുവാനാണ്? ഇത്തരം അതിരുകടന്നു പ്രവർത്തിക്കുന്നവരുടെ അന്ത്യം, നിസ്സംശയം, അവർ നശിച്ചൊടുങ്ങുന്നതാണ്. അവരുടെ കയ്യിൽ അവശേഷിച്ചിട്ടുള്ള കുറെ ദീനാറുകളും ദിർഹമുകളും കണ്ടുകെട്ടുന്നതുമാണ്!

അല്ലാഹുവിന്റെ ഏറ്റവും നല്ല നാമങ്ങളിൽപ്പെട്ട അൽഅസ്സീസ് അഥവാ പ്രതാപമുള്ളവൻ പ്രസ്തുത പ്രതാപം കൊണ്ട് ഒരുവനേയും ആദരിക്കപ്പെടുകയില്ല. അവനോടുള്ള സ്നേഹത്താൽ സ്വയം ഇല്ലാതാക്കുന്നവരെയല്ലാതെ! പ്രതാപവാനും മഹത്വമുടയവനുമായവന്റെ നാമങ്ങളിൽപെട്ട അസ്സാഹിർ അഥവാ വെളിപ്പെടുത്തവൻ എന്ന ഗുണംകൊണ്ട്, പ്രത്യക്ഷമാകൽ എന്ന ഗുണത്താൽ ഒരുവനെയും അനുഗ്രഹിക്കുകയില്ല അവർ അവന്റെ ഏകത്വത്തിന്റെയും ഒറ്റയുടെയും മൂർത്തിമത്ഭാവത്തിലെത്തിയാലല്ലാതെ! അവനോടുള്ള സ്നേഹത്താൽ അവർ ഇല്ലാതാകണം, അങ്ങനെ അവർ അവന്റെ, ഗുണത്തിന്റെ പ്രതിഫലമായി തീര

ണം. അങ്ങനെ അവനിൽ നിന്നുള്ള പ്രകാശം അവരിൽ ഉദിക്കണം. അവന്റെ അറിവിൽ നിന്നുള്ള അറിവ് അവരിൽ ഉണ്ടാകണം. പ്രതാപവാനും മഹത്വമുടയവനുമായ, ഈ സുഹൃത്തിനെ അവർ ഹൃദയംഗമമായും, അവരുടെ ആത്മാവുകളിലഖിലത്തിലും, അവരുടെ സ്നേഹം മഹത്വവൽക്കരിക്കണം, അവൻ ഉദ്ദേശിക്കുന്നതുപോലെ, അവന്റെ തൃപ്തി അവർ ആഗ്രഹിക്കണം.

മനുഷ്യൻ അല്ലാഹുവിനെ ഇബാദത്ത് ചെയ്യുന്നതായി അവകാശപ്പെടുന്നു. സൂജുദിന്റെയും, ഖിയാമിന്റെയും, റുക്കൂഉന്റെയും ആധിക്യം കൊണ്ടു മാത്രം യഥാർത്ഥമായ ഇബാദത്തു നിർവഹിക്കുവാൻ അവന് സാധിക്കുമോ? അല്ലെങ്കിൽ അല്ലാഹുവിന്റെ ദാസന്മാരിൽപ്പെട്ടവനാണ് അവനെന്ന് കണക്കാക്കുവാൻ കഴിയുമോ? അവർ അധികമധികമായി പരിശുദ്ധതയെ ആഗ്രഹിച്ചുകൊണ്ട് ആവർത്തിച്ചാവർത്തിച്ച് പ്രാർത്ഥനകൾ ചെയ്യുന്നവരായാൽ മതിയോ? എന്നാൽ യഥാർത്ഥത്തിൽ, യഥാർത്ഥമായ ഇബാദത്തു നിർവ്വഹിക്കുവാൻ, അല്ലാഹുവിന്റെ സ്നേഹത്തെ തന്നിലേക്ക് ആകർഷിച്ചുകൊണ്ടുവരികയും അങ്ങനെ അവൻ, തന്റെ വഴിയിൽ, അവനെ അങ്ങേഅറ്റം കൊണ്ടു വരികയും ചെയ്യുന്നതുവരെ, അവന് യഥാർത്ഥ ഇബാദത്ത് ചെയ്യുവാൻ കഴിയുകയില്ല.

ഒന്നാമതായി, അല്ലാഹുവിന്റെ സത്തയിൽ പരിപൂർണ്ണമായ ദൃഢത അനിവാര്യമാണ്. അവന്റെ സൗന്ദര്യത്തിലും അവന്റെ നന്മകളിലും സമ്പൂർണ്ണമായ വെളിപെടൽ അവനിൽ ഉണ്ടാകണം. പരിശുദ്ധനും മഹോന്നതനുമായ അല്ലാഹുമായി സ്നേഹബന്ധം നിഷ്ക്കളങ്കമായി പരിപാലിച്ചു നിലനിർത്തണം. അങ്ങനെ ഹൃദയനിലവാരം മഹോന്നതിയിലെത്തിച്ച് സ്നേഹാഗ്നി നിത്യമായി ഹൃദയത്തിൽ നിലനിർത്തണം. ഈ അവസ്ഥാവിശേഷം മുഖകമലത്തിൽ നിത്യമായി നിലനിർത്തി കാണിക്കണം. അല്ലാഹുവിന്റെ മഹത്വം ഹൃദയങ്ങളിൽ നല്ല നിലയിൽ ആലേഖനം ചെയ്തു വെയ്ക്കണം. ഇഹലോകവും അതിനോടു കൂടി ചേരുന്നവയും പുറമേയും പ്രതാപവാനും മഹത്വമുടയവനും ആയവനെ ഉള്ളിലോട്ടു കയറ്റിയും സ്ഥാപിക്കേണ്ടതാണ്. ഭയം നല്കുന്ന എല്ലാത്തിനെയും അവന്റെ, അല്ലാഹുവിന്റെ സത്തയുമായി ബന്ധിക്കണം. അവനുവേണ്ടി, മനുഷ്യൻ, വേദനകൾ ആസ്വാദ്യകരങ്ങളാക്കണം. അവനുമായുള്ള സ്വകാര്യസംഭാഷണം, അവന്റെ സുഖത്തിനുവേണ്ടിയുള്ളതാകണം, പരമോന്നതനായ അവനെകൂടാതെയുള്ള ഒരു കരാറും നിലവിൽ വരരുത്. അപ്രകാരം ഹൃദയസമാധാനം കണ്ടെത്തുകയുമരുത്! ഈ അവസ്ഥ യാഥാർത്ഥ്യമായാൽ, അതിനാണ് യഥാർത്ഥ ഇബാദത്ത് എന്ന് പറയുന്നത്. എന്നാൽ അല്ലാഹുവിന്റെ പ്രത്യേകമായ സഹായമില്ലാതെ ഇത് എങ്ങനെയാണ് യാഥാർത്ഥ്യമാക്കുന്നത്? ഇതിനായി പരമോന്നതനായ അല്ലാഹു നമുക്ക് പ്രാർത്ഥന പഠിപ്പിച്ചു തന്നിരിക്കുന്നു. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം അർത്ഥിക്കുന്നു. ശരിയാണ്! എന്റെ നാഥാ! നിശ്ചയമായും ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു. നിന്നിൽ നിന്നുള്ള പ്രത്യേക സഹായഭാഗ്യം, ഞങ്ങൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ ഞങ്ങൾക്കെങ്ങനെയാണ് നിന്നെമാത്രം ഇബാദത്ത് ചെയ്യുവാൻ സാധിക്കുക? നിശ്ചയമായും അല്ലാഹുവിനെ ആരാധിക്കൽ, ഒരു യഥാർത്ഥ സ്നേഹിതന്റെ കാര്യം പരിഗണിക്കുമ്പോൾ അത് വിലായത്ത് ആകുന്നു. അതിന് ശേഷം മറ്റൊരു സ്ഥാനമില്ല. വിലായത്ത് എന്നു പറഞ്ഞാൽ കാര്യ

ങ്ങൾ ഏറ്റെടുത്ത് നടത്തലാകുന്നു. എന്നാൽ ഈ സ്ഥാനത്ത് എത്തിച്ചേരുവാൻ അല്ലാഹു(ത)യുടെ പ്രത്യേക സഹായമില്ലാതെ സാധിക്കുന്നതല്ല. ഇത് നേടുന്നതി നുള്ള അടയാളം അല്ലാഹുവിന്റെ മഹത്വത്തെ, അവന്റെ സ്നേഹത്തെ ഹൃദയ ത്തിൽ കൊത്തിവെക്കലാണ്. അല്ലാഹു(ത) യുടെമേൽ മാത്രം മനുഷ്യൻ ഭരമേ ല്പിക്കലാണത്, അവനോടുള്ള സ്നേഹം മറ്റാരോടും ഉണ്ടാകാൻ പാടില്ല. എല്ലാ കാര്യങ്ങളിലും അവൻ അവനെ തെരഞ്ഞെടുക്കണം. അവന്റെ സ്മരണ അവന്റെ ജീവിതത്തിലുടെനീളം ഉണ്ടാകണം. ഇബ്റാഹീം(അ) കല്പിക്കപ്പെട്ടതുപോലെ തന്റെ പ്രീയമകനെ തന്റെ കൈകൊണ്ട് അറുക്കുന്നതിനായി, കല്പിക്കപ്പെട്ടാൽ, അല്ലെങ്കിൽ സ്വന്തം ശരീരത്തെ അഗ്നിയിൽ ഇടുവാൻ ആജ്ഞാപിച്ചാൽ, അപ്പോൾ തന്നെ ഈ കഠിനതരമായ കല്പനകളായാലും ശരി അത് നടപ്പിൽ വരുത്തേണ്ടതാ ണ്. തന്റെ സ്നേഹത്തെ ഏല്പിച്ചുകൊടുക്കുക. തന്റെ രക്ഷിതാവിന്റെ തൃപ്തി, പ്രീതികരസ്ഥമാക്കുന്നതിനായുള്ള അവന്റെ പരിശ്രമം തുടരേണ്ടതാണ്. പ്രസ്തുത അനുസരണത്തിന് യാതൊരു അധ്വാനവും ഉണ്ടാകരുത്. നിരുപാധികമായിരി ക്കണം പ്രസ്തുത അനുസരണം. ഈ വഴി വളരെ ഇടുക്കമുള്ളതാണ്, ഞെരുക്കമു ള്ളതാണ്, ഈ പാനീയം വളരെയധികം കയ്പ്പുള്ളതാണ്. വളരെ കുറച്ചുപേർക്കു മാത്രമെ ഈ വാതിലിലൂടെ കടന്നു പോകുവാൻ കഴിയുകയുള്ളു അഥവാ വളരെ കുറച്ചു പേർക്കുമാത്രമേ ഈ കയ്പുള്ള പാനീയം നുകരുവാൻ സാധിക്കുകയുള ളു. വ്യഭിചാരത്തിൽ നിന്നും അകന്നു നില്ക്കുന്നത് അത്രവലിയ കാര്യമൊന്നുമല്ല. അനർഹമായ നിലയിൽ ഒരാളെ വധിക്കുന്നതിൽ നിന്നും മാറി നില്ക്കുന്നതും അത്ര വലിയ കാര്യമൊന്നുമല്ല. ചീത്തകാര്യത്തിനും പരദൂഷണത്തിനും സാക്ഷ്യം വഹിക്കാതെ മാറി നില്ക്കുക എന്നതും അത്ര വലിയ കാര്യമൊന്നുമല്ല. പ്രതാപ വാനും മഹത്വമുടയവനുമായ അല്ലാഹുവിനെ എല്ലാ കാര്യത്തിനും സാക്ഷിയാ ക്കുകയും അല്ലാഹുവിനു വേണ്ടി ലോകത്തിലെ കയ്പേറിയ കാര്യങ്ങൾ തെര ഞ്ഞെടുക്കുകയും ചെയ്യുന്നത്, അല്ലാഹുവിനോടുള്ള സത്യസന്ധമായ സ്നേഹം കൊണ്ടും, യാഥാർത്ഥ്യാധിഷ്ഠിതമായ സംരക്ഷണോദ്യേശ്യത്തോടെയുമായിരി ക്കണം. എന്നാൽ മനുഷ്യന്റെ സൃഷ്ടിപ്പ്, അതായതു അവന്റെ കരംകൊണ്ട്, അവന്റെ നഫ്സിന് വേണ്ടി, കയ്പ്പിന്റെ വഴികൾ തേടുക എന്നത് ഒരു വലിയ പദവി തന്നെയാണ്, എന്നാൽ മഹാസത്യവാന്മാർക്കു മാത്രമെ പ്രസ്തുതപദവി നേടുവാൻ കഴിയുകയുള്ളു. മനുഷ്യൻ കല്പിക്കപ്പെട്ട ഇബാദത്ത് ഇതാകുന്നു. ഈ ഇബാദത്ത് നിർവ്വഹിക്കുന്നവൻ, അവന്റെ പ്രവർത്തിയാൽ അവൻ ഉയരങ്ങൾ താണ്ടുന്നു. ഈ പ്രവർത്തി അല്ലാഹുവിൽ നിന്നുള്ളതാകുന്നു. ഇതിന് അനുഗ്രഹം എന്ന് പേർ പറയപ്പെടുന്നു. പരമോന്നതനായ അല്ലാഹു നമ്മെ വിശുദ്ധഖുർആനി ലൂടെ പഠിപ്പിച്ചതുപോലെ, പ്രസ്തുത പാത ദുആ അഥവാ പ്രാർത്ഥനയാകുന്നു. നീ ഞങ്ങളെ നേർവഴിയിൽ നടത്തേണമെ. നീ അനുഗ്രഹം ചെയ്തവരുടെ വഴി യിൽ. പരമോന്നതനും പരിശുദ്ധനുമായ അല്ലാഹുവിന്റെ സുന്നത്തിൽ പെട്ടകാര്യ മാണ്. അവന്റെ സവിധത്തിൽ ഒരു സേവനം സ്വീകരിക്കപ്പെടുമ്പോൾ, അതിനുള്ള പ്രതിഫലം അവൻ കൊടുക്കുന്നു. നിരുപാധികമായ അനുഗ്രഹം! അപ്പോൾ അവി വേകികകളായവരുടെ സ്ഥിതിയോ ? മറ്റുള്ള സ്വാതികർ ചെയ്യുന്നതിനു തുല്യമാ യതു ചെയ്യുവാൻ അവർക്ക് കഴിയുകയില്ല, എന്നത് ദൃഷ്ടാന്തം തന്നെയാണ്. അതും ദൈവത്തിന്റെ അനുഗ്രഹങ്ങൾ തന്നെയാണ്. അത് അവന്റെ തെരഞ്ഞെടുക്കപ്പെട്ട

ദാസന്മാർക്ക് അവൻ ഇറക്കികൊടുക്കുന്നതാണ്.

"രണ്ടുവരി പാടിയവന്റെ കഴിവ് അപാരം തന്നെ! പേർഷ്യൻ കവിതയുടെ അറബി വിവർത്തനമാണിത്. ജീവിതത്തിലുടനീളം ഇച്ഛയുടെ തടവിലകപ്പെട്ടവനെ, നിന്റെ മനസ്സ് ഇരുണ്ടുപോയിരിക്കെ, ദൈവീക സഹായമാകുന്നു ഭാഗ്യം നിനക്കെങ്ങനെ പ്രാപിക്കാനാണ്! സത്യതയിൽ മൂസാ(അ)യെ പോലെ നീ തുടങ്ങിയാൽ, ഫിർഔനെ മുക്കിക്കൊല്ലുവാൻ നിനക്ക് പ്രയാസമുണ്ടാകില്ല." (കവിതസമാപിച്ചു)

ചുരുക്കിപറഞ്ഞാൽ പരിശുദ്ധവും പരിപാപനവുമായ വെളിപാടാകുന്ന അനുഗ്രഹം മൂന്നാമത്തെ പദവിയിലെത്തുവോളം ഒരാൾക്കും ലഭ്യമാകുന്നതല്ല. തങ്ങളുടെ നിലനില്പ് തന്നെ ഇല്ലാതാക്കി തീർക്കുന്നവർക്കല്ലാതെ വെളിപാടാകുന്ന അനുഗ്രഹം ലഭിക്കുന്നതിൽ വിജയിക്കുവാൻ സാധിക്കുകയില്ല. സ്വന്തം അസ്തിത്വം ഇല്ലായ്മ ചെയ്ത്, അല്ലാഹുവിൽ നിന്നു ലഭിക്കുന്ന ഒരു പുതിയ ജീവിതം, അവർ നേടുന്നവരാണ്. അവരുടെ നഫ്സുമായുള്ള എല്ലാ ബന്ധങ്ങളും അവർ മുറിച്ചുകളയുന്നവരാണ്. പകരം പരമോന്നതനായ അല്ലാഹുമായി സമ്പൂർണ്ണ ബന്ധം അവർ വളർത്തിയെടുക്കുന്നതാണ്. അവരുടെ അസ്തിത്വത്തെ, അവർ ഇലാഹിന്റെ മഹത്വത്തിനായി പ്രദർശിപ്പിക്കുന്നതാണ്. അവർ അല്ലാഹുവിനെ സ്നേഹിക്കുന്നു. അവരുടെ നഫ്സുകളിൽ മറച്ചുവെച്ചിരിക്കുന്ന ആത്മീയലോകം, അല്ലാഹു അവർക്ക് വെളിപ്പെടുത്തികൊടുക്കുന്നതാണ്. പ്രതാപവാനും മഹത്വമുടയുവനുമായ അല്ലാഹു അവരെ സ്നേഹിക്കുന്നു എന്ന്, അവർക്ക് ഉറപ്പുനല്കുന്നു. അവരുടെ തന്നെ മാധ്യമങ്ങളിലൂടെ ദൃഷ്ടാന്തമായി അത് പ്രകടമാക്കുന്നു. ഒരു രീതിയിലും അവരോട് മത്സരിക്കുവാൻ ഈ ലോകം മതിയാകുന്നതല്ല. എല്ലാ സ്ഥലത്തും അവരോടൊപ്പം അല്ലാഹു ഉണ്ട്! എല്ലാ സാഹചര്യത്തിലും അവരെ സഹായിക്കുവാൻ അല്ലാഹുവിന്റെ കരങ്ങളുണ്ട്! ആയിരക്കണക്കിന് ദൃഷ്ടാന്തങ്ങൾ അവരുടെ സഹായത്തിന്റേതായും അവരെ ശക്തിപ്പെടുത്തേണ്ടതിന്റെതായും വെളിപ്പെടുത്തുന്നതാണ്. അവരുമായുള്ള സന്ദർശനത്തിൽ നിലകൊള്ളാത്തവരെല്ലാം എല്ലാ നിലയിലും നശിച്ചൊടുക്കുന്നതാണ്. വളരെ വലിയ അപമാനം ഏറ്റുവാങ്ങേണ്ടി വരുന്നതുമാണ്. കാരണം അവരുടെ ശത്രുക്കളെ അല്ലാഹുവിന്റെ ശത്രുക്കളായി അവൻ കരുതുന്നതുകൊണ്ടാണത്. നിശ്ചയമായും അല്ലാഹു സഹനതയുള്ളവനാകുന്നു. അതുകൊണ്ട്തന്നെ അവന്റെ പ്രവർത്തനവും സഹനതയിലൂന്നിയാണ്. എന്നാൽ അവരോടുള്ള ശത്രുതയിൽ നിന്ന് വിട്ടുനില്ക്കാത്തവർ, മറിച്ച് അവരെ ഉപദ്രവിക്കുന്നതിൽ സഹായികളായി, അഹങ്കാരികളായി, നടക്കുന്നവർ, അവരെ രക്ഷിക്കുവാൻ അല്ലാഹു(ത) വരട്ടെ എന്ന ഉദ്ദേശത്തോടെ, ഇത്തരം സന്ദർഭത്തിൽ, പെൺസിംഹം തന്റെ കുട്ടിയെ കൊല്ലുവാൻ ശ്രമിക്കുന്നവരുടെ മേൽ ചാടി വീഴുന്നതുപോലെ, കോപത്തോടെ, സംരക്ഷിക്കുന്നതിനായി, അവൻ ചാടിവീഴുന്നതാണ്. ഇത്തരം സന്ദർഭത്തിൽ അവരെ പിച്ചിച്ചീന്തി എറിയാതെ വിടുകയില്ല. നിശ്ചയമായും അല്ലാഹുവിന്റെ മിത്രങ്ങൾ, അവന്റെ ഔലിയാക്കൾ അവർക്കറിയാം. വിപത്തുണ്ടാകുമ്പോൾ, അവരെ ആരെങ്കിലും ഉപദ്രവിക്കുവാൻ ഉദ്ദേശിക്കുമ്പോൾ, അവരെ ശിക്ഷിക്കുന്നതിൽ നിന്നും അല്ലാഹു(ത) അവരുടെ മേൽ ഇടിതീയ്യായി ഇറങ്ങുന്നതാണ്. അവന്റെ കോപാഗ്നി അവരെ വലയം ചെയ്യുന്നതാ

ണ്. കൊടുംകാറ്റ് വലയം ചെയ്യുന്നതുപോലെ! നിശ്ചയമായും അല്ലാഹു അവരോടൊപ്പമുണ്ട് എന്ന് വളരെ പെട്ടെന്ന് തന്നെ വെളിപ്പെടുത്തുന്നതാണ്. നിങ്ങൾക്കറിയാവുന്നതുപോലെ അതായത് സൂര്യപ്രകാശവും മിന്നാമിനുങ്ങിന്റെ പ്രകാശവും തമ്മിൽ സാദൃശ്യപ്പെടുത്തുന്നതിൽ ഒരർത്ഥവുമില്ലല്ലോ. ഇതുപോലെ അല്ലാഹു(ത) നല്കുന്ന പ്രകാശവും, ദൃഷ്ടാന്തങ്ങളും, അത് അവൻ അവർക്കുവേണ്ടി പ്രദർശിപ്പിക്കുന്നതാണ്. അത് അവർക്കു, അവൻ നല്കുന്ന, ആത്മീയാനുഗ്രഹങ്ങളാണ്. അത് മറ്റൊന്നുമായി സദൃശികരിക്കാവതല്ല. താരതമ്യപ്പെടുത്താവതുമല്ല. അവർക്ക് തുല്യരായ മറ്റൊരു വ്യക്തിയേയും അവർ കണ്ടെത്തുകയില്ല. അല്ലാഹു(ത) അവരുടെ മേൽ ഇറങ്ങുന്നു. അവരുടെ ഹൃദയങ്ങൾ അവന്റെ സിംഹാസനമായി മാറുന്നു. അങ്ങനെ അവർ പൂർണ്ണമായും മറ്റൊരു വസ്തുവായി മാറുകയാണ്. അവരുടെ പ്രപഞ്ചം ഈ ലോകത്ത് കണ്ടെത്തുവാൻ ആർക്കും കഴിയുകയില്ല.

അപ്പോൾ ഒരു ചോദ്യം ഉന്നയിക്കാവുന്നതാണ്. പരിശുദ്ധനും പ്രതാപവാനുമായ അല്ലാഹു എന്തുകൊണ്ടാണ് അവരുമായി ഈ രീതിയിലുള്ള ഒരു ബന്ധം ശക്തിപ്പെടുത്തിയിരിക്കുന്നത്? അതിന്റെ ഉത്തര ഇതാകുന്നു. അല്ലാഹു(ത) മനുഷ്യപ്രകൃതിയെ സൃഷ്ടിച്ചത് ഒരു പാത്രത്തിന്റെ രൂപത്തിലാണ്. അത് ഏതു രീതിയിലാണെങ്കിലും സ്നേഹത്തിൽ നിന്നും ഒഴിവാക്കാവുന്നതല്ല. അതായത് അതിൽ ഒന്നുമില്ലാതെ ഒഴിവാക്കൽ അസംഭവ്യമാണ് എന്ന് സാരം! ശരീരത്തോടും അതിന്റെ തോന്നലുകളായ ഇച്ഛകളിൽ നിന്നും, ലോകത്തോടും അതിന്റെ അലങ്കാരങ്ങളോടുമുള്ള ഇഷ്ടങ്ങളിൽ നിന്നും, പൂർണ്ണമായും ഹൃദയം ഒഴിവായാൽ, അധർമ്മമായ ഇച്ഛകളിൽ നിന്നും, ന്യൂനതകളിൽ നിന്നും മോചിതമായാൽ, അല്ലാഹു അല്ലാത്തതിനോടുള്ള സ്നേഹവായ്പിൽ നിന്നും മുക്തമായാൽ, അല്ലാഹു(ത) അവന്റെ സ്നേഹം കൊണ്ട് ഹൃദയത്തെ നിറയ്ക്കുന്നതാണ്. അത് അവന്റെ മഹോന്നതയാലും, അവന്റെ സൗന്ദര്യത്താലും, അവന്റെ നന്മകളാലുമായിരിക്കും!

ഇഹലോകം എന്നത്, അത് മടങ്ങിവന്നുകൊണ്ടിരിക്കുന്നതാണ്. പിശാചിന്റെ തണലിന്റെ അടിയിലാണ് അതുകഴിഞ്ഞുകൂടുന്നത്. അക്കാരണത്താൽ സത്യസന്ധർക്ക് അതിനെ സ്നേഹിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അല്ലാഹു(ത) ഒരു കുട്ടിയെ ചുമക്കുന്നതുപോലെ അവൻ കാരുണ്യത്തിന്റെ മടിത്തട്ടിൽ അവരെ ചുമക്കുന്നു. അവർക്കായി അവൻ ഇലാഹിന്റെ ശക്തിപ്രകടനങ്ങൾ കാണിക്കുന്നു. അത് അവർക്ക് നല്കുന്ന സ്വപ്നദർശനത്തിലൂടെയാകാം. കാഴ്ചയുള്ള ഒരോ നയനത്തിനും, അവന്റെ മുഖാരവിന്ദം, ദർശിക്കാവുന്നതാണ്. ചുരുക്കത്തിൽ നിശ്ചയമായും അല്ലാഹു(ത) ഉണ്ട് എന്നതിന് അവൻ പ്രകടമായ തെളിവാണ്. അല്ലാഹു ഉറപ്പായും ഉണ്ട് എന്ന്, പ്രസ്തുത വെളിപ്പെടുത്തലിലൂടെ, അറിയിക്കുകയാണ് ചെയ്യുന്നത്.

ചിന്താശക്തിയുള്ളവൻ, സമ്പൂർണ്ണമായും, വ്യക്തമായും, മൂന്നാം ശ്രേണിയിലെ നിപുണന്മാർ ദർശിക്കുന്നതുപോലെ കാണുന്നതാണ്. അവരുടെ വാർത്തകൾ/എഴുത്തുകൾ അവരല്ലാത്ത മറ്റു വളരെയധികം ആളുകളും സത്യപ്പെടുത്തും. വളരെയധികം മഹത്വപൂർണ്ണമായ കാര്യങ്ങളാൽ അത് ബന്ധിതമായിരിക്കും. അത് ഒരു ഇരമ്പുന്ന സമുദ്രംപോലെ ആയിരിക്കും. അവരുടെ ജ്ഞാനവിജ്ഞാനങ്ങൾ മനുഷ്യകാലം മൊത്തത്തിൽ ഉല്പാദിപ്പിച്ചതിനെക്കാൾ കൂടുതലായിരിക്കും. അല്ലാഹുവിന്റെ വചനങ്ങളിൽ നിന്നും അവരിലൂടെ അറിവുകൾ ഉതിർന്നു വീഴുന്നതാണ്. മറ്റുള്ള

വർക്ക് അപ്രകാരം ചെയ്യുവാൻ കഴിയുന്നതല്ല. കാരണം പരിശുദ്ധവചനങ്ങളാൽ അവർ സഹായിക്കപ്പെടുന്നവരാണ്. അവർക്ക് ജീവനുള്ള ഒരു ഹൃദയം നല്കപ്പെടുന്നു. അതുപോലെ സംസാരിക്കുന്ന ഒരുനാവും അവർക്കായി നല്കപ്പെടുന്നു. അവരുടെ അറിവുകൾ പുറപ്പെടുന്നത്, ഇപ്പോൾ, ഉറവുപൊട്ടിയ ഉറവിടത്തിൽ നിന്നാണ്. അഴുക്കുപുരണ്ട വെറും സംസാരമല്ല. അവരിൽ നിങ്ങൾക്ക് ശുദ്ധമായ മാനുഷിക ചിന്താധാരകൾ ആവോളം ദർശിക്കുവാൻ സാധിക്കുന്നതാണ്. എല്ലാവിധ സഹായ വഴികളാലും അവർ സഹായിക്കപ്പെടുന്നതാണ്. അവരുടെ ഹൃദയങ്ങൾ തുറക്കപ്പെടുന്നതാണ്. അസാധാരണമായ നിലയിൽ ദൈവമാർഗത്തിൽ ധൈര്യം അവർക്ക് ഔദാര്യമായി നല്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള മരണത്തെ അവർ ഭയപ്പെടുന്നവരല്ല. അഗ്നിയിൽ കരിക്കപ്പെടുന്നതിനെ അവർ ഭയപ്പെടുകയില്ല. അവർ നല്കുന്ന പാൽകുടിച്ച്, ലോകം ദാഹശമനം കണ്ടെത്തുന്നതാണ്. ബലഹീന ഹൃദയങ്ങൾക്ക് അവരിലൂടെ സൂക്ഷമത കൈവരുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ട് അവരുടെ ഹൃദയങ്ങൾ പ്രായശ്ചിത്തം ചെയ്യുന്നതാണ്. അവർ അല്ലാഹുവിനു വേണ്ടി മാത്രമുള്ളവരായിതീരുന്നു. അല്ലാഹു അവർക്കുവേണ്ടിയുള്ളവനുമായി മാറുന്നു. ഹൃദയംഗമമായി അല്ലാഹുവിനുവേണ്ടി മാത്രം അവർ വിനയാന്വിതരാകുമ്പോൾ, അവരുടെ പശ്ചാത്താപം സ്വീകരിച്ച്, അല്ലാഹു അവരുടെ നേരെ കാരുണ്യത്തോടെ തിരിയുന്നു. ഉദാഹരണമായി പറഞ്ഞാൽ, അവർ അറിയുന്നു, എല്ലാ മനുഷ്യരോടുമൊപ്പം അല്ലാഹു ഉണ്ട് എന്ന്! എല്ലാ സ്ഥലത്തും അവരോടൊപ്പം അവനുണ്ട്! സത്യം ഇതാണ്! അ ത ാ യത്, അല്ലാഹുവിന്റെ ആളുകളെ കഴിവുറ്റവനായ, ഇലാഹല്ലാതെ, മറ്റാരും അറിയുന്നില്ല. കാരണം അവരുടെ ഹൃദയങ്ങളിലേക്ക് നോക്കുന്നവനാണവൻ. അപ്പോൾ ഹൃദയം അതിൽ മഹത്വമുടയവനും പ്രതാപവാനുമായവനെ, അവൻ അതിൽ കണ്ടെത്തും അവൻ, അതിൽ, യാഥാർത്ഥ്യങ്ങൾ കൊണ്ടു വരും. അത്ഭുതകരമായതും അപരിചിതമായതുമായ പലകാര്യങ്ങളും അവനു വേണ്ടി കാണിക്കപ്പെടും. എല്ലാ സ്ഥലത്തും അവനെ സഹായിക്കുവാനായി അവൻ നിലകൊള്ളും. അവനായി പല ഖുദ്റത്തുകളും (അത്ഭുതസിദ്ധി) കാണിക്കപ്പെടും. അവ ലോകത്ത് മറഞ്ഞുകിടക്കുന്നതായിരിക്കും. അവനു വേണ്ടി വളരെ വലിയ ധനങ്ങൾ/ വിഭവങ്ങൾ കാണിക്കപ്പെടും.

പ്രസ്തുത കാര്യങ്ങൾ ഒരു കൂട്ടുകാരന് മറ്റൊരു കൂട്ടുകാരന് കാണിച്ചുകൊടുക്കുവാൻ കഴിയുകയില്ല. പ്രതാപവാനും മഹത്വമുടയവനുമായ അല്ലാഹു അവർക്ക് അവന്റെ അറിവിൽ നിന്നുള്ള അറിവ് നല്കുന്നതാണ്. അവന്റെ ബുദ്ധിയിൽ നിന്ന് അവന് ബുദ്ധി നല്കുന്നതാണ്. അവനെ അവൻ ഇല്ലാതാക്കി അല്ലാഹുവിൽ ചേർക്കുന്നതാണ്. അങ്ങനെ അവന്റെ മുഴുവൻ ജനങ്ങളുമായുള്ള ബന്ധം മുറിഞ്ഞുപോകുന്നതാണ്. ഇത്തരം ആളുകൾ പരമോന്നതനായ അല്ലാഹുവിന്റെ സ്നേഹത്താൽ മരണം വരിക്കുന്നവരാണ്. അങ്ങനെ അവർ മറ്റൊരു പുതിയ ജന്മം എടുക്കുന്നതാണ്. അവർ അനന്തരമായി പുതിയ നിലയിൽ ഉണ്ടായിവരികയാണ്. അവരുടെ മരണശേഷം! മറ്റുള്ളവരുടെ കണ്ണുകളിൽ നിന്ന്! അല്ലാഹു അവരിൽ മറഞ്ഞിരിക്കുന്നു. പരിശുദ്ധനും പരമോന്നതനുമായ അല്ലാഹു സ്വയം മറഞ്ഞിരിക്കുന്നതു പോലെ! അതോടൊപ്പം അവരുടെ മുഖങ്ങളിൽ അവന്റെ പ്രകാശം

ഇട്ടുകൊടുക്കുന്നതാണ്. അതിലൂടെ അവരുടെ നെറ്റിത്തടങ്ങൾ പ്രകാശമാനമായി തീരുന്നതാണ്. ഒരു ഭയവും അവരിൽ അവശേഷിക്കുന്നതല്ല. അവരിൽ ഒരു വിപത്ത് ഇറങ്ങുകയാണെങ്കിൽ അവർ പിന്മാറുന്നവരല്ല. മറിച്ച് അവർ മുന്നോട്ട് തന്നെ ഗമിക്കുന്നവരാണ്. ഇന്നത്തെ അവരുടെ ദിവസം ഇന്നലത്തെ ദിവസത്തെക്കാൾ ശ്രേഷ്ഠതരമായിരിക്കും. അറിവിന്റെ കാര്യത്തിലും! സ്നേഹത്തിന്റെ കാര്യത്തിലും! അവരുടെ സ്നേഹബന്ധം സ്ഥിരമായി വർദ്ധിച്ചുവരുന്നതാണ്. അവരുടെ അർത്ഥനകൾ മടക്കപ്പെടുന്നതല്ല. അവരുടെ സ്നേഹാധിക്യവും, ഭരമേല്പിക്കലും, സൂക്ഷ്മതയും നഷ്ടം സംഭവിക്കുന്നതുമല്ല. അല്ലാഹുവിന്റെ സ്നേഹത്തിനായി, തൃപ്തിയ്ക്കായി അവർ സ്വയം മരിക്കുന്നവരാണ്. അവർ തൃപ്തിപ്പെട്ടിടത്ത് ഒഴിഞ്ഞുകഴിയുന്നവരാണ്. അതിലൂടെ പരമോന്നതനായ അല്ലാഹുവിൽ നിന്ന് അവർ ആഗ്രഹിക്കുന്നത് അവന്റെ തൃപ്തിയാണ്. അവർ കർട്ടനു പിന്നിൽ മറഞ്ഞിരിക്കുന്നവരാണ്. ലോകം അവരെ കുറിച്ചറിയുന്നില്ല. അവർ അവരിൽ നിന്നും വളരെ വിദൂരതയിലേക്ക് ചേക്കേറുന്നു. അവരെ കീഴ്പ്പെടുത്തുവാൻ അഭിപ്രായം സ്വരൂപിക്കുന്നവരെല്ലാം നശിച്ചൊടുങ്ങുന്നതാണ്. അവരുടെ സ്ഥാനത്തേക്ക് ഒരു കൂട്ടുകാരനോ ഒരു ശത്രുവോ പ്രവേശിക്കുകയില്ല. ഒറ്റയാനും ഏകനുമായ അല്ലാഹുവിന്റെ സംരക്ഷണത്തിൻ കീഴെ അവർ മറഞ്ഞിരിക്കുന്നവരാണ്. അവരുടെ സമ്പൂർണ്ണമായ യാഥാർത്ഥ്യം ഒരാളും അറിയുകയില്ല. അവന്റെ സ്നേഹത്താൽ വലയം പ്രാപിച്ചവരല്ലാതെ! പ്രസ്തുത ആളുകൾ ഇലാഹ് അല്ല. എന്നാൽ അതോടൊപ്പം തന്നെ, അല്ലാഹുവിൽ നിന്ന് ഒരു നിമിഷം പിരിഞ്ഞവരുമല്ല. അവർ ജനങ്ങളിൽ വെച്ച് ഏറ്റവും അധികം അല്ലാഹുവിനെ ഭയപ്പെടുന്നവരാണ്. ജനങ്ങളിൽ വെച്ച് ഏറ്റവും അധികം അല്ലാഹുവിനോട് ചേർന്നു നില്ക്കുന്നവരാണ്. ജനങ്ങളിൽ വെച്ച് ഏറ്റവും അധികം സത്യസന്ധതയുള്ളവരാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ആരോടും ഒന്നും ആവശ്യപ്പെടാത്തവരാണ്. പരിശുദ്ധനും പരമോന്നതനുമായ അല്ലാഹുവിനോട് ജനങ്ങളിൽ വെച്ച് ഏറ്റവും അധികം ഭരമേല്പിക്കുന്നവരുമാണ്. ജനങ്ങളിൽ വെച്ച് ഏറ്റവും അധികം സത്യസന്ധതയുള്ളവരുമാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ആരോടും ഒന്നും ആവശ്യപ്പെടാത്തവരുമാണ്. ജനങ്ങളിൽ വെച്ച് അല്ലാഹുവിനോട് ഏറ്റവും കൂടുതൽ, അല്ലാഹുവിന്റെ, തൃപ്തികാംഷിക്കുന്നവരുമാണവർ. ജനങ്ങളിൽ വെച്ച് അല്ലാഹുവിനോട് ഏറ്റവും കൂടുതൽ സൗഹൃദം പുലർത്തുന്നവരുമാണവർ. പ്രതാപവാനായ തങ്ങളുടെ റബ്ബിനോട് ജനങ്ങളിൽവെച്ച് ഏറ്റവും അധികം സ്നേഹം പുലർത്തുന്നവരുമാണവർ. പരമോന്നതനായ അല്ലാഹുവിനോടുള്ള സ്നേഹബന്ധത്തിൽ പ്രവേശിക്കുന്നവരുമാണവർ! പ്രസ്തുത സ്ഥാനഗരിമ മനുഷ്യനയനങ്ങൾക്ക് കണ്ടെത്താവുന്നതല്ല. പരമോന്നതനായ അല്ലാഹു ഉദാര സഹായത്തിനായി അവരിലേക്ക് നടക്കുന്നു. അപ്പോൾ അവൻ സമ്പൂർണ്ണമായും മറ്റൊരു ഇലാഹ് തന്നെ! അവരുടെ കാര്യങ്ങൾ കാണിക്കപ്പെടുന്നു. ലോകം സൃഷ്ടിച്ചതു മുതൽ മറ്റാർക്കും കാണിച്ചിട്ടില്ലാത്ത (കാര്യങ്ങൾ)!

## (അദ്ധ്യായം III അവസാനിച്ചു)

**************